C18
H. S. 618

മയൂരസന്ദേശം

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE

കേരളവർമ്മ സി. എസ്സ്. ഐ.

KPBD
കമലാലയാ ബുക്ക്ഡിപ്പോ
തിരുവനന്തപുരം. 1

H. S. 618

ശ്രീ

മയൂരസന്ദേശം

മണിപ്രവാളകാവ്യം

(ഏ. ബാലകൃഷ്ണപിള്ള ബി. ഏ. ബി. എൽ-ന്റെ
സന്ദേശകാവ്യങ്ങളെപ്പററിയുള്ള പ്രൗഢമായ ആമുഖത്തോടുകൂടിയതു്.)

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE.

ഗ്രന്ഥകർത്താ

കേരളവർമ്മ, സി. എസ്. ഐ.

വലിയകോയിത്തമ്പുരാൻ.

വ്യാഖ്യാതാവു്

ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

കമലാലയാ ബുക്ക്ഡിപ്പോ,

തിരുവനന്തപുരം-1

Copy Right] [വില 12 ണ

Fourth Edition —1955-May

Printed at the Kamalalaya Printing Works, Trivandrum

...HIGH & TR...
KOTTAYAM.
KERALA STATE.

സന്ദേശകാവ്യം

സന്ദേശകാവ്യങ്ങളുടെ മുന്നണിയിൽ നില്ക്കുന്ന "മയൂരസന്ദേശ"ത്തിനു് കാവ്യലോകത്തിലുള്ള സ്ഥാനം ഗ്രഹിക്കുവാൻ സന്ദേശകാവ്യത്തിന്റെ ഉത്ഭവത്തേയും, വളർച്ചയേയും, ഗുണദോഷങ്ങളേയും പററി ചില വിവരങ്ങൾ അറിഞ്ഞേ മതിയാവൂ. അതു് ഇവിടെ വിവരിക്കുന്നു.

ഉത്ഭവം.

ഇതുവരെ നമുക്കു ലഭിച്ചിട്ടുള്ള സന്ദേശകാവ്യങ്ങളിൽ വച്ചു് ഉത്തമവും ഏററവും പ്രസിദ്ധവും ഏററവും പ്രാചീനവുമായതു് കാളിദാസമഹാകവിയുടെ "മേഘദൂതു്" ആകുന്നു. "എന്തോ താൻ പിഴചെയ്കയാൽ ദയിതയും ശ്രീയും പിരിഞ്ഞൊററയായേയൊരാണ്ടൊളമരണ്യവാസ"ത്തിനു് യക്ഷന്മാരുടെ രാജാവായ കുബേരൻ വിധിക്കുകയാൽ അളകാപുരി വിട്ടു രാമഗിരിയിൽ വന്നു പാക്കുന്ന ഒരു യക്ഷൻ തന്റെ പ്രിയതമയുടെ അടുക്കലേക്കു് ഒരു സന്ദേശവും കൊടുത്തു് ഒരു മേഘത്തെ പറഞ്ഞയയ്ക്കുന്നതാണു് മേഘദൂതിലെ കഥാവസ്തു. ഇങ്ങിനെ നിർജ്ജീവങ്ങളായ സാധനങ്ങളേയോ, ജന്തുക്കളെയോ പ്രേമസന്ദേശവാഹകരാക്കി അയയ്ക്കുന്നതും വിപ്രലംഭശൃംഗാരം മികച്ചുനില്ക്കുന്നതുമായ ഒരു കാവ്യമാണു് സന്ദേശകാവ്യമെന്നു തല്ക്കാലം സാമാന്യമായി പറഞ്ഞുകൊള്ളുന്നു. ഈ ആശയത്തിനു് കാളിദാസൻ ആരോടാണു്, ഏതു കൃതിയോടാണു കടപ്പെട്ടിട്ടുള്ളതെന്നു ഖണ്ഡിച്ചുപറയുവാൻ നിവ്വാഹമില്ല. ഋഗ്വേദസംഹിതയിലെ പത്തു മണ്ഡലങ്ങളിൽവച്ചു് ഒടുക്കം രചിക്കപ്പെട്ട പത്താം മണ്ഡലത്തിൽ പ്രസ്താവിച്ചിരിക്കുന്ന സരമാ എന്ന നാമം സാർമേഷ്യൻ എന്ന ചരിത്രകാലത്തെ പ്രസിദ്ധരായ വർഗ്ഗക്കാരുടെ പൂർവ്വികനേയല്ല സൂചിപ്പിക്കുന്നതു് എന്നു വന്നാൽ യുക്തിശൂന്യരായ ജന്തുക്കളെ സന്ദേശവാഹകരാക്കുന്ന ആശയം അതിലാണു് ആദ്യമായി കാണുന്നതു് എന്നു പറയാം. അതിൽ സരമാ എന്ന ശ്വാവു് ആര്യേതരരായ പണികൾ എന്ന വർഗ്ഗക്കാരുടെ അടുക്കലേയ്ക്കു് ഒരു സന്ദേശം വഹിച്ചുകൊണ്ടു പോകുന്നതായി പ്രസ്താവിച്ചിരിക്കുന്നു. "കാമവിലാപജാതകം" എന്ന ബൌദ്ധജാതകകഥയിൽ ആപത്തിൽപെട്ട ഒരുത്തൻ തന്റെ ഭാര്യയ്ക്കു് ഒരു കാക്കമുഖേന സന്ദേശമയയ്ക്കുന്നതു് നമുക്കു കാണാവുന്നതാണു്. രാമായണത്തിൽ ശ്രീരാമൻ സീതയുടെ അടുക്കലേയ്ക്കു ഹനുമാനെ സന്ദേശവും കൊടുത്തു് അയയ്ക്കുന്നതും, മഹാഭാരതത്തിൽ നളൻ ദമയന്തിയുടെ അടുക്കലേയ്ക്കു് ഒരു അരയന്നത്തെ ദൂതനായി അയയ്ക്കുന്നതും,

കാളിദാസനു സന്ദേശകാവ്യസൃഷ്ടിയിൽ മാതൃകയായിത്തീൎന്നിരിക്കാം. ഏറിയക്രമം രാമായണത്തിലെ ഹനുമദ്ദൂതിനെയാണു് കാളിദാസൻ മാതൃകയാക്കിയതെന്നു് "ഇത്യാഖ്യാതേ പവനതനയം മൈഥിലീവോന്മുഖീസാ" എന്ന മേഘദൂതിലെ ഭാഗത്തിൽനിന്നും ഇങ്ങനെ ഒരു ഐതിഹ്യമുണ്ടെന്നുള്ള മല്ലിനാഥന്റെ വാക്കുകളിൽനിന്നും അനുമാനിക്കാവുന്നതാണു്. മല്ലിനാഥനു മുൻപുള്ള പ്രസിദ്ധ വ്യാഖ്യാതാവായ ദക്ഷിണാവൎത്തനാഥനും ഈ പക്ഷക്കാരൻ തന്നെ. സാധാരണ സന്ദേശകാവ്യങ്ങളുടെ അംഗങ്ങളായ മാൎഗ്ഗനിർദ്ദേശം, നായികാദർശനം, ദൂതകൃത്യം, അടയാളവാക്യം മുതലായവയെ ചില സാരമായ വ്യത്യാസങ്ങളോടുകൂടി രാമായണത്തിലെ ഹനുമദ്ദൂതിൽ കാണാവുന്ന വസ്തുതയും ഇവിടെ സ്മരണീയമാണു്.

മുകളിൽ പറഞ്ഞ കാമവിലാപജാതകത്തിലെ കഥയും കാളിദാസൻ കേട്ടിരിക്കാം. മഹായാനബൌദ്ധമതപ്രചാരകനും സുപ്രസിദ്ധനുമായ നാഗാൎജ്ജുനാചാൎയ്യന്റെ "പ്രജ്ഞാമൂലശാസ്ത്രടീക"യെ ചീനഭാഷയിലേയ്ക്കു് എ. ഡി. 196-നും 222-നും ഇടയ്ക്കു തൎജ്ജിമ ചെയ്ത ഹ്സുകൻ (HSUKAN) എന്ന ചീനൻ, ഒരു വിരഹിണിയായ സ്ത്രീ തന്റെ പ്രിയതമനു് ഒരു സന്ദേശം വഹിച്ചുകൊണ്ടുപോകുവാൻ ഒരു മേഘത്തോടു് ആവശ്യപ്പെട്ടു എന്നു പറഞ്ഞിട്ടുള്ളതായി ഡാക്ടർ ജൈൽസിന്റെ ചീനസാഹിത്യചരിത്രത്തിൽ പ്രസ്താവിച്ചുകാണുന്നു. പ്രസ്തുത വിദേശമാതൃക കാളിദാസൻ അറിഞ്ഞിട്ടില്ലെന്നു വന്നേയ്ക്കാം. വിക്രമാദിത്യപണ്ഡിതസദസ്സിൽ കാളിദാസനെപ്പോലെ ഒരു അംഗമായിരുന്ന ഘടകൎപ്പരന്റെ "യമകകാവ്യ"ത്തിലുള്ള ആശയത്തെ ആസ്പദീകരിച്ചാണു് അദ്ദേഹം മേഘദൂതു രചിച്ചതെന്നു് ഒരു പക്ഷമുണ്ടു്. വിരഹിണിയായ ഒരു നാരി തന്റെ വിരഹദുഃഖത്തെ ഭൎത്താവിനെ അറിയിക്കാൻ വൎഷാരംഭത്തിൽ ഒരു മേഘത്തോടു പറയുന്നതായി ഘടകൎപ്പരന്റെ പ്രസ്തുത കാവ്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു. വിക്രമാദിത്യസദസ്സിലെ നവരത്നഐതിഹ്യം വിശ്വാസയോഗ്യമാണെന്നു വിചാരിക്കുവാൻ മതിയായ കാരണങ്ങളുള്ളതിനാൽ ഈ അഭിപ്രായം ശ്രദ്ധേയമാണെങ്കിലും, സമകാലീനരായ ഈ രണ്ടു കവികളിൽ ആരാണു് ആരെ അനുകരിച്ചതെന്നു് ഇന്നത്തെ നമ്മുടെ പരിമിതമായ അറിവിന്റെ സ്ഥിതിക്കു പറയാവുന്നതല്ലെന്നു മാത്രമേ ഇതിനെപ്പററി ഇവിടെ പറയുന്നുള്ളു.

ക്രിസ്താബ്ദം ഏഴാംശതകത്തിന്റെ പൂർവാൎദ്ധത്തിൽ, അതായതു്, കാളിദാസന്റെ കാലത്തിൽ നിന്നു് ഒരു ശതവർഷത്തിനകം, ജീവിച്ചിരുന്നിരിക്കാൻ ഇടയുണ്ടെന്നു് ഈ ലേഖകൻ വിചാരിക്കുന്ന ആലങ്കാരി

കനായ ഭാമഹൻ, തൻെറ "കാവ്യാലങ്കാര"ത്തിൽ, മേഘമാരുതാദി കളെ ദൂതന്മാരാക്കുന്ന സമ്പ്രദായം മേധാവികളായ കവികൾപോലും സ്വീകരിച്ചിരിക്കുന്നതിനെ ചുവടെ ചേക്കുന്ന പ്രകാരം ആക്ഷേപിച്ചിരിക്കുന്നു:—

"അയുക്തിമദ്യഥാ ദൂതാ ജലഭൃന്മാരുതാദയഃ
തഥാ ഭ്രമരഹാരീത ചക്രവാകശുകാദയഃ
അവാചോ ƒ വ്യക്തവാചശ്ച ദൂരദേശവിചാരിണഃ
കഥം ദൗത്യം പ്രപദ്യേരന്നിതി യുക്ത്യാ ന യുജ്യതേ.
യദി ചോൽകണ്ഠയാ തത്തദുന്മത്ത ഇവ ഭാഷതേ
തഥാ ഭവതു ഭൂമ്നേദം സുമേധോഭി പ്രയുജ്യതേ."

ഇതിൽ നിന്നും മേഘദൂതു പുറപ്പെട്ടതു മുതല്ക്കുതന്നെ പല കവികളും അതിൻെറ രസസ്ഫൂത്തിയും പൂതുമയും കണ്ടു ഭ്രമിച്ചു് അതിനെ അനുകരിച്ചു് സന്ദേശകാവ്യങ്ങൾ, അഥവാ ദൂതകാവ്യങ്ങൾ രചിച്ചു എന്നു വിചാരിക്കാവുന്നതാണു്. ഇവയിൽ പലതും ഹപാട്ടുക്കവിതക ളായിരുന്നിരിക്കുവാൻ ഇടയുണ്ടു്. മേഘദൂതിലെ സന്ദേശമെന്ന ആശയത്തെ അതിൻെറ പുറപ്പാടുകാലത്തിൽ നിന്നു് അധികം താമസിക്കാതെ കവന്നവരിൽ ഒരാൾ ഏ. ഡി. എട്ടാം ശതാബ്ദത്തിൻെറ പൂർവാർദ്ധത്തിൽ ജീവിച്ചിരുന്ന ഭവഭൂതി ആയിരുന്നു. ഇദ്ദേഹത്തിൻെറ "മാലതീമാധവ"ത്തിൽ ൯-ാം അങ്കത്തിൽ

"ദൈവാത് പശ്യേർജഗതി വിചരന്നിച്ഛയാ മത്പ്രിയാം ചേദ്
ആശ്വാസ്യാദൌ തദനു കഥയേർമാധവീയാമവസ്ഥാം"

എന്നുള്ള ശ്ലോകാൎദ്ധത്തിൽ കഥാനായകനായ മാധവൻ നായികയായ മാലതിയോടു് തൻെറ ദയനീയമായ അവസ്ഥ അറിയിക്കാൻ ഒരു മേഘത്തോടു പറയുന്നതായി കാണാവുന്നതാണു്. ഇതിനെത്തുടന്നു് കർണ്ണാടകത്തിലെ ജിനസേനനെന്ന ജൈനകവി മേഘദൂതിലെ ശ്ലോകങ്ങളെ എല്ലാം സമാസ്യാപൂത്തിരൂപേണ ഉൾക്കൊള്ളിച്ചിട്ടുള്ളതും, ജൈനതീൎത്ഥങ്കരന്മാരിൽ ഒരാളായ പാർശ്വനാഥൻെറ ജീവചരിത്രത്തേയും മതസിദ്ധാന്തങ്ങളേയും വിവരിക്കുന്നതുമായ പാർശ്വാഭ്യുദയമെന്ന കാവ്യം ഏ. ഡി. ൯-ാംശതകത്തിൽ രചിക്കയുണ്ടായി. വിപ്രലംഭശൃംഗാരത്തിനു സർവതോമുഖമായ പ്രാധാന്യം നല്കിയിട്ടുള്ള സന്ദേശകാവ്യങ്ങൾ നമുക്കു ലഭിച്ചിട്ടുള്ളവയിൽ, മേഘദൂതു കഴിഞ്ഞാൽ ഏററവും പ്രാചീനമായതു്, ഏ. ഡി. 12-ാം ശതാബ്ദത്തിൽ ബംഗാളത്തെ ഭരിച്ചിരുന്ന സേനവംശരാജാവായ ലക്ഷ്മണസേനൻെറ പണ്ഡിതസദസ്സി

ലെ കവികളിൽ ഒരാളായ ധോയിയുടെ "പവനദൂത"മാകുന്നു. ലക്ഷ്മണസേനനിൽ അനുരക്തയായി ദക്ഷിണാപഥത്തിലെ മലയപർവതത്തിൽ വസിക്കുന്ന ഒരു ഗന്ധർവസ്ത്രീ പവനന്റെ പക്കൽ ഒരു സന്ദേശവും കൊടുത്തു് ആ രാജാവിന്റെ സമീപത്തേക്കു് പവനനെ അയക്കുന്നതത്രേ ഇതിലെ കഥാവസ്തു.

"പവനദൂത"ത്തിനു ശേഷവും അനവധി സന്ദേശകാവ്യങ്ങൾ മേഘദൂതിനെ അനുകരിച്ചു് സംസ്കൃതത്തിലും നാട്ടുഭാഷകളിലും ഉണ്ടായിട്ടുണ്ടു്. സംസ്കൃതത്തിലുള്ള സന്ദേശകാവ്യങ്ങൾ നമുക്കു ലഭിച്ചിട്ടുള്ളവയിന്റെ ഒരു പട്ടിക ഇവിടെ ചേർത്തുകൊള്ളുന്നു.

പട്ടിക. കാളിദാസന്റെ മേഘദൂതു് (എ. ഡി. 6-ാം ശതകം), ധോയിയുടെ പവനദൂതം (12-ാംശതകം), വൈഷ്ണവാചാര്യനായ വേദാന്തദേശികന്റെ ഹംസസന്ദേശം (14-ാം ശതകം), കേരളീയനായ ലക്ഷ്മീദാസന്റെ (അഥവാ, കരിങ്ങമ്പള്ളി നമ്പൂതിരിയുടെ) ശുകസന്ദേശം (15-ാം ശതകം?), ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശം (15-ാം ശതകം), ജൈനകവിയായ മേരുതുംഗന്റെ മേഘദൂതു് (15-ാംശതാബ്ദത്തിൽ ജീവിച്ചിരുന്ന ഇദ്ദേഹം സുപ്രസിദ്ധനായ "പ്രബന്ധചിന്താമണി"കർത്താവായ മേരുതുംഗനല്ല), ചൈതന്യന്റെ ശിഷ്യനായ രൂപഗോസ്വാമിയുടെ ഹംസദൂതും, ഉദ്ധവസന്ദേശവും (16-ാം ശതകം), ജൈനകവിയായ വിനയവിജയഗണിയുടെ ഇന്ദുദൂതം (17-ാം ശതകം), വാദിചന്ദ്രസൂരിയുടെ പവനദൂതം (17-ാംശതകം), കേരളീയനായ വാസുദേവകവിയുടെ ഭൃംഗസന്ദേശം (17-ാംശതകം), മേഘവിജയന്റെ മേഘദൂതസമസ്യാലേഖ (17-ാംശതകം), വൈദ്യനാഥഭട്ടാചാര്യന്റെ തുളസീദൂതു് (18-ാംശതകം), മേഘദൂതു കഴിഞ്ഞാൽ ബംഗാളികൾ ഏറ്റവും ഇഷ്ടപ്പെട്ടിരുന്നതും വൃന്ദാവനത്തിലെ ഗോപിമാർ മധുരയിലുള്ള ശ്രീകൃഷ്ണന്റെ അടുക്കലേക്കു് അദ്ദേഹത്തിന്റെ ചുവടടയാളത്തെ ദൂതനാക്കി അയയ്ക്കുന്നതും ആയ കൃഷ്ണസാർവഭൌമന്റെ പദാങ്കദൂതു് (18-ാംശതകം) മാധവശർമ്മന്റെ ഉദ്ധവദൂതം, ഭട്ടവാമനന്റെ ഹംസസന്ദേശം, രഘുനാഥദാസന്റെ ഹംസദൂതു്, കവീന്ദ്രാചാര്യസരസ്വതിയുടെ ഹംസദൂതു്, ബംഗാളിയായ രാമഗോപാലന്റെ കീരദൂതം, നൃസിംഹന്റെ കോകിലസന്ദേശം, വെങ്കടാചാര്യരുടെ കോകിലസന്ദേശം, കൃഷ്ണചന്ദ്രതർക്കാലങ്കാരന്റെ ചന്ദ്രദൂതു്, ജംബൂകവിയുടെ ചന്ദ്രദൂതു്, വിനയപ്രഭുവിന്റെ ചന്ദ്രദൂതു്, ജൈനനായ വിക്രമകവിയുടെ നേമിദൂതു്, ഭോലാനാഥന്റെ പാന്ഥദൂതു്, കാളീപ്രസാദന്റെ ഭക്തിദൂതി, രുദ്രന്യായവാചസ്പതിയുടെ ഭ്രമരദൂതു്, ബംഗാളിയായ വിഷ്ണുദാ

സന്റെ മനോദൂതു്, ത്രൈലംഗവ്രജനാഥന്റെ മനോദൂതു്, രാമരാമന്റെ മനോദൂതു്, രംഗാചാര്യരുടെ മയൂരസന്ദേശം, രംഗാചാര്യരുടെ ശുകസന്ദേശം, മന്ത്രിവിക്രമന്റെ മേഘദൂതു്, ലക്ഷ്മണസൂരിയുടെ വിപ്രസന്ദേശം, അവധൂതരാമന്റെ സിദ്ധദൂതു്, നാരായണന്റെ സുഭഗസന്ദേശം, ഹരിഹരഭട്ടന്റെ ഹൃദയദൂതു്, ബംഗാളിയായ കൃഷ്ണനാഥന്യായപഞ്ചാനന്റെ വാതദൂതു്, (19-ാംശതകം), യാദവചന്ദ്രവിദ്യാരത്നന്റെ ശുകദൂതം (19-ാംശതകം), ദാധീചബ്രഹ്മദേവശർമ്മന്റെ പികസന്ദേശം, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ വിപ്രസന്ദേശം, മണ്ഡിക്കൽ രാമശാസ്ത്രികളുടെ മേഘപ്രതിസന്ദേശം, ത്രൈലോക്യമോഹനഗുഹനിയോഗി കവികീർത്തിയുടെ മേഘദൌത്യം എന്നിവയാണു് ഗ്രന്ഥകർത്താവിന്റെ പേരുകൂടി നമുക്കു കിട്ടിയിട്ടുള്ള സംസ്കൃതസന്ദേശകാവ്യങ്ങൾ. കാളിദാസന്റെ മേഘദൂതിന്റെ പൂരണങ്ങളായി വിചാരിക്കാവുന്ന ഒടുക്കം പറഞ്ഞ രണ്ടും 20-ാംശതാബ്ദത്തിലെ കൃതികളാണു്. ഒരു നല്ല ആധുനികസന്ദേശകാവ്യമായ മേഘപ്രതിസന്ദേശത്തിൽ, മേഘദൂതിലെ നായകനായ യക്ഷന്റെ ഭാര്യ, മേഘം കൊണ്ടുവന്ന ഭർത്തൃസന്ദേശത്തിനു മറുപടിയായി തന്റെ ജീവിതചര്യയെ വിവരിച്ചുകൊണ്ടുള്ള പ്രതിസന്ദേശം, ആ മേഘംമുഖേനതന്നെ ഭർത്താവിനു് അയയ്ക്കുകയാണു ചെയ്യുന്നതു്. മേഘദൌത്യത്തിൽ പ്രസ്തുത യക്ഷിണി ഭർത്താവിനെ നാടുകടത്തിയ കല്പന റദ്ദുചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു് ആ മേഘത്തെത്തന്നെ യക്ഷരാജാവായ കുബേരന്റെ അടുക്കലേയ്ക്കു് അയയ്ക്കുകയും ഈ അപേക്ഷ അനുസരിച്ചു് കുബേരൻ അപ്രകാരം ചെയ്തു് ആ ദമ്പതികളെ യോജിപ്പിക്കുകയും ചെയ്യുന്നു. മുകളിൽ വിവരിച്ച സന്ദേശകാവ്യങ്ങൾക്കു പുറമേ, ഗ്രന്ഥകർത്താവിന്റെ പേരില്ലാത്തവയായ ചില സന്ദേശകാവ്യങ്ങളും നമുക്കു ലഭിച്ചിട്ടുണ്ടു്. ചകോരസന്ദേശം, ഒരു മലബാർനമ്പൂതിരിയുടെ കൃതിയായ ചാതകസന്ദേശം (18-ാംശതകം), ചേതോദൂതു് (ഇതിന്റെ ഓരോ ശ്ലോകത്തിന്റെയും നാലാമത്തെ പാദം, കാളിദാസന്റെ മേഘദൂതിലെ ഓരോ ശ്ലോകത്തിന്റെയും നാലാംപാദമാണു്) പികദൂതം, മനോദൂതികാകാവ്യം (ആത്മാവിന്റെയും ജീവന്റെയും പരസ്പരബന്ധമാണു് ഇതിന്റെ വിഷയം), പ്രസിദ്ധരായ പയ്യൂർ പട്ടേരിമാരിൽ ഒരാളുടെ കൃതിയെന്നു് ശ്രീമാൻ കൊളത്തേരി ശങ്കരമേനവൻ സംശയിക്കുന്ന ഗൃദ്ധ്രസന്ദേശം, രഥാംഗദൂതു്, ഹംസസന്ദേശം (തത്വജ്ഞാനപരമായതു്) എന്നിവയാണു് ഇവയുടെ പേരുകൾ.

പ്രസ്തുത സംസ്കൃതസന്ദേശകാവ്യങ്ങളിൽ കേരളത്തെ വർണ്ണിക്കുന്നവ ലക്ഷ്മീദാസന്റെ ശുകസന്ദേശം, ഉദ്ദണ്ഡന്റെ കോകിലസന്ദേശം, ഗൃദ്ധ്രസന്ദേശം, വാസുദേവകവിയുടെ ഭൃംഗസന്ദേശം, ടിപ്പുസുൽത്താന്റെ കാലത്തുള്ള ഒരു മലബാർനമ്പൂതിരിയുടെ കൃതിയായ ചാതകസന്ദേശം, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ വിപ്രസന്ദേശം എന്നിവയാകുന്നു.

"ലീലാനേതും നയനപദവീം കേരളീനാം രതേശ്ചേത്
ഗച്ഛേഃ ഖ്യാതം ജഗതിനഗരീമാഖ്യയാതാം യയാതേഃ"

എന്ന ധോയിയുടെ പവനദൂതത്തിലുള്ള ശ്ലോകാർദ്ധത്തിൽ പറയുന്ന കേരളവും യയാതിനഗരവും യഥാക്രമം കൃഷ്ണാജില്ലയിലുള്ള കോളെയർ (കൊല്ലേറു) കായലിനു സമീപമുള്ള പ്രദേശവും, മഹാനദീതീരത്തുള്ള യയാതി നഗരവുമാണെന്നും ഇവിടെ ഓർമ്മിക്കേണ്ടതാണ്. പവനദൂതത്തിലെ മലയപർവ്വതം സെൻട്രൽപ്രാവിൻസിനു സമീപമുള്ള ഒരു പർവ്വതമാണെന്നും ദക്ഷിണഇൻഡ്യയിലുള്ളതല്ലെന്നും കൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. (1936-ലെ മാതൃഭൂമി ആഴ്ച പ്രതികളിൽ ഒന്നിൽ "ലങ്ക എവിടെ?" എന്ന തലക്കെട്ടിൽ ഈ ലേഖകൻ എഴുതിയിരുന്ന ലേഖനം നോക്കുക)

നാട്ടുഭാഷാ സന്ദേശകാവ്യങ്ങൾ.

സന്ദേശകാവ്യത്തിൽ ഒരു കാലത്ത് ഭാരതീയർക്കുണ്ടായിരുന്ന ഭ്രമത്തിനു മറ്റൊരു ലക്ഷ്യം, അവ ധാരാളമായി ഭാരതത്തിലെ നാട്ടുഭാഷകളിലും കൂടി ജനിച്ചതാകുന്നു. നാട്ടുഭാഷകളിലുള്ള സന്ദേശകാവ്യങ്ങൾക്ക് ഉദാഹരണങ്ങളായി 14-ാം ശതാബ്ദത്തിൽ രചിച്ചിട്ടുള്ള മലയാള ഉണ്ണുനീലിസന്ദേശം, കേരളവർമ്മ വലിയകോയിൽത്തമ്പുരാന്റെ മയൂരസന്ദേശം, പി. ജി. രാമയ്യരവർകളുടെ വിപ്രസന്ദേശം, സിംഗാളിഭാഷയിലുള്ള കോകിലസന്ദേശം, അതേഭാഷയിലുള്ള മയൂരസന്ദേശം, ബംഗാളിഭാഷയിലുള്ള നരസിംഹദാസന്റെ ഹംസദൂത് എന്നിവയെ എടുക്കാവുന്നതാണ്.

സാമാന്യലക്ഷണങ്ങൾ.

സംസ്കൃതസാഹിത്യത്തിൽ സന്ദേശകാവ്യങ്ങൾക്ക് ഒരു പ്രധാനസ്ഥാനം ലഭിച്ചിട്ടുണ്ട്. സംസ്കൃതസാഹിത്യത്തിന്റെ ഒരു ന്യൂനതയായ ആത്മഗീതങ്ങളുടെ (Lyrics) ദൌർല്ലഭ്യത്തെ പഞ്ചകം, അഷ്ടകം, ശതകം, ദശകം എന്നിവയോടുകൂടി സന്ദേശകാവ്യം ഒരുവിധത്തിൽ പരിഹരിക്കുന്നതിൽ നിന്നാണ് പ്രസ്തുത പ്രാധാന്യം

അതിനു ലഭിച്ചിരിക്കുന്നതു്. സാധാരണയായി, ഒരു സന്ദേശകാവ്യത്തിന്റെ പ്രഥമസർഗ്ഗത്തിൽ ദൂതിനുള്ള കാരണം, സന്ദർഭം, ദൂതാവജ്ജനം, ദൂതന്റെ മാൎഗ്ഗവർണ്ണനം എന്നിവയാണു് അടങ്ങിയിരിക്കുന്നതു്. രണ്ടാംസർഗ്ഗത്തിൽ നായികയുടെ വാസസ്ഥലവർണ്ണനയും നായികാവർണ്ണനയും സന്ദേശവിവരണവും ഉണ്ടായിരിക്കും. വിപ്രലംഭശൃംഗാരമാണു് സന്ദേശകാവ്യങ്ങൾ മിക്കവയിലേയും സ്ഥായിയായ രസം. എന്നാൽ പ്രാചീനകാലംമുതൽക്കു തന്നെ ജൈനകവിയായ ജിനസേനന്റെ പാർശ്വാഭ്യുദയകാവ്യത്തെ അനുകരിച്ചു് ശാന്തരസത്തിനും ഭക്തിരസത്തിനും പ്രാധാന്യം നൽകിക്കൊണ്ടു് ചില തത്വജ്ഞാനികളായ കവികൾ സന്ദേശകാവ്യങ്ങൾ രചിച്ചിരുന്നു. മതതത്വങ്ങളേയും തത്വജ്ഞാനസിദ്ധാന്തങ്ങളേയും പ്രചരിപ്പിക്കുവാനുള്ള ഒരു മാൎഗ്ഗമായി ഇവർ സന്ദേശകാവ്യത്തെ വരിക്കുകയാണു ചെയ്തിരുന്നതു്. ജൈനകവികളാണു് ഏറിയകൂറും ഈ പദ്ധതി സ്വീകരിച്ചിരുന്നതും. ഈ വ്യതിയാനം പ്രത്യക്ഷത്തിലും ആലങ്കാരികദൃഷ്ടിയിലും വിപ്ലവകരമായ ഒന്നായിരിക്കുമെങ്കിലും, ഒരു ഭക്തന്റെ വികാരപാരമ്യത്തിൽ, മറ്റൊരു പരിതസ്ഥിതിയിൽ ഒരു കാമുകന്റെ അനുരാഗപാരമ്യമായി പര്യവസാനിക്കുന്നവയായ മാനസിക അംശങ്ങളാണു് അടങ്ങിയിരിക്കുന്നതെന്നുള്ള മനശ്ശാസ്ത്രതത്വം ഓർക്കുമ്പോൾ അതു് വാസ്തവത്തിൽ തീരെ വിപ്ലവകരമായിരുന്നില്ലെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. ഇത്തരം ഭക്തിരസപ്രധാനമായ സന്ദേശകാവ്യങ്ങൾക്കു. ഉദാഹരണങ്ങൾ ചേതോദൂതു്, നേമിദൂതു്, മേഘദൂതസമസ്യാലേഖ മുതലായവയാകുന്നു. ജൈനകവികൾ പര്യുഷണപർവ്വവേളയിൽ തങ്ങളുടെ ഗുരുക്കന്മാർക്കു് മതാനുഷ്ഠാനപരമായും മതപ്രചരണപരമായും തങ്ങൾ ചെയ്തിട്ടുള്ള പ്രവൃത്തികളെ വിവരിച്ച വിജ്ഞപ്തിപത്രങ്ങൾ അയയ്ക്കുന്ന ഒരു പതിവുണ്ടു്. അവരിൽ ചിലർ ഈ വിജ്ഞപ്തിപത്രങ്ങളെ സന്ദേശകാവ്യരൂപേണ രചിക്കുകയും ചെയ്തിരുന്നു. ഇന്ദുദൂതം, ചേതോദൂതു് മുതലായവയെ ഇതിനു് ഉദാഹരണങ്ങളായി പരിഗണിക്കാവുന്നതാണു്. ചാതകസന്ദേശത്തിന്റെ നായകനായ നമ്പൂതിരി തിരുവിതാംകൂറിലെ രാമവർമ്മമഹാരാജാവിനോടു് തനിക്കുള്ള ഭക്തി കാണിച്ചു് ഒരു സന്ദേശമാണു് അദ്ദേഹത്തിനു് അയയ്ക്കുന്നതു്.

കാളിദാസനു ശേഷമുണ്ടായിട്ടുള്ള സന്ദേശകാവ്യകർത്താക്കളിൽ ചിലർ അതിൽ മറെറാരു പരിഷ്കാരവും കൂടി ചിലപ്പോൾ സ്വീകരിക്കാറുണ്ടായിരുന്നു. നിർജ്ജീവവസ്തുവായ മേഘത്തെയാണല്ലോ കാളിദാസൻ ദൂതനാക്കിയതു്. അദ്ദേഹത്തെ അനുകരിച്ചവരിൽ ചിലർ

ജന്തുക്കളേയും മനുഷ്യരെപ്പോലും ദൂതന്മാരാക്കിത്തീൎക്കുകയുണ്ടായി; മനുഷ്യരെ ദൂതന്മാരാക്കിത്തീൎത്തതായ സന്ദേശകാവ്യങ്ങൾക്കു് ഉദാഹരണങ്ങൾ ഉദ്ധവദൂതവും, ഉദ്ധവസന്ദേശവും, പാന്ഥദൂതും, സംസ്കൃതത്തിലും മലയാളത്തിലുമുള്ള വിപ്രസന്ദേശങ്ങളുമാകുന്നു. മാധവശൎമ്മന്റെ ഉദ്ധവദൂതത്തിൽ ശ്രീകൃഷ്ണൻ ഗോപിമാരുടെ അടുക്കലേയ്ക്കു് ഉദ്ധവനെ ദൂതനാക്കി അയയ്ക്കുകയാണു ചെയ്യുന്നതു്. ഈ പോക്കു പരമകാഷ്ഠ പ്രാപിച്ചപ്പോൾ ഭക്തി, മനസ്സു് എന്നീ സാമാന്യ ആശയങ്ങൾപോലും ചില സന്ദേശകാവ്യങ്ങളിലെ ദൂതന്മാരായിത്തീരുകയുണ്ടായി. ചിലപ്പോൾ സന്ദേശം സ്വീകരിക്കുന്ന ദേഹം സ്ത്രീയോ, പുരുഷനോ അല്ലനും ഇത്തരം സാമാന്യ ആശയങ്ങളാണെന്നും വന്നേക്കും. 23 ശ്ലോകങ്ങൾ മാത്രമടങ്ങിയ കാളീപ്രസാദന്റെ ഭക്തിദൂതിയിൽ, കവി മുക്തിയെ തന്റെ പ്രണയിനിയായി സങ്കല്പിച്ചു അവളുടെ അടുക്കലേയ്ക്കു ദൂതിയായി ഭക്തിയെ അയയ്ക്കുകയാണു ചെയ്യുന്നതു്. ഇത്തരം സന്ദേശകാവ്യത്തിനു മറെറാരു ഉദാഹരണം വിഷ്ണുദാസന്റെ മനോദൂതമാണു്. ഇതിൽ വിഷ്ണുവിനോടു തന്റെ ഭക്തിയെ അറിയിക്കാനായി കവി തന്റെ സ്വന്തം മനസ്സിനെ ദൂതനായി നിയോഗിക്കുന്നു.

സന്ദേശകാവ്യത്തിന്റെ വൃത്തത്തിലും കാളിദാസന്റെ പിൻഗാമികൾ ചില വ്യത്യാസങ്ങൾ വരുത്തിയിരുന്നു. മേഘദൂതിൽ കാളിദാസൻ മന്ദാക്രാന്താവൃത്തം ഉപയോഗിച്ചിരുന്നതിനാൽ മിക്ക സന്ദേശകാവ്യങ്ങളും ആ വൃത്തമാണു സ്വീകരിച്ചിരിക്കുന്നതു്. എന്നാലും ചിലർ ശിഖരിണീ, വസന്തതിലകം, മാലിനീ, ശാൎദ്ദൂലവിക്രീഡിതം എന്നീ വൃത്തങ്ങളും ഉപയോഗിച്ചിരുന്നു. ശിഖരിണീവൃത്തത്തിലുള്ള രൂപഗോസ്വാമിയുടെ ഹംസദൂതും, വസന്തതിലകത്തിലുള്ള വിഷ്ണുദാസന്റെ മനോദൂതം, അതേ വൃത്തത്തിലുള്ള ഹരിഹരഭട്ടന്റെ ഹൃദയദൂതം, മാലിനീവൃത്തത്തിലുള്ള ജംബൂകവിയുടെ ചന്ദ്രദൂതം, ശാൎദ്ദൂലവിക്രീഡിതവൃത്തത്തിലുള്ള ഭോലാനാഥന്റെ പാന്ഥദൂതം, അതേ വൃത്തത്തിലുള്ള പികദൂതം. ഈ വ്യതിയാനത്തിനു് ഉദാഹരണങ്ങളാണു്. ജംബൂകവിയുടെ ചന്ദ്രദൂതിൽ ഓരോ ശ്ലോകത്തിലും അന്ത്യയമകവും കാണുന്നുണ്ടു്.

മേൽ വിവരിച്ച ജൈനവിജ്ഞപ്തിപത്രങ്ങളായ സന്ദേശകാവ്യങ്ങളേയും, മേഘദൂതു്, ധോയിയുടെ പവനദൂതം, കേരളത്തിലെ ശുകസന്ദേശം മുതലായവയേയും ഒഴിച്ചാൽ, ശേഷിക്കുന്ന സന്ദേശകാവ്യങ്ങളിൽ ഭൂരിഭാഗവും ശ്രീരാമൻ, സീത, ശ്രീകൃഷ്ണൻ, രാധ മുതലായ ഹിന്ദുപുരാണപുരുഷന്മാരേയോ, പാൎശ്വനാഥൻ, നേമിനാഥൻ, സ്ഥൂലഭദ്രൻ മുതലായ ജൈനപുരാണപുരുഷന്മാരേയോ ആണു നായകന്മാരാക്കിയി

രിക്കുന്നതു്. സന്ദേശകാവ്യഭ്രമം പ്രബലമായിരുന്ന ബംഗാളികളുടെ ഇടയ്ക്കുള്ള ദൂതകാവ്യങ്ങളിൽ അധികവും കൃഷ്ണനേയും രാധയേയും, ഇതര പ്രദേശങ്ങളിലുള്ള ഇത്തരം സന്ദേശകാവ്യങ്ങളിൽ അധികവും രാമനേയും സീതയേയുമാണു് നായകനായും നായികയായും സ്വീകരിച്ചിരുന്നതു്. സന്ദേശകാവ്യത്തിനു ചേരുന്ന നളന്റേയും ദമയന്തിയുടേയും കഥപോലെയുള്ള പൌരാണികകഥകളെ ആസ്പദിച്ചു് അത്തരം കാവ്യങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതായി അറിയുന്നില്ല. ഭർത്താവു ഭാര്യയ്ക്കോ, ഭാര്യ ഭർത്താവിനോ സന്ദേശമയയ്ക്കുകയല്ലാതെ, നളചരിതത്തിലെ ഹംസസന്ദേശകഥയിലുള്ളതുപോലെ വിവാഹത്തിനു മുമ്പു് കാമിനീകാമുകന്മാർ പരസ്പരസന്ദേശങ്ങൾ അയയ്ക്കുന്നതിനെ സന്ദേശകാവ്യങ്ങൾ വിഷയമാക്കിയിട്ടുള്ളതായി അറിവില്ല. മൈത്രലംഗപ്രജനാഥന്റെ മനോദൂതിൽ തന്റെ വസ്ത്രാക്ഷേപവേളയിൽ ദ്രൌപദി തന്റെ ഭർത്താവല്ലാത്ത ദേഹമായ കൃഷ്ണന്റെ അടുക്കലേയ്ക്കു തന്റെ മനസ്സിനെ ദൂതനായി അയയ്ക്കുന്നുണ്ടെങ്കിലും ഇവിടെ സന്ദേശം പ്രണയപരമല്ലായ്കയാൽ മേല്പറഞ്ഞ പതിവിനു് ഇതു് ഒരു വ്യതിയാനമാകുന്നതുമല്ല.

ഗുണദോഷനിരൂപണം.

ഭാരതത്തിലൊഴിച്ചു് മറെറാരു രാജ്യത്തിലും കാണാത്തതായ ഒരു സാഹിത്യരൂപം (**Liteary genre**) ആണു് സന്ദേശകാവ്യം. ഇതിനെ പ്രധാനമായി ആസ്പദിച്ചാണു് ഹിപ്പോളിറ്റു് ഫാഷ് (**Hippolyte Fauche**) എന്ന ഫ്രഞ്ചുകാരൻ യൂറോപ്പിലെ വിലാപകാവ്യലോകത്തിൽ കാളിദാസന്റെ മേഘദൂതിനോടു കിടനിൽക്കുന്ന ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, സംസ്കൃതസാഹിത്യത്തിന്റെ ഒരു കുറവായ ആത്മഗീതങ്ങളുടെ (**Lyric Poetry**) ദൌർല്ലഭ്യത്തെ സന്ദേശകാവ്യം പരിഹരിക്കുന്നു എന്നുള്ളതാണു് അതിന്റെ മറെറാരു ഗുണഭാഗം. കാളിദാസന്റെ മേഘദൂതു്, ലക്ഷ്മീദാസന്റെ ശുകസന്ദേശം, ധോയിയുടെ പവനദൂതം, മലയാളം ഉണ്ണുനീലിസന്ദേശം, കേരളവർമ്മയുടെ മയൂരസന്ദേശം എന്നിവ കവിതാരസം തുളുമ്പുന്ന ശൃംഗാരകാവ്യങ്ങളാകുന്നു. അതിനാൽ ശൃംഗാരകാവ്യങ്ങളുടെ കൂട്ടത്തിൽ ചില ഉത്തമസന്ദേശകാവ്യങ്ങൾക്കു പ്രധാനമായ ഒരു സ്ഥാനം ഉണ്ടായിരിക്കുമെന്നുള്ളതിനു സംശയമില്ല. പല സന്ദേശകാവ്യങ്ങളും ദൂതൻ പോകുന്ന വഴിക്കുള്ള ഭൂഭാഗങ്ങളെ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ഇതു പ്രാചീന ഭൂമിശാസ്ത്രകാരന്മാർക്കും ചരിത്രകാരന്മാർക്കും അത്യധികം ഉപകരിക്കുന്ന

താണു്. കാളിദാസൻെറ മേഘദൂതു് രാമഗിരി മുതൽ അളകാപുരിവരെയുള്ള ഭൂഭാഗങ്ങൾ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ധോയിയുടെ പവനദൂതം മലയപർവ്വതം മുതൽക്കു് ലക്ഷ്മണസേനൻെറ രാജധാനിയായ ബംഗാളിലെ വിജയനഗരംവരെയുള്ള കാഴ്ചകളാണു വർണ്ണിക്കുന്നതു്. ലക്ഷ്മീദാസൻ രാമേശ്വരം മുതൽക്കു ഗുണപുരം (കൊടുങ്ങല്ലൂരിനു സമീപമുള്ള തൃക്കണാമതിലകം) വരെയുള്ള നഗരങ്ങളേയും, അമ്പലങ്ങളേയും, നദികളേയും മററും ചമൽക്കാരപൂർവ്വം വിവരിക്കുന്നുണ്ടു്. വിനയവിജയഗണിയുടെ ഇന്ദുദൂതു് യോധപുരത്തിനും (Jodhpur) സൂറത്തിനും ഇടയ്ക്കുള്ള ജൈനക്ഷേത്രങ്ങളേയും ജൈനതീർത്ഥാടനസ്ഥലങ്ങളേയുമാണു് വർണ്ണിക്കുന്നതു്.

ഇനി നമുക്കു സന്ദേശകാവ്യങ്ങളുടെ ദോഷഭാവങ്ങളിലേക്കു കടക്കാം. കാളിദാസൻെറ മേഘദൂതിനു് അതു പുറപ്പെട്ടപ്പോൾ പുതുമ എന്ന ഗുണം കൂടി ഉണ്ടായിരുന്നു. ഭാരതീയരുടെ അത്യധികമായ ഗതാനുഗതികത്വം നിമിത്തം മേഘദൂതിനെ പല കാര്യങ്ങളിലും ഉപജീവിച്ചാണു മിക്ക സന്ദേശകാവ്യങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്. ജൈനകവികൾ ശാന്തരസം സന്ദേശകാവ്യത്തിൽ കൊണ്ടുവന്നതു് ഈ ഗതാനുഗതികത്വത്തിൽനിന്നു് ഒരു വ്യതിയാനമാണെന്നുള്ള സംഗതി ഇവിടെ വിസ്മരിക്കരുതു്. എന്നാലും മിക്ക സന്ദേശകാവ്യങ്ങളും മേഘദൂതിനെ വളരെ സൂക്ഷ്മമായി അനുകരിച്ചിരുന്നതിനാൽ, പുതിയ ആശയങ്ങളും പുതിയ ഉല്ലേഖങ്ങളും പുതിയ രസങ്ങളും പുതിയ രീതികളും അവയിൽ പ്രായേണ കാണുന്നില്ലെന്നുതന്നെ പറയേണ്ടതായി വരുന്നു. മേഘദൂതിലെ ആശയങ്ങളെ കവരാത്തതായ ഒരു സന്ദേശകാവ്യമെങ്കിലും ഉണ്ടോ എന്നുള്ളതു സംശയമാണു്. ഇതു സ്ഥാപിക്കുവാനായി ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:—

(1) "ധൂമജ്യോതിസ്സലിലമരുതാം സന്നിപാതഃ ക്വ മേഘഃ
സന്ദേശാർത്ഥാഃ ക്വ പടുകരണൈഃ പ്രാണിഭിഃ പ്രാപണീയാഃ
ഇത്യൗത്സുക്യാദപരിഗണയൻ ഗുഹ്യകസ്തം യയാചേ
കാമാർത്താ ഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു."

(മേഘദൂതു്)

"യുക്തായുക്തം സമദമദനാഃ പേശലേ f വിന്ദമാനാ"

(മേരുതുംഗൻ—മേഘദൂതു്)

"വിശ്ലേഷേണ ക്ഷുഭിതമനസാം മേഘശൈലദ്രുമാദൌ
യാച്ഞാ ദൈന്യം ഭവതി കിമുത ക്വാപി സംവേദനാർത്ഥേ."

(വേദാന്തദേശികൻ—ഹംസസന്ദേശം)

"ദൂതം മോഹാത് പവനമഹൃദം പ്രാഹിണോദശ്രുനേത്രഃ
പ്രായോമോഹോ ഭവതി ഭവിനാംബോധശൂന്യത്വഹേതുഃ"

(വാദിചന്ദ്രൻ—പവനദൂതു്)

"ന തസ്യാ ദോഷാഽയം യദിച വിഹഗം പ്രാർത്ഥിതവതീ
ന കസ്മിൻ വിസ്രംഭം ദിശതി ഹരിഭക്തിപ്രണയിതാ."

(രൂപഗോസ്വാമിൻ—ഹംസദൂതു്)

"ക്വായം പ്രായഃ പവനസലിലജ്യോതിഷാം സന്നികായഃ
ക്വാർത്ഥശ്ചായം പ്രവണകരണൈർയോ വിധേയഃ സമർത്ഥഃ
ഹർഷോത്കർഷാദിതി സ സഹസാഽചിന്തയന്നുചിവാംസ്തം
കാമാർത്താഹി പ്രകൃതി കൃപണാശ്ചേതനാ ചേതനേഷു."

(മേഘവിജയൻ—മേഘദൂതസമസ്യാലേഖ)

"പ്രാർത്ഥിച്ചാൻ തൻ കന്മമവനെ പ്രാർത്ഥനീയാനുഭാവം
സ്വാർത്ഥം പ്രത്യർത്ഥികളിലെവിടെക്കാമുകാനാം വിവേകം."

(ഉണ്ണുനീലീസന്ദേശം)

(2) "കാന്തോദന്തസ്സുഹൃദുപനതഃ സംഗമാത് കിഞ്ചിദൂനഃ"

(മേഘസന്ദേശം)

"കാന്തോദന്തസ്സുഹൃദുപനതോ വിപ്രയോഗാർദ്ദിതാനാം."

(ഉദ്ദണ്ഡൻ—കോകിലസന്ദേശം)

(3) "ആശാബന്ധഃ കുസുമസദൃശം പ്രായശോഹ്യംഗനാനാം
സദ്യഃ പാതി പ്രണയി ഹൃദയം വിപ്രയോഗേ രുണദ്ധി."

(മേഘദൂതു്)

"ആശാപാശഃ കിലചലദൃശാമാശ്രയഃ പ്രോഷിതാനാം

(ലക്ഷ്മീദാസൻ—ശുകസന്ദേശം)

(4) "ശ്യാമാസ്വംഗം ചകിതഹരിണീപ്രേക്ഷണേ ദൃഷ്ടിപാതം
വക്ത്രച്ഛായാം ശശിനിശിഖിനാം ബർഹഭാരേഷു കേശാൻ."

(മേഘദൂതു്)

"ഓർത്തീടുന്നേനുടലിനെയുമക്കേശപാശത്തിനേയും
പാർത്തീടുമ്പോൾ പടുതരമിക്കാളമേഘാളിയേയും."

(മയൂരസന്ദേശം)

ഭാരതത്തിലെ ഇന്നത്തെ നാട്ടുഭാഷാസാഹിത്യങ്ങളിൽ ആത്മഗീതങ്ങളും ഖണ്ഡകാവ്യങ്ങളും പാശ്ചാത്യസാഹിത്യത്തിൻെറ പ്രേരണയാൽ

ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും, ഏകരൂപമായ ഒരു കൃത്രിമ ചട്ടക്കൂട്ടിലടച്ചസൃഷ്ടികളെപ്പോലെ തോന്നിക്കുന്ന സന്ദേശകാവ്യങ്ങൾക്ക പണ്ടുണ്ടായിരുന്ന പ്രാധാന്യം വളരെ കുറഞ്ഞുപോയിരിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇന്നത്തെ സ്ഥിതിക്ക് ഭാഷാസാഹിത്യങ്ങളിൽ സന്ദേശകാവ്യങ്ങൾക്ക ശൃംഗാരകാവ്യങ്ങളുടെ കൂട്ടത്തിൽ ഒരു സ്ഥാനമുണ്ടായിരിക്കുമെങ്കിലും ആസന്നഭാവിയിൽ അതുപോലും നഷ്ടമായി, അവ കേവലം ഒരു പുരാതനസാഹിത്യരൂപത്തിന്റെ മാതൃകയായി മാത്രം അതിജീവിക്കുകയുള്ളു എന്നു വേണം പാശ്ചാത്യശൃംഗാരകാവ്യത്തിന്റെ ഗതിയിൽനിന്ന് അനുമാനിക്കേണ്ടത്. ഇതിനെപ്പററി അല്പം വിസ്തരിച്ചു പറയേണ്ടിയിരിക്കുന്നു.

കവികൾ പ്രത്യക്ഷപ്പെടുത്തുന്ന വികാരമാതൃകകൾക്ക് മനുഷ്യരുടെ വികാരങ്ങളുടെ രൂപങ്ങളെ ഭേദപ്പെടുത്തുവാൻ ശക്തിയുണ്ട്. ഈ മൗലികതത്വം അറിഞ്ഞുകൊണ്ടാണ് "ഒരു ജനതയുടെ കവിതകളെ രചിക്കാൻ എന്നെ അനുവദിച്ചാൽ മതി. ആ ജനതയുടെ നിയമങ്ങൾ മററാരെങ്കിലും നിർമ്മിച്ചുകൊള്ളട്ടെ" എന്നൊരു ചിന്തകൻ പറഞ്ഞിട്ടുള്ളത്. ഒരു നല്ല കാവ്യത്തിന്റെ പദങ്ങൾ മനുഷ്യർ വേഗം മറന്നുകളഞ്ഞേക്കുമെങ്കിലും, അവയുടെ പ്രേരകശക്തി അവരിൽ ദീർഘകാലം നിലനിൽക്കുന്നതാണ്. ചില മുദ്രാവാക്യങ്ങൾക്ക അപകടവേളകളിൽ, മൃത്യുവിനെ അഭിമുഖീകരിക്കുമ്പോൾപോലും, മനുഷ്യരിൽ സ്വാധീനശക്തി ഉണ്ടായിരിക്കുന്നതു മതലോകത്തിലും രാഷ്ട്രീയലോകത്തിലും നമുക്ക കാണാവുന്നതാണ്. മനുഷ്യരുടെ പ്രണയജീവിതത്തിലും ഇവയ്ക്ക് ഈ സ്വാധീനശക്തി ഉണ്ടെന്നുള്ള പരമാർത്ഥം അധികംപേർ അറിഞ്ഞിരിക്കുകയില്ല. നമ്മുടെ പ്രണയജീവിതങ്ങളെ രൂപവൽകരിക്കുന്നതിൽ നമ്മുടെ കാവ്യങ്ങൾക്ക അതിപ്രധാനമായ ഒരു കൈയുണ്ടായിരിക്കും. ബാല്യംമുതൽക്ക് ഒരു ബാലൻ കേൾക്കുന്ന പ്രണയഗാനങ്ങളാണ് അവന്റെ പ്രണയജീവിതത്തിന് ഒരു പ്രത്യേകരൂപം കൊടുക്കുന്നത്. മദ്ധ്യകാലങ്ങളിലെ യൂറോപ്പിലെ മിന്നെസിംഗേർസ് (Minnesingers) ഒരുതരം കവിതകൾ അതിനു മുമ്പുണ്ടായിരുന്ന മൃഗീയമായ പ്രണയജീവിതത്തെ സംസ്കരിച്ചു സ്ത്രീയെ ഒരു ആരാധനാപാത്രമാക്കിച്ചമയ്ക്കുകയുണ്ടായി. പത്തൊൻപതാംശതാബ്ദത്തിലെ ഇംഗ്ലീഷുകാരുടെയും അമേരിക്കാക്കാരുടേയും പ്രണയജീവിതത്തിനു മാതൃകകൾ നിർമ്മിച്ചുവച്ചവർ അന്നത്തെ കവികളായ കീററ്സ്, ഷെല്ലി, ബയറൺ, ബേർൺസ്, ടെന്നിസൺ, ബ്രൌണിങ്ങ്, സ്വിൻബോൺ, റോസെററി, മാറിസ് എന്നിവരായിരുന്നു. ഇതിൽനിന്നു ഭിന്നമായ ഒരു പ്രണയജീവിതമാണ് 20-ാം ശതാബ്ദത്തിൽ ഇംഗ്ലീഷുകാരും അമേരിക്കക്കാരും നയിച്ചു

വരുന്നതു്. 20-ാംശതകത്തിലെ അമേരിക്കാക്കാരുടെ പ്രസ്തുത പ്രണയജീവിതത്തെ രൂപവൽക്കരിച്ചവർ എഡ്ന സെൻറ്വിൻസെൻറ് മിലെ എന്ന കവയിത്രിയും, റാബിൻസൺ ജെഫേർസ്, എം. ഡി. ഫിക് മുതലായ ഇന്നത്തെ കവികളുമാകുന്നു. 19-ാംശതാബ്ദത്തിലെ പ്രസ്തുത കവികൾ പ്രണയജീവിതത്തിൽ ശാശ്വതത്വം എന്ന തത്വത്തിനു പ്രാബല്യം നല്കിയിരുന്നു, 20-ാംശതകത്തിലെ ഒടുവിൽപറഞ്ഞ കവികൾ ശാശ്വതത്വത്തിനു പകരം തീഷ്ണതയെയാണു ബലപ്പെടുത്തിയതു്. തന്മൂലം 19-ാംശതകത്തിലെ ശാശ്വതത്വത്തിനു പകരം തീഷ്ണതയാണു് 20-ാംശതകത്തിലെ പ്രണയജീവിതത്തിൽ അവിടെ പൊന്തിച്ചുനില്ക്കുന്നതു്. ഭാരതത്തെ സംബന്ധിച്ചിടത്തോളം, അതിലെ ജനങ്ങളുടെ യാഥാസ്ഥിതികത്വം നിമിത്തം, സന്ദേശകാവ്യം പ്രതിബിംബിക്കുന്ന ശാശ്വതത്വം ഇന്നും അവരുടെ പ്രണയജീവിതത്തിൽ നിലനില്ക്കുന്നുണ്ടു്. പാശ്ചാത്യപരിഷ്കാരത്തിൻെറ വർദ്ധമാനമായ സ്വാധീനശക്തിനിമിത്തം ഇതു ക്ഷയിച്ചു് തീക്ഷ്ണതയോ മറേറാ അതിൽ അടുത്ത ഭാവിയിൽ പൊന്തിച്ചു നിന്നേയ്ക്കാം. അതിനാൽ ആസന്നഭാവിയിൽ സന്ദേശകാവ്യങ്ങൾ സജീവങ്ങളായി, സ്വാധീനശക്തിയുള്ളവയായിത്തീരണമെങ്കിൽ അവ പ്രത്യക്ഷപ്പെടുത്തുന്ന പ്രണയജീവിതമാതൃകകൾ അവശ്യം മാറേറണ്ടതായി വന്നേയ്ക്കും. അപ്പോൾ ഇന്നത്തെ സന്ദേശകാവ്യങ്ങൾക്കു കേവലം പുരാതനവസ്തുക്കളുടെ സ്ഥാനം മാത്രമേ ലഭിക്കുവാൻ ഇടയുള്ളു. വിപ്രലംഭശൃംഗാരരസത്തെ പരിത്യജിച്ചു് ജൈനകവികളുടെ മുകളിൽ വിവരിച്ച പ്രസ്ഥാനത്തെ അനുകരിച്ചു് പുതിയ രസങ്ങൾ സന്ദേശകാവ്യത്തിൽ ഉൾക്കൊള്ളിക്കുന്നതായാൽ ഒരു പക്ഷേ, അവ കുറേക്കാലത്തേക്കുകൂടി നിലനിന്നു എന്നു വന്നേയ്ക്കാം. പത്താമത്തെ രസമായി "നാമനിധാനം" പ്രസ്താവിക്കുന്നതും, ശൃംഗാരത്തിൽനിന്നു ജനിച്ചതെന്നു മുകടൻ പറയുന്നതുമായ വാത്സല്യരസം അതിൽ മേൽ പറഞ്ഞ പ്രകാരം പുതുതായി കൂട്ടിച്ചേർക്കാൻ ഉചിതമാണെന്നു തോന്നുന്നു. അയോഗശൃംഗാരവും അതിൽ പുതുതായി ചേർക്കാവുന്നതാണു്.

മലയാള സന്ദേശ കാവ്യങ്ങൾ.

ലക്ഷ്മീദാസൻെറ ശുകസന്ദേശം, വാസുദേവകവിയുടെ ഭൃംഗസന്ദേശം, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻെറ വിപ്രസന്ദേശം മുതലായ സംസ്കൃതസന്ദേശകാവ്യങ്ങൾ കേരളീയർ രചിച്ചിട്ടുള്ളതിനും പുറമേ അവരിൽ ചിലർ ഉണ്ണുനീലിസന്ദേശം, മയൂരസന്ദേശം, വിപ്രസന്ദേശം മുതലായ മലയാള സന്ദേശകാവ്യങ്ങളും കൂടി നിർമ്മിച്ചിട്ടുണ്ടെന്നു മുമ്പു പ്രസംഗവശാൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. നമുക്കു ലഭിച്ചിട്ടുള്ള മലയാളസന്ദേശകാവ്യങ്ങളിൽ വച്ചു്

ഏററവും പ്രാചീനമായതു് ഉണ്ണുനീലിസന്ദേശമാകുന്നു. എ. ഡി. 1315-നു സമീപിച്ചാണു് ഇതിന്റെ നിർമ്മാണകാലമെന്നുള്ള ശ്രീമാൻ കൃഷ്ണപ്പിഷാരൊടിയുടെ അഭിപ്രായം സ്വീകാര്യമായി ഈ ലേഖകനു തോന്നുന്നു. ലീലാതിലകത്തിനു മുമ്പുതന്നെ മലയാളസന്ദേശകാവ്യങ്ങൾ ഉണ്ടായിരുന്നു എന്നുള്ളതിനു്,

"ആററൂർ നീലീവിരഹവിധുരോമാണിരത്യന്തകാമീ
മാത്തൂർ ജാതോ മദനവിവശസ്ത്യക്തവാനൂണുറക്കൌ"

എന്നും,

"സ്വപ്നേ പൂർവ്വം മഹിതനൃപതേ വിക്രമാദിത്യനാമ്നഃ
പോകാം ചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ
ത്വം കൃത്സ്നീ വട്ടതിജളോ ഢേഷ്ണവിശ്വാഹമിത്ഥം
മത്വാത്മാനാം തവ ഖലുമയാ പ്രേഷിതഃ കാക ഏവ"

എന്നും ഉള്ള ഹാസ്യസന്ദേശകാവ്യമായ കാകസന്ദേശത്തിലെ ശ്ലോകങ്ങൾ അതിൽ ഉദ്ധരിച്ചിട്ടുള്ളതു് സാക്ഷ്യം വഹിക്കുന്നു.

മദ്ധ്യകാലങ്ങളിലെ വടക്കുംകൂർരാജ്യത്തിന്റെ തലസ്ഥാനമായ വടമധുരയിലുള്ള വീരമാണിക്കത്തു്, അഥവാ, മുണ്ടക്കൽവീട്ടിലെ അംഗമായ ഉണ്ണുനീലിയാണു് ഉണ്ണുനീലിസന്ദേശത്തിന്റെ നായിക.

ഉണ്ണുനീലീ-സന്ദേശം.

ഒരു രാത്രി ഉണ്ണുനീലി ഭർത്താവുമായി ഉറങ്ങുമ്പോൾ, ഒരു യക്ഷി അവളുടെ ഭർത്താവിനെ എടുത്തുംകൊണ്ടു് ആകാശത്തിലൂടെ പോകുന്നു. തിരുവനന്തപുരത്തിനു മുകളിൽ എത്തിയപ്പോൾ നായകൻ ഉണർന്നു് ഒരു മന്ത്രം ജപിച്ചു് യക്ഷിയുടെ കൈയിൽനിന്നു രക്ഷപ്പെട്ടുന്നു. അയാൾ അപ്പോൾ നിലത്തുവന്നുവീണതു് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു സമീപത്തായിരുന്നു. അവിടെനിന്നു പിടച്ചെഴുന്നേററു് ക്ഷേത്രത്തിൽ ചെന്നപ്പോൾ, സ്വാമിദർശനാർത്ഥം അവിടെ എത്തിയ വേണാട്ടുരാജാവായ ആദിത്യവർമ്മൻ സർവ്വാംഗനാഥനെ അയാൾ കണ്ടുമുട്ടുന്നു. അദ്ദേഹത്തെയാണു് അയാൾ ദൂതനാക്കി ഉണ്ണുനീലിയുടെ അടുക്കലേക്കു് അയയ്ക്കുന്നതു്. മലയാളഭാഷാസന്ദേശകാവ്യങ്ങളുടെ മുന്നണിയിൽ മയൂരസന്ദേശത്തോടടുത്തു നില്ക്കുന്ന ഉണ്ണുനീലിസന്ദേശത്തിലെ കർത്താവു് ആരാണെന്നറിയാൻ വഴിയില്ലെങ്കിലും, ദേശിങ്ങനാട്ടുരാജാവും പ്രസിദ്ധനും പ്രബലനുമായ രവിവർമ്മൻ കുലശേഖരചക്രവർത്തിയുടെ വിദ്വത്സദസ്സിലുള്ള നമ്പൂതിരികവികളിൽ ഒരാളായിരിക്കണം അതിന്റെ കർത്താവെന്നു് അനുമാനിക്കുവാൻ ചില കാരണങ്ങളുണ്ടു്.

കൊല്ലം പട്ടണത്തെ വിവരിക്കുന്ന "രമ്യശ്രീമന്നായനസുഭഗം" എന്നു തുടങ്ങുന്ന ശ്ലോകംപോലെയുള്ള ഉണ്ണുനീലിസന്ദേശശ്ലോകങ്ങളിൽ ചിലതിനു് ലക്ഷ്മീദാസന്റെ ശുകസന്ദേശത്തിലെ "ലോകത്രയ്യാമഖില" എന്നു തുടങ്ങുന്ന ശ്ലോകംപോലെയുള്ള ചില ശ്ലോകങ്ങളോടു് ആശയസാദൃശ്യമുള്ളതിനാൽ, ഒരുപക്ഷേ ലക്ഷ്മീദാസൻ ഉണ്ണുനീലിസന്ദേശകർത്താവിനു മുമ്പു ജീവിച്ചിരുന്നു എന്നു വന്നേയ്ക്കാം. ഉണ്ണുനീലിസന്ദേശത്തിന്റെ ശ്രേഷ്ഠമായ കാവ്യഗുണത്തെ ഉദാഹരിക്കുവാനായി അതിലുള്ള പ്രഭാതവർണ്ണന ചുവടെ ചേർക്കുന്നു:—

"കാളംപോലെ കുസുമധനുഷോ ഹന്ത പൂങ്കോഴി ക്രൂകീ,
ഛോളംപോലെ ചിതറിവിളറീ താരകാണാം നികായം
താളംപോലെ പുലരിവനിതയ്ക്കാഗമൌ ചന്ദ്രസൂര്യൌ
നാളംപോലെ നളിനകുഹരാദുൽഗതാ ഭൃംഗരാജിഃ.
നീലക്കുന്റിൻമണിമകുടവൽ ദൃശ്യതേ ഭാനുബിംബം
ചാലത്താണു കടലിലണിവെണ്ടിങ്കൾ നാലൊൻറുപോര
കാലത്തെല്ലും വെയിലെറുകയിൽപ്പെട്ടു പാടിൻറതും കേൾ
വേലപ്പെണ്ണിൻമുലയിലിതമുററമ്പുമെൻ തമ്പിരാനേ.
എൻറല്ലാം കേട്ടവനൊരു നറുങ്ങാശപാസിക്കിൻറനേരം
കുൻറിച്ചെങ്ങും കുയിൽനിനദവും ക്രൂവ്വമക്കാവ്വതോറും
ഒൻറിച്ചുച്ചൈരയുഗശരനോടാൎത്തുവണ്ടിൻനിനാദൈ-
രെൻറല്ലപ്പോഴൊരു പടുകലക്കാരി വന്നാൻ വസന്തം.

മയൂരസന്ദേശത്തെപ്പററി കേരളപാണിനി പ്രതിപാദിച്ചിരിക്കുന്നതിനാൽ അതിനെപ്പററി ഇവിടെ ഒന്നും പറയുന്നില്ല. മററുള്ള സന്ദേശകാവ്യങ്ങളിൽ ഒരുവിധം നല്ലതായവയ്ക്കു ദൃഷ്ടാന്തമായി ശ്രീമാൻ പി. ജി. രാമയ്യരുടെ വിപ്രസന്ദേശത്തെപ്പററി രണ്ടു

വിപ്രസന്ദേശം: വാക്കുകൂടി പറഞ്ഞുകൊണ്ടു് ഈ ആമുഖം അവസാനിപ്പിക്കാം. മിന്നല്ലൂരാവുവീട്ടിലെ നാണിക്കുട്ടി എന്ന യുവതിയെ പുന്നയ്ക്കാട്ടുവീട്ടിലേ രാമൻമേനവൻ വിവാഹം ചെയ്യുകയും അതിൽ ഒരു കുട്ടി ജനിക്കുകയും ചെയ്യുന്നു. അങ്ങിനെയിരിക്കെ, അവളുടെ "അമ്മാവന്മാരരിശമളവില്ലാതെ വല്ലാതെ കൈക്കൊണ്ടമ്മാൻകുണ്ണിക്കഖിലഗതിയാം പ്രേഷ്ഠനേ ഭ്രഷ്ടനാ"ക്കുകയും, അനന്തരം "ഭർത്താവന്യൻ മരുമകളുമായ് വാണിരിക്കേണമെന്നായ് പാർത്താലോചിച്ചുഹഹ വലിയമ്മാവനേപ്പാടുചെയ്തു"വും ചെയ്യുന്നു. സംബന്ധതീയതിക്കു മൂന്നു ദിവസത്തിനു മുമ്പു് അവൾ ഒരു സ്വപ്നം കാണുന്നു. അവിടെയുള്ള ഭഗവതീക്ഷേത്രത്തിൽ ചെന്നാൽ ഒരു ബ്രാഹ്മ

ന്നയെ കാണുമെന്നും, അയാളെ ഭർത്താവിൻെറ അടുക്കലേയ്ക്കു ദൂതനായി അയയ്ക്കണമെന്നും ഭഗവതീദേവി തന്നോടു പറഞ്ഞു എന്നുമാണു് നാണിക്കുട്ടി കണ്ട സ്വപ്നത്തിൻെറ ചുരുക്കം. ഇതനുസരിച്ചു പിറേറദിവസം അവർ ഭഗവതീക്ഷേത്രത്തിൽ തൊഴാൻ ചെന്നപ്പോൾ ഒരു വിപ്രനെ അവർ കാണുകയും, അയാളെ ദൂതനായി തൻെറ ഭർത്താവിൻെറ സമീപത്തേയ്ക്കു് അയയ്ക്കുകയും ചെയ്യുന്നു. ലളിതാകോമളമായ ഈ സന്ദേശകാവ്യത്തിലെ സ്വപ്നമൊഴിച്ചുള്ള കഥാവസ്തുവും റെയിൽവേസ്റ്റേഷൻ മുതലായ ഇന്നത്തെ കാഴ്ചകളുടെ പച്ചമലയാളത്തിലുള്ള വർണ്ണനകളും സാദൃശ്യാത്മകമായിട്ടുള്ളവയാണു്. സാഹിത്യഗുണം വളരെക്കുറയുന്ന മററു ചില മലയാള സന്ദേശകാവ്യങ്ങളെക്കുറിച്ചും, ശീവൊള്ളി നമ്പൂരിപ്പാടിൻെറ ദാത്യൂഹസന്ദേശം പോലെയുള്ള ഹാസ്യസന്ദേശകാവ്യങ്ങളെപ്പററിയും ഇവിടെ പ്രതിപാദിക്കേണ്ട ആവശ്യമില്ല.

ഏ. ബാലകൃഷ്ണപിള്ള.

H-S. 618

മുഖവുര.

മഹാകവിയായ കാളിദാസൻ "മേഘസന്ദേശം" എന്നൊരു വ്യാജേന ഗതാനുഗതികന്മാരായ ഭാവികവികളിലുള്ള കാരുണ്യാതിശയത്താലോ എന്നു തോന്നുമാറു് ഒരു നൂതന കവിതാപദ്ധതി കണ്ടുപിടിച്ചതിന്റെ ശേഷം പ്രാചീനരിലും നവീനരിലും എത്ര തന്നെ കവികൾ ആ വഴിയെ പുറപ്പെടുകയുണ്ടായിട്ടില്ല. സന്ദേശകാവ്യങ്ങൾ അന്നേ മുതൽ ആണു് നടപ്പായതു്. ഇപ്പോൾ തിരുവിതാംകോട്ടു കൊട്ടാരം ലൈബ്രറി ഒന്നിൽത്തന്നേ ഇതേവരെ പ്രസിദ്ധം ചെയ്തിട്ടില്ലാത്തതായ അഞ്ചു സന്ദേശങ്ങൾ കിടപ്പുള്ളതായി 'ശുകസന്ദേശ'ത്തിന്റെ മുഖവുരയിൽ ശ്രീവഞ്ചിവിശാഖമഹാരാജാ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചിരിക്കുന്നു. ആ പണ്ഡിതസാർവഭൗമനായ മഹാനുഭാവന്നു് നമ്മുടെ ഈ 'മയൂരസന്ദേശം' കൂടി ഗണിക്കാനിടവരാഞ്ഞതു് ഇക്കൃതിയുടേയും കർത്താവിന്റേയും ഒരു ഭാഗ്യഹീനത തന്നെ എന്നു നാം അത്യന്തം വ്യസനിക്കുന്നു. കവിക്കാകട്ടെ,

'ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ്ത്താനിരിക്കും
മാലോകൎക്കും മതിമുഖി! വരാറില്ലയോ മാലനേകം'

എന്ന സാന്ത്വന സമാധാനം എവിടേയുമുണ്ടല്ലോ.

എന്നാൽ കവികുലകൂടസ്ഥനായ കാളിദാസരുടെ നവീനമായ പന്ഥാവിനു് സാഫല്യം സിദ്ധിച്ചതു് ഈ 'മയൂരസന്ദേശ'ത്താലാകുന്നുവെന്നു നിർവിവാദമായ്ത്തന്നെ പറയാം. സന്ദേശരാജ്യത്തിൽ ഇതേവരെ 'ശുകസന്ദേശ'ത്തിന്നായിരുന്നു യൗവരാജ്യം. നമ്മുടെ കവിയെപ്പോലെ തന്നേ ലക്ഷ്മീദാസനും ശബ്ദത്തിലും അർത്ഥത്തിലും ഒരുപോലെ ദൃഷ്ടി വച്ചിട്ടുണ്ടായിരുന്നു.

'ദ്വിത്രാഃ പത്രിപ്രവര പരകീയാവധി പ്രാപയേയു-
സ്തമ്ഭേ ശുമ്ഭന്മരതകമണിച്ഛദ്മനാ പദ്മനാഭഃ'
'ശുക്ലൈഃ പക്ഷൈർവിഹസിതഹസന്മല്ലികാ മല്ലികാക്ഷാഃ'
'തത്സേവാർത്ഥം തരുണസഹിതാസ്താമ്രപാദാരവിന്ദാഃ'

ഇത്യാദി ശബ്ദവൈചിത്ര്യങ്ങളും,

'അസ്യഭ്രൂമഃ കിമദനവധേരുന്നതിശ്ശാവരീതേ'
'വിഭ്രാഡ്ബുദ്ധേരിവ വിപുലതാം ജ്ഞാസ്യസേ താവതീം താം'
'പശ്യ ത്യാജ്യഃ കില പടലിയാ പാക്ഷികോഽപ്യന്തരായഃ'

ഇത്യാദ്യൎത്ഥവൈചിത്ര്യങ്ങളും അതിൽ അതിസുലഭങ്ങളാണു്. ഈ രണ്ടു കാവ്യങ്ങളെ തമ്മിലൊത്തുനോക്കിയതിൽ ഒരു അനുഗതമായ വൈജാത്യം എന്റെ ദൃഷ്ടിയിൽ പെട്ടതെന്തെന്നാൽ, നമ്പൂതിരിക്കു് ഒരു കല്പിതമായ ഇതിവൃത്തലേശത്തെ അവലംബിച്ചുകൊണ്ടു് 'മേഘസന്ദേശ'ത്തിനെതിരായി ഒരു 'ശുകസന്ദേശ'ത്തെ നിൎമ്മിച്ചു് അതിനുമുഖേന കാളിദാസനു പ്രതിദ്വന്ദ്വിയായി താൻ ലക്ഷ്മീദാസനായ് ചമയണം എന്നാണുദ്ദേശ്യം. തമ്പുരാനാകട്ടേ, തന്റെ ജീവചരിത്രത്തിന്റെ ഏതാനുമൊരംശം സൂചിതവൃത്തിയിൽ നിന്നും ഒരു കാവ്യത്തിലേയ്ക്കു പകൎത്തിക്കണ്ടു രസിക്കണമെന്നാണു വിചാരം. ലക്ഷ്മീദാസനെപ്പോലെ വലിയകോയിത്തമ്പുരാൻ അസംഭാവ്യവസ്തുവൎണ്ണനം ചെയ്തു് ഒരിടത്തും അവാസ്തവബുദ്ധിയെ ഉളവാക്കുന്നില്ല.

'കണ്ടിട്ടാശാരികളതു പകൎത്തി പ്രതിച്ഛായയാതേ' [ഉ-21]
'കൊട്ടാരത്തിൽ കൊടിയ പദമായോരു സൎവ്വാധികാരം'
[ഉ—37]

എന്നും മറ്റും ചില ഭാവികാൎയ്യങ്ങളെ മുൻകൂട്ടി ദിവ്യമായ കവിചക്ഷുസ്സുകൊണ്ടു കണ്ടിട്ടുണ്ടെന്നേ ഉള്ളു. 'മയൂരസന്ദേശ'കൎത്താവിന്റെ വൎണ്ണനകളിൽ "വണ്ടും ഞണ്ടും വടിവൊടു കളിക്കുന്ന കച്ഛങ്ങളും"; "പിന്നിൽ കൂടിപ്പരിചിനൊടണഞ്ഞും മറ്റു ബോട്ടൊന്നു കണ്ടാൽ കൈവൎത്തർ തണ്ടു ചാണ്ടുന്നതും"; സച്ചേലത്തെസ്സരസമരയിൽ ചേൎത്തു വക്കീലന്മാർ കച്ചേരിക്കായ് ചെരിപ്പിട്ടു പോകുന്നതും"; "നാനാവൎണ്ണപ്രകടിതചമത്കാരമാം വേഷമോടേ സേനാവൃന്ദം പെരുവഴി പകന്നീടുന്നതും"; "കയ്യാലെത്തിക്കുതുകമിയലും കുട്ടികൾക്കും പറിക്കാവുന്ന ഫലശ്രേണി തൂങ്ങുന്ന തൈമാവുകളും"; എന്നുവേണ്ട, ഓരോന്നും പ്രത്യേകം നോക്കിയാൽ വാസ്തവകഥനമാത്രമാകുന്നു. പൌരസ്ത്യകവികൾ ലൌകികവസ്തുക്കളെ നോക്കുന്നതു് അതിശയോക്തി എന്ന ഭൂതക്കണ്ണാടിയിൽക്കൂടിയാണെന്നുള്ള അപവാദത്തെ ഈ ഖണ്ഡകാവ്യം നിശ്ശേഷമായ് നിൎമ്മാൎജ്ജനം ചെയ്യുമെന്നു ലേശം മടി കൂടാതെ ഞാൻ ശപഥംചെയ്യുന്നു.

കാളിദാസകൃതിയോടു് താരതമ്യം പരീക്ഷിക്കത്തക്ക യോഗ്യത സമ്പാദിക്കതന്നേ ഒരു കാവ്യത്തിനുണ്ടാകാവുന്ന ഭാഗ്യത്തിന്റെ പരമകാഷ്ഠയാകുന്നു. 'മയൂരസന്ദേശ'ത്തിനു് ഈ യോഗ്യത സിദ്ധിച്ചിട്ടുണ്ടെന്നു് ഞാൻ മാത്രമല്ല, ഇദാനീന്തനന്മാരായ കാവ്യരസികന്മാരിൽ ഒന്നാമനെന്നു തീർച്ചപ്പെട്ടിട്ടുള്ള 'ഇന്ദുലേഖാ'കർത്താവുംകൂടി പ്രകടമായി സമ്മതിച്ചിരിക്കുന്നു. "ഈ പുസ്തകത്തിന്മേൽ അദ്ദേഹത്തിനുള്ള അളവില്ലാത്ത വാത്സല്യത്തിന്റെ വ്യാപാരങ്ങൾ പല പ്രകാരങ്ങളിലും തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്നതിൽ ഒന്നാണു് മംഗലപുരം ബാസൽ മിഷ്യൻ അച്ചുക്കൂടത്തിൽ" ഇതിനെ നാനാചിത്രോപശോഭിതങ്ങളായ പത്രങ്ങളിൽ സവിശേഷമായി അച്ചടിച്ചു പ്രസിദ്ധം ചെയ്തതു്. കിംബഹുനാ,

മണിപ്രവാളവ്യാപാരി മന്നിലിക്കവിപുംഗവൻ
നോട്ടക്കാരിലുമപ്പൂണ്ണം നാട്ടോടേ ചന്തുമേനവൻ.

എന്നാൽ 'മയൂരസന്ദേശ'ത്തിനു 'മേഘസന്ദേശ'ത്തേക്കാൾ ഒരു മാററു കൂടുകയില്ലയോ എന്നാണു് എന്റെ തർക്കം. പ്രാചീന കാളിദാസൻ ശബ്ദഭംഗിയിൽ ലേശം മനസ്സുവച്ചിട്ടില്ല. നവീന കാളിദാസന്റെ സൂക്തികളിലാകട്ടേ ശബ്ദമോ അർത്ഥമോ സരസതരമെന്നു് ഒരുവനും പരിച്ഛേദിക്കാൻ പാടില്ല. ഗുരുജനപക്ഷപാതം എന്നെ വ്യാമോഹിപ്പിക്കുന്നതല്ലെന്നു് ഒന്നുരണ്ടു് ഉദാഹരണങ്ങൾ മഹാജനങ്ങളെ ബോധപ്പെടുത്തും.

1. ദൂതനെ ആവർജ്ജനം ചെയ്യുന്നതിൽ—

'ജാതം വംശേ ഭുവനവിദിതേ പുഷ്കലാവർത്തകാനാം
ജാനാമി ത്വാം പ്രകൃതിപുരുഷം കാമരൂപം മഘോനഃ
തേനാർത്ഥിത്വം ത്വയി വിധിവശാദ്ദൂരബന്ധുർഗ്ഗതോഽഹം
യാച്ഞാ മോഘാ വരമധിഗുണേ നാധമേ ലബ്ധകാമാ.'

'ധന്യാത്മാവേ! ഖഗവര! ജയിച്ചാലുമുള്ളം കനിഞ്ഞി-
ട്ടന്യായത്താലഴലിലുഴലുന്നെന്നെ നീതാൻ തുണെക്കൂ
വന്യാവാസേ വിഹഗനിവഹേ ബാഹുലേയൻ ഗ്രഹിച്ചാ-
നന്യാസാധാരണഗുണഗണം കാൺകയാൽതന്നെ നിന്നേ.'

(പു. 6.)

2. ദൂതന്റെ കൃത്യം സമഷ്ടിയായ് പ്രസ്താവിക്കുന്നതിൽ—

മാർഗ്ഗം താവച്ഛൃണു കഥയതസ്ത്വൽപ്രയാണാനുരൂപം
സന്ദേശം മേ തദനു ജലദ! ശ്രോഷ്യസി ശ്രോത്രപേയം
ഖിന്നഃ ഖിന്നഃ ശിഖരിഷു പദം ന്യസ്യ ഗന്താസി യത്ര
ക്ഷീണഃ ക്ഷീണഃ പരിലഘുപയഃ സ്രോതസാഞ്ചോപയുജ്യ.'

'തന്ദേശം ചെന്നണവതിനു തേ ചൊല്ലുവേൻ മാർഗ്ഗമാദൌ
സന്ദേശം ചൊന്നഥ സപദി ഞാൻ യാത്രയാക്കാം ഭവാനെ
സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണി-
[തന്നിൽ.' (പൂ. 16.)

3. തല്ക്കാലോചിതം പ്രവൃത്തിക്കാനുപദേശിക്കുന്നതിൽ—
'ശബ്ദായന്തേ മധുരമനിലൈഃ കീചകാഃ പൂര്യമാണാഃ
സംസക്താഭിസ്ത്രിപുരവിജയോ ഗീയതേ കിന്നരീഭിഃ
നിർഹ്രാദസ്തേ മുരജ ഇവ ചേൽ കന്ദരേഷു ധ്വനിസ്സ്യാൽ
സംഗീതാർത്ഥോ നനു പശുപതേസ്തത്ര ഭാവീ സമഗ്രഃ.'

'പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വച്ചിടേണം
മൌലിക്കെട്ടിൽ തിരുകുമതിനെത്തീർച്ചയായ് ഭക്തദാസൻ.'
(പൂ. 16.)

4. ദ്രോഹിപ്പാൻ വരുന്ന കളിക്കൂട്ടരെത്തടുത്തു നില്ക്കാൻ വഴി പറഞ്ഞുകൊടുക്കുന്നതിൽ—

'തത്രാവശ്യം വലയകുലിശോദ്ഘട്ടനോദ്ഗീർണ്ണതോയം
നേഷ്യന്തി ത്വാം സുരയുവതയോ യന്ത്രധാരാഗൃഹത്വം
താഭ്യോ മോക്ഷസ്തവ യദി സഖേ ഘർമ്മലബ്ധസ്യ ന സ്യാൽ
ക്രീഡാലോലാഃ ശ്രവണപരുഷൈർഗ്ഗർജ്ജിതൈർഭായയേസ്താഃ!'

‘ക്രീഡിച്ചേന്നിട്ടൊരുവക കളിക്കൂട്ടർ നിന്നെപ്പിടിക്കാ-
നോടിച്ചെന്നെങ്കിൽ പടുതയൊടു നീ പിന്തിരിഞ്ഞന്തികത്തിൽ
ചാടിച്ചെന്നച്ചതുരതയെഴും പീലിയബ്ബാലകന്മാർ
പേടിച്ചോട്ടംപടി ഝടിതിയൊന്നുച്ചലിപ്പിച്ചിടേണം.’

(പു. 21.)

5. അഭിജ്ഞാനവാക്യത്തിൽ—

‘ഭൂയശ്ചാഹ ത്വമപി ശയനേ കണ്ഠലഗ്നാ പുരാ മേ
നിദ്രാം ഗത്വാ കിമപി രുദതീ സസ്വരം വിപ്രബുദ്ധാ
സാന്തർഹാസം കഥിതമസകൃൽ പൃച്ഛതശ്ച ത്വയാ മേ
ദൃഷ്ടഃ സ്വപ്നേ കിതവ! രമയൻ കാമപി ത്വം മയേതി.’

‘ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ! കിമപി നിഹനിച്ചീടിനേൻ നീഡജത്തെ
മാലാർന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ?’ (ഉ. 68)

ആകപ്പാടെ നോക്കുമ്പോൾ വാസ്തവകൃത്രിമങ്ങൾക്കു തമ്മിലുള്ള അന്തരം ആർക്കും അപലപിക്കാവുന്നതല്ലെന്നു നല്ലവണ്ണം ബോധപ്പെടുന്നുണ്ടു്. ഉള്ളും കവിഞ്ഞു പായുന്ന സാഹിത്യസുധാസമുദ്രത്തിന്റെ തരംഗപരമ്പരകളാലുള്ള തള്ളൽ പൊറുക്കാതെ വലയുന്ന കവികുഞ്ജരന്മാരിലുള്ള വാത്സല്യത്താൽ ആ പരമകാരുണികനായ കവിവൃദ്ധൻ സന്ദേശം എന്നു് ഒരു അച്ചു് വാർത്തിട്ടു എന്നാണു പറയേണ്ടതു്. ഒരു ബഹിഷ്കൃതനായ യക്ഷൻ ഒരു മേഘത്തോടു യാചിക്കുന്നു, വിരഹിതയായ തന്റെ കാന്തയ്ക്കു ദൂതു ചെന്നു പറയണമെന്നു്. യക്ഷൻ എന്നാലാരാണു്? ഉദ്യാനവാപീപർവ്വതാദിവിഹാരസ്ഥാനങ്ങളുടെ അധിഷ്ഠാതൃദേവതകളിലൊന്നെന്നേ പറയാൻ പാടുള്ളു. അവന്റെ നാടോ, മനുഷ്യസഞ്ചാരത്തിനു് അപ്പുറത്തു കിടക്കുന്ന ഹിമവാന്റെ വടക്കുഭാഗമാകുന്ന അളകാപുരി. ദൂതനായിട്ടു കിട്ടിയതു് ഒരു മേഘത്തെ ആണു്. യക്ഷഗന്ധർവ്വാദികൾ ചില സമയം മനുഷ്യസ്ത്രീകളിൽ അധിവാസം ചെയ്യുമെന്നും ആ വിവരം അവരുടെ രാജാവായ വൈശ്രവണൻ അറിഞ്ഞാൽ അവരെ അതിനു് ശിക്ഷിക്കുമെന്നും മറ്റും കുഞ്ഞുങ്ങളോടു് നാം കഥ പറയാറു പതിവുണ്ടു്. ഇപ്രകാരമുള്ള ഒരു കഥയെ എടുത്തു

കാളിദാസൻ ഒരു പ്രൌഢജനമനോഹരമായ കാവ്യമാക്കിച്ചമച്ചുവെന്നോ, അല്ലാത്തപക്ഷം വേശ്യാലമ്പടനായ ഇദ്ദേഹം ഒരു ദിവസം യദൃച്ഛയാ ഒരു സുന്ദരമായ കാർമ്മേഘം തെക്കനിന്നു വടക്കോട്ടു പോകുന്നതു നോക്കിക്കൊണ്ടു് സന്നിഹിതയായ സ്വകാന്തയേ "ഭാതി ശ്രീരമണാവതാരദശകം ബാലേ ഭവത്യാഃ സ്തനേ" എന്നും മററും സമർത്ഥിപ്പിച്ചിട്ടുള്ളതുപോലെ ഇങ്ങനെ ഒരു വിചിത്രമായ കാവ്യം ചമച്ചു വിനോദിപ്പിച്ചു എന്നോ മറേറാ ആയിരിക്കണം 'മേഘസന്ദേശ'ത്തിൻെറ ആഗമം.

'മയൂരസന്ദേശ'മാകട്ടെ, അതിൻെറ കവിയായ മഹാനുഭാവന്നു് എന്തോ ഒരു ദൌർദ്ദൈവവശാൽ 20-വർഷം മുമ്പു സംഭവിച്ച ഒരു ആപത്തിനെ കഥാവസ്തുവായി അവലംബിച്ചു പ്രവർത്തിച്ചിട്ടുള്ളതാകുന്നു. ഈ സംഗതി മലയാളം ഒട്ടുക്ക പ്രസിദ്ധമാകയാൽ അതിനെപ്പററി നാം ഇവിടെ പ്രസ്താവിക്കേണ്ടതില്ല.

'മുട്ടാതെല്ലാം നിയതി മുറപോൽ ചെയ്തിടുമ്പോൾ തടസ്ഥം
തട്ടാതററൂ വിരഹമനയോർന്നീലകണ്ഠനുമപ്പോൾ
കൊട്ടാരത്തിൽ കൊടിയ പദമായോരു സർവ്വാധികാരം
കിട്ടാനുണ്ടാമുടനവസരം ശ്രീവിശാഖപ്രസാദാൽ.'

തിരുവനന്തപുരം,
1070 കുംഭം 5-ാംനു

വ്യാഖ്യാതാ,
A. R. Raja Raja Varma.

ശ്രീ

മയൂരസന്ദേശം

മണിപ്രവാളം.

സവ്യാഖ്യാനം.

പൂർവ്വഭാഗം.

ശ്രീമാൻ വഞ്ചിക്ഷിതിപതി ഭുജങ്ഗർക്ഷജൻ ലക്ഷ്മിയാകും
സാമാന്യംവിട്ടെഴുമുരുഗുണാഭോഗയാം ഭാഗിനേയീം
പ്രേമാവാസപ്രിയതമവിയോഗത്തിനാലാർത്തയാക്കി-
സ്സീമാതീതേ കദനജലധൌ കേരളം തള്ളിവിട്ടാൻ. 1

ശ്ലോകം 1. ശ്രീമാൻ വഞ്ചിക്ഷിതിപതി = ശ്രീവഞ്ചിരാജൻ. ഭുജങ്ഗർക്ഷജൻ = ആയില്യംതിരുനാൾ. 'അശ്വതിക്കശ്വിനീദേവർ ഭരണിക്കു യമൻ തഥാ' ഇത്യാദി നക്ഷത്രദേവതകളിൽ ആയില്യത്തിനു സർപ്പത്താന്മാരാകുന്നു ദേവത. സാമാന്യം വിട്ടെഴുമുരുഗുണാഭോഗയാം = സാമാന്യം വിട്ട്, അസാമാന്യമായി എഴുന്ന ഉരുഗുണാഭോഗത്തോട് = ബഹുഗുണമഹിമാവോടുകൂടിയ. ലക്ഷ്മിയാകും ഭാഗിനേയീം = ലക്ഷ്മിയെന്ന അനന്തിരവളെ. പ്രേമാവാസപ്രിയതമവിയോഗത്തിനാൽ = സ്നേഹത്തിന്നിരിപ്പിടമായ ഭർത്താവിന്റെ വിരഹത്താൽ. ആർത്തയാക്കി = ദുഃഖിതയാക്കീട്ട് കേരളം = കേരളനെ, തൽഭർത്താവായ കേരളവർമ്മ വലിയകോയിത്തമ്പുരാനെ; കേരളത്തെ, മലയാളദേശത്തെ, തദ്വാസികളായ ജനങ്ങളെ എന്നും ഒരർത്ഥം സ്ഫുരിക്കുന്നു. സീമാതീതേ കദന-ജലധൌ = അതിരില്ലാത്ത ദുഃഖമാകുന്ന സമുദ്രത്തിൽ. തള്ളിവിട്ടാൻ = ഉന്തി അയച്ചാൻ. അസാമാന്യഗുണയായ ഭാഗിനേയിയുടെ കഷ്ടദശയെക്കൂടി ഗണിക്കാഞ്ഞതു കഠിനമെന്നും, അവധി നിശ്ചയിക്കാതെ ശിക്ഷകല്പിച്ചതു് അധർമ്മമെന്നും, ഈ വിധം ആപത്തു് അപ്രതീക്ഷിത

ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര-
ദ്വിഷ്ടത്വത്താലൊരുവനുളവാം മാനനഷ്ടത്തിനാലും
കഷ്ടപ്പെട്ടുപ്പുരുഷനൊരു നാലഞ്ചു് കൊല്ലം കഴിച്ചാൻ
ദിഷ്ടക്കേടാൽ വരുവതു പരീഹാരമില്ലാത്തതല്ലോ. 2

ആവിശ്ചിന്താഭരമവനരിപ്പാട്ടു വാണോരു കാലേ
സേവിക്കാനായ് ഗുഹനെയൊരു നാളാസ്ഥയാ പോയനേരം
ഭാവിശ്രേയഃസൂചിതശകുനം കണ്ടുപോൽ നീലകണ്ഠം
കോവിൽക്കെട്ടിൽക്കലിതഘന ഭഗവദ്വാഹനംമോഹനാംഗം. 3

മെന്നും, ഇതിനാൽ മലയാളത്തിലെ ജനങ്ങൾക്കു് അധികമായ ദുഃഖമുണ്ടായി എന്നും അതു പദങ്ങളുടെ സ്വാരസ്യത്താൽ ധ്വനിക്കുന്നു. ആദിയിൽ ശ്രീശബ്ദപ്രയോഗത്താൽ കവി അദ്ധ്യേതൃശ്രോതാക്കൾക്കു മംഗളമാശംസിക്കുന്നു. വൃത്തം, സന്ദേശവൃത്തമെന്നു പ്രസിദ്ധമായ മന്ദാക്രാന്ത. പരിപൂർണ്ണമായ ദ്വിതീയാക്ഷരപ്രാസത്തിനും പുറമേ കാവ്യജീവനായ വൃത്ത്യനുപ്രാസം ഈ ഗ്രന്ഥത്തിൽ നിയമേന കാണുന്നുണ്ടു്. ദമ്പതിമാർക്കു് അതർക്കിതവും അനിശ്ചിതാവസാനവുമായ വിരഹത്തിനു നിദാനമായിത്തീർന്ന രാജഗതമായ സാഹസത്തിന്റെ വർണ്ണനംകൊണ്ടു ഗ്രന്ഥമാരംഭിച്ചതു്, പ്രതിപാദ്യമായ വിപ്രലംഭശൃംഗാരത്തിനു വളരെ അനുഗുണമായി എന്നു കാണുക.

ശ്ലോകം 2. 'ഒരു നാലഞ്ചു കൊല്ല'മെന്നു ക്ലിപ്തം കൂടാതെ നിർദ്ദേശിക്കയാൽ പ്രാണസ്നേഹിതയായ നായികയുടെ വിരഹവും രാജദ്വേഷംമൂലമുള്ള മാനഹാനിയും സഹിച്ചുകൊണ്ടു കഴിച്ചുകൂട്ടിയ കാലം സ്വല്പമായിരുന്നാലും ഇത്രയെന്നു പരിച്ഛേദിക്കാൻ പ്രയാസമെന്നു കാണിക്കുന്നു. എന്നാൽ ഇക്കഷ്ടമെല്ലാമെങ്ങനെ സഹിച്ചുവെന്നതിലേയ്ക്കു് അർത്ഥാന്തരന്യാസംകൊണ്ടു സമാധാനം പറയുന്നു. 'കാലക്കേടുകൊണ്ടു വരുന്നതു് സഹിക്കയേ നിർവാഹമുള്ളുവല്ലോ' എന്നു് 'പുരുഷൻ കഴിച്ചു' എന്നതിനാൽ സ്ത്രീക്കു പ്രകൃത്യാ ഉള്ള അബലതനിമിത്തം വിരഹം ദുസ്സഹതരമായിരിക്കുമെന്നും അവളുടെ സ്ഥിതി അതിനാൽ ഏതുവിധമായിരിക്കുമെന്നറിവാനുള്ള ഉൽക്കണ്ഠയെയും വ്യഞ്ജിക്കുന്നു.

ശ്ലോകം 3. ആവിശ്ചിന്താഭരം = വിരഹത്തിനെന്നാണവസാനമെന്നു് ആവിർഭൂതമായ ചിന്താഭരത്തോടുകൂടുംവണ്ണം, അവൻ(സ്വഗൃഹ

കൊണ്ടൽക്കോളാൽ കലിതകുതുകം പീലിയെല്ലാം പരത്തി-
ക്കൊണ്ടക്കേകിപ്രവരനഴകോടാട്ടമാടുന്ന ഭംഗീം
കണ്ടക്കാമീ നിജകമനിതാം നീലവേണീം നിനച്ചി-
ട്ടിണ്ടൽക്കേറ്റം വശഗനവിടെത്തന്നെമിണ്ടാതെനിന്നാൻ. 4

സന്താപഘ്നം സകലജഗതാം സ്കന്ദനേ വന്ദനം ചെ-
യ്യെന്തായാലും വിഷമമിതിനാലൊന്നുമില്ലെന്നുറച്ചു
ചിന്താമഗ്നൻ ചിരമവിടെനിന്നമ്മയൂരത്തോടേവം
ഹന്താത്യന്തം പരവശതയാലന്തരങ്ഗേണ ചൊന്നാൻ. 5

മായ) അരിപ്പാട്ടു വാണ കാലത്തിൽ ഒരു ദിവസം (ദേശാധിനാഥനായ) കുമാരസ്വാമിയെ വന്ദിപ്പാൻ പോയപ്പോൾ ശ്രേയസ്സു് ഭാവിയായിരിക്കുന്നുവെന്നു സൂചിപ്പിക്കുന്ന ശകുനവും (പക്ഷിയുമാണല്ലോ!) സ്വാമിയുടെ വാഹനമാകയാൽ അമ്പലത്തിൽത്തന്നെ ഒരേടത്തു രക്ഷിക്കപ്പെട്ടതും ആയ ഒരു മയിലിനെ യദൃച്ഛയാ കണ്ടു.

ശ്ലോകം 4. കൊണ്ടൽക്കോൾ = മഴക്കാറു്. മിണ്ടാതെ = നായികാസ്മരണത്താൽ പുതുതാക്കിച്ചെയ്യപ്പെട്ട ഉത്കണ്ഠയോടെ. മയിലാട്ടം മുതലായ വസ്തുവിലെ ഉദ്ദിപനങ്ങളെ നായികയെങ്ങനെ സഹിക്കുമെന്നുള്ള ആധിയിലാണു് 'ഇണ്ടൽക്കേററം വശഗ'നായതു്. മയിൽപ്പീലി കണ്ടപ്പോൾ നീലവേണിയെ ഓർത്തുകൊണ്ടു് 'സ്മൃതിമാൻ' എന്ന അലങ്കാരം. വാസ്തവമായിട്ടു് അക്കാലത്തു് അരിപ്പാട്ടു് സുബ്രഹ്മണ്യക്ഷേത്രത്തിൽ ഒരു മയിലിനെ അടച്ചു സൂക്ഷിച്ചിരുന്നു.

ശ്ലോകം 5. ചിന്താമഗ്നനായി നിന്നതിന്റെ ശേഷം എന്തു ചെയ്തുവെന്നു പറയുന്നു. സന്താപഘ്നം = എല്ലാ ജനങ്ങളുടേയും താപത്തെ നശിപ്പിക്കുന്ന. ഇതിനാൽ = ഈദൃശനായ ദേവനെ വന്ദിക്കുന്നതുകൊണ്ടു് തന്റെ സന്താപം ശമിക്കുമെന്നു സിദ്ധിക്കുന്നു. എന്തായാലും = കാര്യം ഫലിച്ചാലും ഇല്ലെങ്കിലും മനോരാജ്യം വിചാരിക്കുന്നതിനു വിരോധമില്ലല്ലോ. സന്ദേശം ഏതു വിധത്തിൽ വേണം ചെയ്യാൻ എന്നു് ആലോചിക്കുന്നതിനു വേണ്ടിയാണു് 'ചിന്താമഗ്ന

ധന്യാത്മാവേ! ഖഗവര! ജയിച്ചാലുമുള്ളം കനിഞ്ഞി-
ട്ടന്യായത്താലഴലിലുഴലുന്നെന്നെ നീ താൻ തുണയ്ക്ക
വന്യാവാസേ വിഹഗനിവഹേ ബാഹുലേയൻ ഗ്രഹിച്ചാ-
നന്യാസാധാരണഗുണഗണം കാൺകയാൽത്തന്നെ നിന്നെ. 6

പാരിൽപ്പാർത്താലിഹ ഫണികുലന്തന്നിൽ നിന്നോടുതുല്യം
വൈരം താം പൂണ്ടൊരു പതഗമാം പത്രമേറിച്ചരിക്കും
ശൗരിക്കും താം പ്രതി മമതയാൽത്തന്നെ നിൻപൃഷ്ഠലഗ്നം
ഭൂരിശ്രീ ചേർന്നൊരു തനുരുഹം മൂർദ്ധ്നി ചൂടുന്നു ദേവൻ. 7

നായി ചിരമവിടെത്തന്നെ നിന്നതു്". 'അത്യന്തം പരവശതയാ'ലാണു് തിര്യക്കായ മയിലിനോടു് സംസാരിക്കാൻ പുറപ്പെട്ടതു്. ഇങ്ങനെയും വന്നുപോകുന്നുവല്ലോ എന്നു് ആശ്ചര്യം 'ഹന്ത' ശബ്ദത്താൽ വെളിപ്പെടുന്നു. സ്കന്ദവാഹനമായ മയൂരത്തിനു് ദേവസംബന്ധേന ഐശ്വര്യമുള്ളതുകൊണ്ടു് അതിനു മനസ്സിൽ ചെയ്യുന്ന പ്രാർത്ഥനയേയും അറിവാൻ കഴിയുന്നതിനാലും തിര്യഗാമന്ത്രണം കണ്ടു് തടസ്ഥന്മാർക്കു തന്റെ ചാപല്യത്തെ പരിഹസിക്കാൻ ഇട കൊടുക്കരുതു് എന്നുള്ള കരുതലിനാലും ആണു് മനസ്സുകൊണ്ടു ചൊന്നതു്.

ശ്ലോകം 6. 'ഏവം ചൊന്നാൻ' എന്നതിനെത്തന്നെ എങ്ങിനെ എന്നു് ഗ്രന്ഥശേഷംകൊണ്ടു വിവരിക്കുന്നു. മഹാജനാചാരം പ്രമാണിച്ചും ഈശപുരവാഹനമെന്ന ഭക്തിയാലും ആശിസ്സു ചെയ്യുന്നു 'ധന്യാത്മാവേ ഖഗവര ജയിച്ചാലു'മെന്നു്. അഴൽ = കത്തിക്കാളുന്നപോലെയുള്ള താപം. ഈ വിധം തപിക്കുന്നവനിൽ ധന്യനായ നിനക്കു് കനിവു തോന്നാതിരിക്കയില്ലല്ലോ. ഭഗവാൻ നിന്നെ വാഹനമായിട്ടു തിരിഞ്ഞെടുക്കയാൽ നീ അന്യാദൃശഗുണവിശിഷ്ടനാണെന്നു് എനിക്കു ബോദ്ധ്യപ്പെടുകകൊണ്ടാണു് 'നീതാൻ തുണയ്ക്കേണം' എന്നു ഞാൻ നിർബന്ധിക്കുന്നതു്. വന്യാവാസം = വനി അല്ലെങ്കിൽ വന്യാ (വനസമൂഹം) ആകുന്ന ആവാസത്തോടുകൂടിയതു്. വിഹഗനിവഹം = പക്ഷിക്കൂട്ടം. സപ്തമിക്കു് അതിൽവച്ചു് എന്നർത്ഥം.

ശ്ലോകം 7, മയൂരത്തിന്റെ വിശിഷ്ടതയെത്തന്നെ പിന്നെയും പ്രതിപാദിക്കുന്നു. ഫണികുലം = സർപ്പവംശം. പത്രം = വാഹനം, ഗരുഡൻ, നിൻപൃഷ്ഠലഗ്നം ഭൂരിശ്രീ ചേർന്നൊരു തനുരുഹം = നിന്റെ പൃഷ്ഠ-

ആകാരത്തിൻസുഷമയിതുപോലേതു പക്ഷിക്കു പാരിൽ?
കേകാരാവം ശ്രവണസുഖദം കേൾക്കിലോ തൃപ്തിയാകാ
ലോകാനന്ദപ്രദമസദൃശം നൃത്തവും തേ ശകുന്തേ!
ശോകാനാം മേ ശുഭഗുണ! ഭവാനീശനാം നാശനായ. 8

ദൂനം ദൂരസ്ഥിതദയിതനായേതുമാശ്വാസമില്ലാ-
ത്തേനം ദീനം ജനമനുകനിഞ്ഞൊന്നുചെയ്താലുമിപ്പോൾ
സ്യാനന്ദൂരം പുരവരമതിൽ ചെന്നു മൽപ്രാണനാഥ-
ന്നാനന്ദം നീയരുളുക പറഞ്ഞെന്റെ സന്ദേശവാക്യം. 9

ത്തിൽ ചേന്ന പ്രകാശമാനമായ ഒരു തൂവൽ, പീലി. പൃഷ്ഠരോമത്തെ മൂർദ്ധാവിൽ ചൂടുന്നു എന്നു പറഞ്ഞതിനാലും 'നിന്നോടു തുല്യം ഫണികുലത്തിൽ വൈരിത്വം പൂണ്ട പക്ഷി' എന്നു പര്യായോക്തരീതിയിൽ ഗരുഡനെ വർണ്ണിച്ചതിനാലും വിഷ്ണു നിന്നെ ലഭിക്കാത്തതിനാലാണു ഗരുഡനെ സ്വീകരിച്ചതെന്നും ഇപ്പോഴും അദ്ദേവനു നിന്നെക്കുറിച്ചു ബഹുമാനത്തിനു കുറവില്ലെന്നും ധ്വനിക്കുന്നു.

ശ്ലോകം 8. അനന്തരം 'യത്രാകൃതിസ്തത്ര ഗുണാ വസന്തി' എന്ന സാമുദ്രികലക്ഷണപ്രകാരവും മയിൽ ഗുണവാനെന്നു സാധിക്കുന്നു. ആകൃതിസൌന്ദര്യം ഒരു പക്ഷിക്കും നിന്നെപ്പോലെയില്ല; മധുരമായ നിന്റെ ശബ്ദം (കേകാരവം) കേട്ടാലോ പിന്നെ ഒരിക്കലും മതിയാവുകയില്ല. ഹേ! ശകുന്തേ=അല്ലയോ പക്ഷി! തേ ലോകാനന്ദപ്രദമസദൃശം നൃത്തവും=നിസ്തുല്യമായ നിന്റെ ആട്ടവും ലോകത്തിനു ആനന്ദം കൊടുക്കുന്നതാകുന്നു. (അതിനാൽ) ഇച്ചൊന്ന ലക്ഷണങ്ങളാൽ ശുഭഗുണനായുള്ളോവേ! ഭവാൻ മേ ശോകാനാം നാശനായ=എന്റെ ദുഃഖനിവൃത്തിക്കു, ഈശനാം=സമർത്ഥനാകും. മഹാത്മാക്കൾക്കു എല്ലാം ശക്യമാണല്ലോ.

ശ്ലോകം 9. ശോകനാശനത്തിനുള്ള ഉപായം പറയുന്നു. ദൂരസ്ഥിതദയിതനായി (ബഹുവ്രീഹി)=ദയിത ദൂരത്തിരിക്കയാൽ. ഏതുമാശ്വാസമില്ലാതെ ദൂനനായ്=ദുഃഖിതനായ് ദീനനായിരിക്കുന്നു. ഏനം ജനം=ഈ ആളെ, എന്നെ. അനു=കുറിച്ചു്: കനിഞ്ഞു് ഇപ്പോൾ ഒന്നു്=ഈ ഒരു കാര്യം ചെയ്താലും. എന്തെന്നു് ഉത്തരാർദ്ധത്തിൽ പറയുന്നു. സ്യാനന്ദൂരം=തിരുവനന്തപുരം. അരുളുക=കൊടുക്കുക.

പക്ഷിശ്രേഷ്ഠ! സ്വയമവിടെ നീ പോകിലെൻപ്രാണനാ-
ലക്ഷിച്ചന്യാദൃശസുഷമകൊണ്ടാശു ഭൂലോകലക്ഷ്മീം [ഥാം
അക്ഷിദ്വന്ദ്വം തവ സഫലമാം കിഞ്ച തൽപ്രാണനെസ്സം-
രക്ഷിച്ചുണ്ടാമൊരു ഗുരുതരം പുണ്യവും ഗണ്യമല്ലോ. 10

കല്യാവേശാൽ കലുഷമതിയാമെന്റെ ചാപല്യമൂലം
കല്യാണാംഗിക്കതികഠിനമാമല്ലലേവം പിണഞ്ഞു
കല്യാ ദൈവാൽ കഥമപി സമുന്മൂലിതസ്വാന്തശല്യാ
കല്യാ നിന്നാൽ പരമിഹ മമ ക്ഷേമവാൎത്താം നിവേദ്യ. 11

ശ്ലോകം 10. കാൎയ്യത്തിന്റെ സ്വഭാവം നോക്കിയാൽ ഇതു ചെയ്യുന്നതിനു നിനക്കു മടി തോന്നാനും പാടില്ലെന്നു പറയുന്നു. അവിടെപ്പോയാൽ നിനക്കും കാൎയ്യസാദ്ധ്യമുണ്ടാവും. എങ്ങനെ? പ്രധാനമായിട്ടു മഹാലക്ഷ്മിയുടെ അവതാരംപോലെ മഹാത്മാവായ ആ രാജ്ഞിയെ കണ്ടിട്ടുള്ള നയനസാഫല്യം; അതോടുകൂടി അങ്ങിനെയുള്ള ആളിന്റെ ജീവരക്ഷ എന്ന മഹാസുകൃതം; തഥാ ച സ്വാൎത്ഥം മാത്രം നോക്കുന്ന പക്ഷവും ഇക്കാൎയ്യം ചെയ്യേണ്ടതുതന്നെ എന്നു താല്പൎയ്യം.

ശ്ലോകം 11. ഇത്ര മഹാഭാഗയായ രാജ്ഞിക്കു് എന്നാലീവിധം ആപത്തു് എങ്ങനെ നേരിട്ടു എന്നു് മയിലിനു തോന്നാവുന്ന ചോദ്യത്തിനു് അതിനും നിമിത്തം ഞാനാണു്; അതിനാൽ തന്നെ ആണു് എനിക്കു് ഇത്ര നിർബന്ധവും എന്ന അഭിപ്രായത്തിൽ ഉത്തരം പറയുന്നു. കല്യാവേശം=കലിയുടെ ആവേശം. എനിക്കും എന്തോ തൽക്കാലമുണ്ടായ കലിബാധയാൽ അങ്ങിനെ ഒരു ചാപല്യത്തിനു് (അവിവേകത്തിനു്) ഇടയായി എന്നേ ഉള്ളൂ എന്നു ഭാവം. ദൈവാൽ കല്യാ=ഈശ്വരാനുഗ്രഹംകൊണ്ടു് കുശലിനിയായിരിക്കുന്ന അവൾ. ഇഹ മമ ക്ഷേമവാൎത്താം നിവേദ്യ=ഇവിടെ എനിക്കു ക്ഷേമമെന്ന വൎത്തമാനം അറിയിച്ചിട്ടു്. നിന്നാൽപരം=നിന്നാൽതന്നേ. കഥമപി സമുന്മൂലിതസ്വാന്തശല്യാ കല്യാ=ഏതു വിധേന എങ്കിലും മനശ്ശല്യമില്ലാത്തവളാക്കിച്ചെയ്യപ്പെടേണ്ടവളാകുന്നു. എൻമൂലമാണാപത്തെങ്കിലും എന്റെ ക്ഷേമവാൎത്ത അറിഞ്ഞേ മഹാരാജ്ഞിക്കു മനശ്ശല്യത്തിനു കുറവു വരൂ എന്നു നിർദ്ദേശിക്കയാൽ നായികയുടെ അനുരാഗാതിശയവും ക്ഷമയും ഗാംഭീൎയ്യവും മററും ധ്വനിക്കുന്നു.

തത്താദൃക്കാം നരപതിഭയംകൊണ്ടു മററാരുമിപ്പോ-
ളെത്താനും തൽപുരമതിൽ മഹാരാജ്ഞിയെക്കാണുവാനും
വൃത്താന്തം മേ പറവതിനുമാളല്ല നീ തന്നെ വേണം
ചിത്താശ്വാസം രുചിരചികുരയ്ക്കേകുവാൻ കേകിവര്യ! 12

കോടക്കാർകൊണ്ടിരുളിയലുമീയംബരം കാണവേ മാൻ-
പേടക്കണ്ണാൾ വിരഹവിധുരീഭാവമാർന്നെൻെറ നാഥാ
ക്രൂടശ്രേണ്യൂടകരെയുമതിനാലാശു നീയന്തികേ ചെ-
ന്നാടൽക്കെല്ലാമറുതിയുളവാക്കേണമെൻക്ഷേമമോതി. 13

ഇക്കാലത്തെൻകുശലമതിനായുൾക്കുരുന്നിൽ കുമാരൻ-
തൃക്കാലെത്താനൊരു ശരണമായോർത്തു നിത്യം ഭജന്തീ
മുക്കാലുന്നാൾ വ്രതവുമൊരുതിങ്കൾക്കു കയ്ക്കൊണ്ടിരിക്കു-
ന്നക്കാർവേണിയ്ക്കുകതളിർ തണുപ്പിക്ക ചിക്കെന്നു ചെന്നു.
14

ശ്ലോകം 12. 'നിന്നാൽ പരം കല്യാ' എന്നു പരിച്ഛേദിച്ചു പറഞ്ഞതിനെ സമർത്ഥിക്കുന്നു. രാജഭയത്താൽ സാധാരണന്മാർക്ക് ഈ അവസരത്തിൽ ഇക്കാര്യം സാദ്ധ്യമല്ല; എന്തുകൊണ്ടെന്നാൽ ഒന്നാമതു് അവിടെ ചെല്ലുക ദുർഘടം; ചെന്നാൽ രാജ്ഞിയെക്കാണുക: കണ്ടാൽ എൻെറ ദൂതു പറക; നിനക്കോ പിന്നെ പക്ഷിയും ഈശ്വരാംശവുമാകയാൽ രാജഭയം വേണ്ടല്ലോ എന്നു ഹൃദയം. അതിനാൽ ആ സുന്ദരിക്കു നീതന്നെ ആശ്വാസമേകണം. കേകിവര്യ! = മയൂരശ്രേഷ്ഠ! എന്നു സംബോധനം.

ശ്ലോകം 13. ഈ വർഷർത്തുവിൻെറ സ്ഥിതി നോക്കുമ്പോൾ ആ വിരഹിണിക്കു് ഇപ്പോൾ ദുഃഖം ദുസ്സഹമായിരിക്കുമെന്നു തോന്നുന്നു. അതിനാൽ ശീഘ്രംതന്നെ ആശ്വസിപ്പിക്കുക ആവശ്യമെന്നുപദേശിക്കുന്നു. 'കോട' എന്നാൽ പടിഞ്ഞാറൻകാററു്. അതിനാൽ കോടക്കാർ=കാലവർഷത്തിലെ മഴക്കാർ. വിരഹവിധുരീഭാവം=വിരഹംകൊണ്ടുള്ള ഉഴൽച്ച. നാഥാ=പ്രാണനാഥാ അന്തികേ=സമീപത്തിൽ. ആടൽ=ഉത്കണ്ഠ.

ശ്ലോകം 14. കുമാരൻതൃക്കാൽ=കുമാരസ്വാമിയുടെ തൃപ്പാദമെന്നു ഷഷ്ഠീതൽപുരുഷൻ, മുക്കാലുംനാൾ വ്രതവുമൊരു തിങ്കൾക്കുകയ്ക്കൊണ്ടു്-

പ്രേയാനാമെൻ ചിരവിരഹമാം പ്രൗഢചണ്ഡാതപത്താ-
ലായാസപ്പെട്ടതിവിവശയായ് പിച്ചിപോൽ വാടിവാഴും
ജായായാ മേ പ്രിയസഖ! ഭവാനെന്റെ സന്ദേശമാകും
തോയാസാരാൽ ത്വരിതമരുളീടേണമുത്താപശാന്തിം. 15

തദ്ദേശം ചെന്നണവതിനു തേ ചൊല്ലുവേൻ മാർഗ്ഗമാദൗ
സന്ദേശം ചൊന്നഥ സപദി ഞാൻ യാത്രയാക്കാം ഭവാനെ
സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ
കിം ദേഹംകൊണ്ടൊരുഫലമിഹ പ്രാണിനാം ക്ഷോണി-
[തന്നിൽ. 16

മാസത്തിൽ പാതിയിലധികവും ദിവസം വ്രതാനുഷ്ഠാനങ്ങളോടുകൂടീം. അകതളിർ തണുപ്പിക്ക=മനസ്സിനു് ആശ്വാസം കൊടുക്കുക. ഈ മഴക്കാലത്തെ ശൈത്യംകൊണ്ടെന്നും ആ വിരഹിണിയുടെ മനം കുളുർക്കയില്ലെന്നു ധ്വനിക്കുന്നു. ചിക്കെന്നു്=ഉടൻതന്നെ. ഗുഹവാഹനമായ നിനക്കു് അദ്ദേവന്റെ ഭക്തയായ രാജ്ഞിയെ ആശ്വസിപ്പിക്കുന്നതിൽ ബാദ്ധ്യതയുണ്ടെന്നുകൂടി സ്ഫുരിക്കുന്നു.

ശ്ലോകം 15. പ്രേയാൻ=ഏറ്റവും പ്രിയൻ. പ്രൗഢചണ്ഡാതപം=കഠിനമായ വെയിൽ. വാഴും, ജായായാഃ എന്ന ഷഷ്ഠ്യന്തത്തിന്റെ വിശേഷണം. തോയാസാരം=മഴ. ഉത്താപം=ദാരുണമായ ദുഃഖം, ചൂടെന്നും. വെയിൽകൊണ്ടു വാടിയ പിച്ചിക്കൊടിക്കു മഴവെള്ളം വീണു വേണമല്ലോ കുളിർമ ഉണ്ടാകുവാൻ. പിച്ചി പൂക്കുന്നതു വർഷകാലത്താകുന്നു. രൂപകസങ്കീർണ്ണമായ ഉപമാലങ്കാരം. 'പ്രേയാനാമെൻ ചിരവിരഹമാം പ്രൗഢചണ്ഡാതപത്താൽ' എന്നു ശിഥിലസമാസം രൂപകഗർഭമായ കർമ്മധാരയൻ. പരിചയംകൊണ്ടുണ്ടായ സൌഹാർദ്ദത്താലാണു് 'പ്രിയസഖ' എന്നു മയിലിനെ സംബോധനം ചെയ്യുന്നതു്.

ശ്ലോകം 16. തദ്ദേശമിത്യാദി പൂർവാർദ്ധം. "യാത്രയ്ക്കൊത്തൊരു താവളങ്ങളെയുരയ്ക്കുന്നേൻ നിനക്കാദ്യമായ് ദൂതിൻവാചകമങ്ങെടുത്തു പുറമേ ചൊല്ലിത്തരാം ഭംഗിയായ്" എന്ന മേഘസന്ദേശശ്ലോകാർദ്ധത്തിന്റെ സ്ഥാനത്തിൽ ചെയ്തിരിക്കുന്നു. ഉത്തരാർദ്ധത്തിൽ 'പരോപകാരാർത്ഥമിദം ശരീരം' എന്ന പഴഞ്ചൊല്ലിന്റെ താല്പര്യംകൊണ്ടു്

പ്രേമം നമ്മോടനുപധി കലൎന്നീടുമസ്മൽപ്രിയായാഃ
ക്ഷേമം നന്നായ് വരുവതിനു നീ തെല്ലു കഷ്ടപ്പെടേണം
ആമന്ത്രിച്ചിത്രിദശപൃതനാധീശനാമീശസൂനും
നീ മന്ദിക്കാതുടനടി പുറപ്പെട്ടുകൊണ്ടാലുമിപ്പോൾ. 17

നാട്ടിൽക്കൂടിക്കരുതി വഴി പോകേണമല്ലെങ്കിലാക്കും
കൂട്ടിൽക്കൊള്ളിപ്പതിനു കൊതിയാം കോമളാകാര! നിന്നെ
കാട്ടിൽപ്പോകുന്നളവു ധവളാപാംഗിമാർ കണ്ടു കൂട്ടി-
പ്പാട്ടിൽ പാൎപ്പിച്ചിടുവരിതവൎക്കാകിലുത്സാഹകാലം. 18

മയൂരത്തെ പിന്നെയും സ്വകൃത്യസാധനത്തിനു പ്രോത്സാഹിപ്പിക്കുന്നു. തം ദേശം ചെന്നണവതിനു് = ആ ദേശത്തു ചെന്നുചേരുന്നതിനു്. യാത്രയാക്കുക = പറഞ്ഞയയ്ക്കുക എന്നു സമസ്തക്രിയ. കിന്ദേഹംകൊണ്ടൊരു ഫലം = ദേഹംകൊണ്ടെന്തൊരു ഫലം? ഒരു ഫലവും ഇല്ല.

ശ്ലോകം 17. പരോപകാരശ്രദ്ധയാൽ വഴിയാത്രയിലുണ്ടാകാവുന്ന കഷ്ടപ്പാടു് ഒന്നും കൂട്ടാക്കാതെ ഉടൻതന്നെ പുറപ്പെടാനുപദേശിക്കുന്നു. നമ്മോടു് = എന്നോടു്. സുഹൃത്തുക്കളുമായുള്ള സങ്കഥകളിൽ ഉത്തമസൎവ്വനാമത്തിനു് ഏകത്വത്തിലും ബഹുവചനം വരും. അനുപധി = നിൎവ്യാജമായ. പ്രേമം കലൎന്നീടുന്ന അസ്മത്പ്രിയയ്ക്കു നന്നായ് ക്ഷേമം വരുവതിനു (വേണ്ടി) നീ സ്വല്പം ശ്രമപ്പെടണം; അവിടെ പോയ്‌വരണം. ആമന്ത്രിച്ചിത്രിദശപൃതനാധീശനാമീശസൂനും = ദേവസേനാനായകനായ സുബ്രഹ്മണ്യസ്വാമിയോടു യാത്രചോദിച്ചുകൊണ്ടു്. നീ മന്ദിക്കാതെ = അമാന്തിക്കാതെ. ഉടനടി = ഇപ്പോൾത്തന്നെ. പുറപ്പെട്ടുകൊണ്ടാലും; മയിലിനു യാത്രയ്ക്കു് ഒരുങ്ങാനൊന്നുമില്ലല്ലോ. 'ശുഭസ്യ ശീഘ്രം' എന്നല്ലേ പ്രമാണവും. സ്വാമിയെ വന്ദിച്ചുകൊണ്ടു പോയാൽ കാൎയ്യസിദ്ധിയും നിശ്ചയംതന്നെ.

ശ്ലോകം 18. ഇനി സമഷ്ടിയായ് യാത്രയ്ക്കുള്ള മാൎഗ്ഗമുപദേശിക്കുന്നു. 'കോമളാകാര!' എന്ന സംബോധനംകൊണ്ടു് മയിലിനെ കൂട്ടിൽ പിടിച്ചു് ഇടുന്നതിനു് ആളുകൾക്കു കൊതി തോന്നാനുള്ള കാരണം കാണിക്കുന്നു. ധവളാപാംഗിമാർ = പെൺമയിലുകൾ. മയിലിന്റെ കണ്ണിന്റെ അററം വെളുത്തിരിക്കും, അതിനാൽ ഇപ്പേർ സിദ്ധിച്ചു. പാട്ടിൽ പാൎപ്പിക്കുക = സ്വാധീനപ്പെടുത്തുക. ഇതു് = ഈ വൎഷൎത്തു. അവയ്ക്കു് = മയൂരികൾക്കു് ഉത്സാഹകാലവുമാണല്ലോ.

ഏടാക്രൂടം വളരെയിടനാടോടെ പോകുന്നതാകിൽ
ക്രൂടാക്രൂടപ്രകൃതികൾ കുടിക്കാരിടയ്ക്കേറെയില്ല
വാടാവല്യാം വിടപികളിലും പാർത്തു പാരാതെ പോകാം
വാടാവള്ളിക്കുടിലുകളിലും വിശ്രമിച്ചശ്രമം താൻ. 19

സ്വൈരംപോലെ സുരസരണിയിൽക്കൂടി നേരേ പറന്ന-
ദ്ദൂരം പോകുന്നതിനു പണിയുണ്ടാകുവോന്നാകിലും തേ
പാരം പിന്നിൽഘനമിയലുമിപ്പിഞ്ഛികാസഞ്ചയത്തിൻ-
ഭാരം പാർക്കിൽ പരമുപകരിക്കാതിരിക്കാ ചിലപ്പോൾ. 20

ശ്ലോകം 19. നാട്ടിലും കാട്ടിലും കൂടിപ്പോകാൻ പാടില്ലെങ്കിൽ പിന്നെ ഏതു വഴിയാണു പോകേണ്ടതെന്നു പറയുന്നു. കേവലം നാട്ടും കേവലം കാട്ടും അല്ലാത്ത പ്രദേശം 'ഇടനാട്ടു്'; അവിടെക്കൂടി പോകുന്നപക്ഷം വളരെ ഏടാക്രൂടം = ദുർഘടം. ക്രൂടാ = സംഭവിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ക്രൂടപ്രകൃതികൾ = കപടശീലന്മാരായ കുടിക്കാർ. ഇടയ്ക്കേറെ ഇല്ല. അതുതന്നെയുമല്ല വേറെ സൌകര്യങ്ങളുമുണ്ടെന്നു് ഉത്തരാർദ്ധംകൊണ്ടു കാണിക്കുന്നു. വാടാവല്യാം = വാടങ്ങളുടെ ഉദ്യാനങ്ങളുടെ; ആവലി = നിര; അതിലും, വിടപികളിലും = വൃക്ഷങ്ങളിലും; പാരാതെ, സ്വൈരം; പാർത്തു് = താമസിച്ചു; പോകാം, വഴിയാത്രചെയ്യാം. അതിൻവണ്ണംതന്നെ വാടാവള്ളിക്കുടിലുകളിലും = അമ്ലാനങ്ങളായ ലതാഗൃഹങ്ങളിലും. വിശ്രമിച്ചശ്രമം താൻ = ആയാസംകൂടാതെതന്നെ പോകാം. 'വാടാവള്ളി' എന്നിടത്തു 'വാടാ' എന്ന പേരെച്ചം നിഷേധത്തിലാകയാൽ ലുപ്തം. 'വാടാവിളക്കു്' ഇത്യാദി നോക്കുക.

ശ്ലോകം 20. തേ പാരം പിന്നിൽ ഘനമിയലുമിപ്പിഞ്ഛികാസഞ്ചയത്തിൻഭാരം = പിൻഭാരമേറുന്ന നിന്റെ പീലിക്കെട്ടു്. സ്വൈരംപോലെ സുരസരണിയിൽക്കൂടി നേരെ പറന്നുദൂരം പോകുന്നതിനു പണിയുണ്ടാകുവോന്നാകിലും = സ്വച്ഛന്ദമായിട്ടു് ആകാശത്തിലൂടെ ഒന്നിച്ചു് അത്രയും ദൂരം പറക്കുന്നതിനു പ്രയാസമുണ്ടാക്കുന്ന ഒരു വസ്തുവാണെങ്കിലും, ചിലപ്പോൾ ഏററമുപകരിക്കാതിരിക്കയില്ല. ഉണ്ടാകുവോന്നു് = ഉണ്ടാക്കുന്ന ഒന്നു്; അനുസ്വാരത്തിനു വാദേശവും ഒകാരത്തിനു ദീർഘവും വിശേഷപ്രക്രിയ.

കൂടിച്ചേൎന്നിട്ടൊരു വക കളിക്കൂട്ടർ നിന്നെപ്പിടിക്കാ-
നോടിച്ചെങ്കിൽ പടുതയൊടു നീ പിന്തിരിഞ്ഞന്തികത്തിൽ
ചാടിച്ചെന്നിച്ചതുരതയൊടും പീലിയബ്ബാലകന്മാർ
പേടിച്ചോടുംപടി ഝടുതിയൊന്നുച്ചലിപ്പിച്ചിടേണം. 21

നിഷ്ഠാസിച്ചാലകലെയൊഴിയാത്തുഗ്രനാഗങ്ങളേവം
മുഷ്ഠാലെത്തിക്കൂടിയിടകളിൽ സഞ്ചരിക്കുന്നതാകിൽ
നിഷ്കാരുണ്യം വഴിയിലവയെ നിഗ്രഹിച്ചഞ്ജസാ നീ
ദുഷ്ടാലത്തെക്കളക സുമതേ! തത്ര വാഴും ജനാനാം. 22

രണ്ടും മൂന്നും തവണ കൃഷിയേറുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും വടിവൊടു കളിക്കുന്ന കച്ഛങ്ങളേയും
തണ്ടും കെട്ടിത്തരമൊടു ചരിക്കുന്ന വള്ളങ്ങളേയും
കണ്ടുംകൊണ്ടച്ചെറുപുഴകൾതൻതീരമാൎഗ്ഗേണ പോക. 23

ശ്ലോകം 21. 'ചിലപ്പോൾ ഉപകരിക്കാതിരിക്കാ' എന്നു പറഞ്ഞതിനുതന്നെ ഒരു ദൃഷ്ടാന്തം കാണിക്കുന്നു. കളിക്കൂട്ടർ=കളിച്ചുനടക്കുന്ന പിള്ളർ. ഉച്ചലിപ്പിക്കുക=ഉയൎത്തി വിടുക. കുട്ടികളെ പേടിപ്പിക്കാൻ ഇത്രയും മതിയാകുമല്ലോ. കൺകെട്ടുവിദ്യക്കാർ തങ്ങളുടെ കയ്യിലിരിക്കുന്ന പീലി എളക്കുന്നതുകൊണ്ടു വിശേഷവസ്തുക്കളെ ഝടിതി നിൎമ്മിച്ചു കാണികൾക്കു ഭയവിസ്മയങ്ങളെ ഉളവാക്കുന്നതുപോലെ എന്നു കൂടി ശബ്ദസാരസ്യത്താൽ സ്ഫുരിക്കുന്നു.

ശ്ലോകം 22. ചേതമില്ലാത്ത ഉപകാരം എപ്പോഴും ചെയ്യേണ്ടതാണെന്നു് ഉപദേശിക്കുന്നു. നിഷ്ഠാസിക്കു=തള്ളിപ്പുറത്തു കളക. നിഷ്കാരുണ്യം=നിൎദ്ദയം. ദുഷ്ടനിഗ്രഹത്തിൽ ദയ വിചാരിച്ചുകൂടല്ലോ. വഴിയിൽ=നീ പോകുന്ന വഴിക്കു്. അതിനുവേണ്ടി ഇടയിൽ താമസം ആവശ്യമില്ല. അഞ്ജസാ=ഉടൻ. സുമതേ!=ബുദ്ധിശാലിൻ! എന്നു സംബോധനം. ഈ വക എണ്ണങ്ങളിൽ സ്വയംതന്നെ ഉചിതം നോക്കി നീ പ്രവൎത്തിച്ചുകൊള്ളും എന്നു കാണിക്കുന്നു.

ശ്ലോകം 23. രണ്ടും മൂന്നും തവണ, അരിപ്പാട്ടു നിന്നു തെക്കുള്ള കണ്ടങ്ങൾ വിരിപ്പുനിലങ്ങളാകുന്നു. കച്ഛങ്ങൾ=വെള്ളം കെട്ടിനില്ക്കുന്ന താഴ്ന്ന പ്രദേശങ്ങൾ. പ്രായേണ ഈമാതിരിയിടങ്ങളിൽ അന്നക്

വഞ്ചിക്ഷോണിക്കൊരു തിലകമാമപ്പുരത്തേയ്ക്കു പോകും
വഞ്ചിക്കൂട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി
വഞ്ചിക്കേണം വളരെ മരനീരുള്ളിലുണ്ടാകമൂലം
വഞ്ചിത്തഭ്രാന്തെഴുമരയരാം നാവികക്കയ്യരേ നീ. 24

നീലത്വം ചേർന്നെഴുമിലകളാൽ നിന്റെ കണ്ഠാഭയോലും
സാലത്തിന്മേൽ പരിചൊടു പറന്നെത്തിയക്കല്യതന്റെ
കൂപത്തെ വിട്ടൊരു തരണിതൻപാമരത്തിൽ കരേറി-
ക്കോലത്തെ നൽപ്പടുതയിലുറപ്പിച്ചു നീ വാണുകൊൾക. 25

മുതലായ പുഷ്പങ്ങൾ കാണും; അതിനാലാണ് വണ്ടിനിവിടെ പ്രസക്തി. ചെറുപുഴകൾ=ഇടത്തോടുകൾ; ഇവയിലൂടെ പ്രഭുക്കന്മാർ സാധാരണയായ് തണ്ടു വച്ച ഓടിവള്ളങ്ങളിൽ സഞ്ചരിക്കാറുണ്ട്. ഈ വർണ്ണനകൊണ്ട് മയിൽ കായംകുളത്തു കായൽവഴി പോകാതെ സ്വല്പം കിഴക്കോട്ടു വന്ന് പത്തിയൂർ മുതലായ ദിക്കിലൂടെ പോകണമെന്നാണ് കവിക്കദ്ദേശ്യമെന്നു തോന്നുന്നു.

ശ്ലോകം 24. വഞ്ചിക്ഷോണിക്കൊരു തിലകമാമപ്പുരത്തേയ്ക്ക്=തിരുവനന്തപുരത്തേയ്ക്ക്; തോട്ടുവാരം=തോട്ടിൻകര; മരനീർ=മദ്യം; ഇതു് നീചന്മാരുടെ ഭാഷയെ അനുകരിച്ചു പറഞ്ഞതാണ്. വഞ്ചിത്തഭ്രാന്ത്=വലുതായ മദം; അവർ മദിച്ചിരിക്കയാൽ നീ വള്ളത്തിൽ കയറുന്നത് അവർ അറികയില്ലെന്നു താല്പര്യം. കടിയന്മാരെ വഞ്ചിക്കന്നതിൽ ദോഷമില്ലെന്ന് അഭിപ്രായം. നാവികക്കയ്യർ=ദുഷ്ടരായ വള്ളക്കാർ.

ശ്ലോകം 25. വഞ്ചിക്കാനുള്ള വിധം പറയുന്നു. വള്ളങ്ങൾ കടന്നു പോകമ്പോൾ നീ തോട്ടുവക്കിൽ ഒരു പച്ച മരത്തിൽ പതുങ്ങിയിരുന്നാൽ അതിന്റെ ഇലയും നിന്റെ സാധാരണ തൂവലുകളും ഒരേ നിറമാകയാൽ അവർ നിന്നെ കാണകയില്ല. തരം നോക്കി നിനക്ക വള്ളത്തിന്റെ പാമരത്തിൽ പറന്നിരിക്കയുമാം.

കണ്ടാലാൎക്കും കൃതകപതഗം തന്നെയാണെന്നതല്ലാ-
ത്തുണ്ടാകൊല്ലാ മനമതിൽ മറിച്ചെണ്ണമവ്വണ്ണമായി
മിണ്ടാതേകണ്ടതിനു മുകളിൽ ചേൎന്നു ചേണാൎന്നു നിന്നെ-
ക്കൊണ്ടാട്ടം കണ്ടിരുകരയിലും നോക്കിനില്ക്കുന്നലോകം. 26

ദൂരം മാൎഗ്ഗം ദുരധിഗമമായുള്ളതേവം കടക്കും-
നേരം ജാതിപ്രകൃതിയെ നിയന്ത്രിച്ചിടാതന്തരാ നീ
നീരന്ധ്രാംഭോധരനിരയതിന്നാൎപ്പുകേട്ടാൎഭടിയ്ക്കാ-
യാരംഭിച്ചാലതുടനശുഭോദൎക്കമാം തൎക്കമില്ല. 27

കോപത്താൽ നീ കുതിത്തുടരൊലാ പന്നഗത്തെക്കുറിച്ചാ-
ലാപത്തെക്കേട്ടുമപകടം തന്നെയാം പന്നഗാരേ!
ആപല്ലാഭം ഫലമയി സഖേ! ഭോഗിഭുക്കാം വയസ്സിൻ-
ചാപല്യത്തെസ്സപദി നിയമിയ്ക്കായ്കിലെന്നാപ്തവാക്യം. 28

ശ്ലോകം 26. കൃതകപതഗം=കൃത്രിമപക്ഷി; അലങ്കാരത്തിനായി ഉണ്ടാക്കിവച്ച പക്ഷിപ്രതിമ. എണ്ണം=വിചാരം; വിശ്വാസം; ഈ അൎത്ഥത്തിനു തമിഴിലാണു് അധികം പ്രസിദ്ധി. കൊണ്ടാട്ടം കണ്ടിരുകരയിലും നോക്കിനില്ക്കുന്ന ലോകം=നിന്റെ സാമൎത്ഥ്യവും വെളിവില്ലാത്ത അരയരുടെ മൂഢതയും ഓൎത്തു് വിസ്മയിക്കയും നിന്റെ രൂപസൌന്ദൎയ്യത്തെ കണ്ടു് അഭിനന്ദിക്കയും ചെയ്യും.

ശ്ലോകം 27. വഞ്ചിക്കാൻ പുറപ്പെട്ടവൻ സദാ സൂക്ഷിച്ചിരിക്കേണ്ടതാണെന്നു് മയിലിനെ രണ്ടു ശ്ലോകംകൊണ്ടു് ഓൎമ്മിപ്പിക്കുന്നു. ദുരധിഗമം=കടക്കാൻ പ്രയാസമുള്ളതു്; ഇതുകൊണ്ടു് കരുതിയിരിക്കാഞ്ഞാൽ തെററുണ്ടെന്നു കാണിക്കുന്നു. ജാതിപ്രകൃതി=ജാതിസ്വഭാവം; മയിൽ 'മേഘനാദാനുലാസി'യാണല്ലോ. നിയന്ത്രിക്ക=അടക്കുക; അന്തരാ=മദ്ധ്യേ; നീരന്ധ്രാംഭോധരനിരയതിന്നാൎപ്പു്=ഇടിമുഴക്കം; ആൎഭടി=നൃത്തം; അശുഭോദൎക്കം=അമംഗളഫലം; നിന്നെ അവർ പിടികൂടിയേക്കും; കായലിന്റെ നടുവിൽ വച്ചാണെങ്കിൽ നിനക്കു പറന്നു പൊയ്ക്കളയാനും തരം കാണുകയില്ല.

ശ്ലോകം 28. ഇതിലും അധികം സംഭാവ്യമായ മറെറാരു അപകടത്തെക്കുറിച്ചു് പറയുന്നു. പന്നഗത്തെക്കുറിച്ചാലാപത്തെക്കേട്ടു് പ

ന്നഗം എന്നാൽ ഓല, പനമ്പുമുതലായതുകൊണ്ടു് ഉണ്ടാക്കുന്ന വള്ളത്തിന്റെ മൂടി; ശ്ലേഷംകൊണ്ടു സർപ്പമെന്നർത്ഥം. 'പന്നഗം പൊക്കിയിടണം, താഴ്ത്തിയിടണം, മാററിവയ്ക്കണം' ഇത്യാദി വള്ളക്കാരുടെ സംസാരം കേട്ടു് പാമ്പിനെപ്പററിയാണു് അവർ പറയുന്നതു് എന്നു ഭ്രമിച്ചു്, നീ കോപത്താൽ കുതി തുടരൊല്ലാ=പരിഭ്രമിക്കരുതു്, (എന്തുകൊണ്ടെന്നാൽ) അതുമപകടംതന്നെയാം=അതും വിഷമമായിത്തീരും; പൂർവ്വശ്ലോകത്തിൽ ചൊന്നതിനെ സമുച്ചയിക്കാനായിട്ടു് 'അതും' എന്നു പറഞ്ഞതും. പന്നഗാരേ!=സർപ്പശത്രോ! എന്നു സാഭിപ്രായസംബോധനം. ആപ്തവാക്യപ്രമാണംകൊണ്ടു് ഉത്തരാർദ്ധത്തിൽ ഈ ഉപദേശത്തെ ബലപ്പെടുത്തുന്നു. അയി സഖേ!=എടോ ചങ്ങാതി! ഭോഗഭുക്കാം=സുഖങ്ങളെ അനുഭവിക്കുന്ന; വയസ്സിനു=യൗവനത്തിന്റെ; ചാപല്യത്തെ ദ്രാക്=ഉടൻ; നിയമിച്ചായ്കിൽ=തടുക്കാഞ്ഞാൽ; അതിന്റെ ഫലം ആപല്ലാഭമാകുന്നു എന്നാണു് ആപ്തവാക്യം. യൗവനത്തിലെ ചോരത്തിളപ്പുകൊണ്ടു തോന്നുന്നതൊക്കെയും പ്രവർത്തിച്ചാൽ മേലിൽ അതിൽനിന്നു വളരെ ആപത്തുകൾക്കു് ഇടവരുമെന്നാണു് ഹിതോപദേശം എന്നു താല്പര്യം. അതിനാൽ നീ സാഹസമായിട്ടൊന്നും പ്രവർത്തിക്കരുതെന്നു ഭാവം. ഇതിനു പുറമെ ഭോഗശബ്ദത്തിനു സർപ്പശരീരമെന്നും ഭുക്ശബ്ദത്തിനു ഭക്ഷിക്കുന്നവനെന്നും, വയസ്സ്ശബ്ദത്തിനു പക്ഷിഎന്നും കൂടി അർത്ഥം ഉള്ളതിനാൽ ശ്ലേഷമഹിമാവുകൊണ്ടു് ഭോഗഭുക്കാം വയസ്സിന്റെ, പാമ്പുതീനിപക്ഷിയായ മയിലിന്റെ; ചാപല്യത്തെ തടുക്കാഞ്ഞാൽ ആപത്തിനു് ഇടയാകുമെന്നുകൂടി അർത്ഥാന്തരം സ്പഷ്ടമായിട്ടുളവാകുന്നു. ഏവഞ്ച മയൂരത്തെ ഒരു കാര്യസിദ്ധിക്കായി പറഞ്ഞയക്കുന്നപക്ഷം അതിന്റെ സഹജചാപല്യത്തിനുകൂടി നിവൃത്തി ആലോചിക്കേണ്ടതാണെന്നാണു് ആപ്തന്മാർ പറയുന്നതു്; അതിനാലാണു് നിന്നോടു ഞാനിത്രയും നിർബന്ധിക്കുന്നതു് എന്നൊരർത്ഥാന്തരംകൂടി ഇവിടെ സ്പഷ്ടമാകുന്നു. ഒരു ഞെട്ടിൽതന്നെ ഇരട്ടയായിട്ടു രണ്ടു പഴം ഉണ്ടാകുന്നതുപോലെ ഒരേ ശബ്ദധാരയിൽ രണ്ടു് അർത്ഥത്തിനു് അനുഭവം വരുന്നതു ശ്ലേഷാലങ്കാരമെന്നു് ആലങ്കാരികന്മാർ പറയുന്നു. ഇവിടെ രണ്ടർത്ഥവും പ്രകൃതമാകയാൽ ഇതു് അതിൽതന്നെ പ്രകൃതശ്ലേഷമെന്ന വകഭേദമാകുന്നു. വള്ളത്തിന്റെ മേൽപ്പുരഎന്നർത്ഥമായ പന്നഗശബ്ദം ശരിക്കു കകാരാന്തമാണെങ്കിലും സംസ്കൃതത്തിൽ 'ബവയോരഭേദഃ, ലളയോരഭേദഃ' ഇത്യാദി വിധിനിയമങ്ങളുള്ളതുപോലെ ദ്രാവിഡവംശജാതമായ മലയാളഭാഷയിൽ വർഗ്ഗങ്ങളിലെ പ്രഥമതൃതീയാക്ഷരങ്ങൾക്കു്

ത്തോട്ടിൽക്കൂടിത്വരിതതരമത്തോണിയൊപ്പായൊഴുക്കിൻ-
പാട്ടിൽക്കൂടീട്ടഴകൊടുമൊഴുകിക്കായലിൽച്ചെന്നുചെന്നാൽ
ബോട്ടിൽക്കേറി ബ്രഹ്മരസസമായ്പ്പാട്ടു പാടിച്ചു പോകും
നാട്ടിൽക്കേമപ്പുള്ളവർ ചിലർ നിനക്കക്ഷിലക്ഷീഭവിക്കും. 29

വീണക്കൊട്ടാക്കും സ്വരമൊടു വിനോദങ്ങളോരോന്നരയ്ക്കും
പ്രാണപ്രേഷ്ഠപ്രണയിനികളോടൊത്തുബോട്ടിന്റെ തട്ടിൽ
വാണക്കായൽക്കരകളിലെഴും കാഴ്ചകണ്ടുല്ലസിക്കും
ഊണന്മാരെക്കു ഖഗതിലക! തേ കണ്ടൊരാനന്ദമുണ്ടാം. 30

അഭേദം കല്പിക്കുന്നതിനു വിരോധമില്ലാത്തതിനാൽ പന്നഗമെന്നു ഗകാരാന്തമായിട്ടുമുച്ചരിക്കാം. അല്ലെങ്കിൽ മറിച്ചു് സർപ്പാർത്ഥകമായ പന്നഗശബ്ദത്തെക്കൂടി തത്ഭവപ്രക്രിയയാൽ കകാരാന്തമാക്കാം. ഏതു വിധമായാലും ശ്ലേഷം സാധുതന്നെ. സർപ്പവാചി പന്നഗശബ്ദം തത്ഭവമല്ലാ, തത്സമമേ ആവൂ എന്നു വിചാരിക്കുന്നപക്ഷവും മദ്യപായികളായ അയർ പന്നാകം എന്നതിനു പകരം പന്നഗം എന്നു് അക്ഷരവ്യക്തി കൂടാതെ പുലമ്പുന്നു എന്നും സമാധാനപ്പെടാമല്ലോ.

ശ്ലോകം 29. പാട്ടുപാടിച്ചു്=ബോട്ടുകാർ പാടിക്കൊണ്ടാണല്ലോ തണ്ടുപിടിക്കുന്നതു്. നാട്ടിൽ കേമപ്പുള്ളവർ=പ്രഭുക്കന്മാർ; കവിക്കു് ഈ സംഗതി ബഹുശഃ പരിചിതമാകയാൽ അതിസുന്ദരമായ ബന്ധത്തിൽ അനുഭവരസം തുളുമ്പുന്നതുപോലെ തോന്നുന്നു. ഒരു ദൂതനെ അയയ്ക്കുന്നതിനു പകരം താനിക്കുതന്നെ ബോട്ടിൽകേറി വർണ്ണിക്കുന്നമട്ടിൽ പ്രിയാസവിധത്തിലെത്തു പോകുവാൻ എന്നു സാധിക്കും എന്നുള്ള ഉൽക്കണ്ഠയും വ്യഞ്ജിക്കുന്നു. അക്ഷിലക്ഷീഭവിക്കും=കാണുമാറാകുക.

ശ്ലോകം 30. പ്രാണപ്രേഷ്ഠപ്രണയിനികൾ=അത്യന്തമിഷ്ടകളായ ഭാര്യമാർ. തട്ടിൽ=മേൽത്തട്ടിൽ; വാണു; അക്കായൽക്കരകളിൽ എന്നു പദച്ഛേദം. ഊണന്മാർ=ഢപരമാർ. ഈ വിരഹിയായ എന്നെ കണ്ടിട്ടുണ്ടാകുന്ന വൈമനസ്യം നിനക്കു് ഈ പ്രകാരം സുഖിക്കുന്ന ആ കാമുകന്മാരെ കാണുമ്പോൾ പോകുമെന്നു താല്പര്യം. ദാമ്പത്യസുഖംപോലും നാട്ടുകാർക്കു ഞാനാച്ചന്മാരെപ്പോലെ പാടില്ലാത്തതു ശോചനീയം തന്നെ.

മാനാതീതപ്രഥിമ കലരും ബോട്ടു തണ്ടും പിടിച്ചു-
ന്ന്യൂനാടോപത്തൊടു വിപുലമാം കായൽ താണ്ടുന്നകണ്ടാൽ
മൈനാകം തൻ ചിറകുകൾ വിരിച്ചാശു വാരാശിമദ്ധ്യ-
സ്ഥാനാദുർവ്വീമണവതിനൊരുമ്പെട്ടിടുന്നെന്നു തോന്നും. 31

പിന്നിൽക്കൂടിപ്പുറമെചാടുന്നയും മാറുമ്പോട്ടൊന്നു കണ്ടാൽ
മുന്നിൽപ്പോകുന്നതിന മുറുകിത്തണ്ടു ചാഞ്ചിത്തുടങ്ങും
തെന്നിച്ചാംഭസ്സതിലതിരയം ബോട്ടുപായിക്കുമുള്ളം-
തന്നിൽത്തിങ്ങുന്നഹമഹമികയ്ക്കൊത്തു കൈവർത്തരപ്പോൾ. 32

കള്ളാംകൈവിട്ടരയരളവററുള്ള കയ്യൂക്കു കൈക്കൊ-
ണ്ടുള്ളന്തന്നിൽ സ്വയംഭരിതരായ് മത്സരിക്കുംഭടരായാം
വെള്ളം തള്ളിത്തകൃതിയിൽ വരും ബോട്ടു താൻ കൂട്ടമോളം
വള്ളം മുക്കുന്നതിന മതിയാമായതോർത്തീടണം നീ. 33

ശ്ലോകം 31. മാനാതീതപ്രഥിമ=അളവററ വലിപ്പം; അന്യൂനാടോപം=വലുതായ ആഡംബരം; താണ്ടുക=കടക്കുക; വാരാശിമദ്ധ്യസ്ഥാനാൽ=സമുദ്രമദ്ധ്യത്തിൽ നിന്നു്; ഉർവ്വീം=ഭൂമിയെ; പണ്ടു് ഇന്ദ്രൻ പർവ്വതങ്ങളുടെ ചിറകു മുറിച്ച കാലത്തു് സമുദ്രരാജാവിന്റെ സഖ്യത്താൽ മൈനാകം മാത്രം ആഴിയിൽ മുങ്ങിക്കിടന്നു് ആ ആപത്തിൽനിന്നും പിഴച്ചു എന്നു പുരാണം പ്രമാണിച്ചു് വലിയ ബോട്ടു താളത്തിൽ തണ്ടും പിടിച്ചു് വേഗത്തിൽ പായുന്നതിനെ മൈനാകം ചിറകു വിരിച്ചുകൊണ്ടു് സമുദ്രമദ്ധ്യത്തിൽനിന്നും കരകേറാനായി പറന്നുവരുന്നതിനോടുൽപ്രേക്ഷിച്ചിരിക്കുന്നു.

ശ്ലോകം 32. അനന്തരം രണ്ടു ശ്ലോകംകൊണ്ടു് ബോട്ടുകാരുടെ സ്വഭാവം വർണ്ണിക്കുന്നു. അഹമഹമിക='ഞാൻ മുമ്പേ ഞാൻ മുമ്പേ' എന്നുള്ള തിരക്കു്; എന്റെ ബോട്ടു മുമ്പിൽ നിൽക്കണമെന്നുള്ള സ്പർദ്ധ. കൈവർത്തർ=അരയർ.

ശ്ലോകം 33. സ്വയംഭരിതർ=ഗർവ്വിഷ്ഠന്മാർ. തകൃതിയിൽ=തകൃത്തുംകൊണ്ടു്, ആർഭാടത്തോടെ.

കാണിയ്ക്കേണം കിമപി സഹജം പാടവം നീ വസിയ്ക്കും
തോണിയ്ക്കെന്തെങ്കിലുമപകടം നേരിടുന്നാകിലപ്പോൾ
ത്രാണിയ്ക്കാകുംവിധമൊടു വിചിത്രം പതത്രം പരത്തി
ക്ഷീണിയ്ക്കാതക്ഷണമണയണം കായലിന്നക്കരെയ്ക്കു്. 34

പൊങ്ങിപ്പോയിപ്പരിചൊടു പറന്നക്കരക്കുന്നിലെത്തി-
ത്തിങ്ങിച്ചേർന്നുള്ളൊരു തരുകുലേ തങ്ങി നീയങ്ങിരിയ്ക്കെ
മുങ്ങിപ്പാഥസ്സതിൽ വലയുമത്തോണിതൻ ഛായ കാണാം
മങ്ങിദ്ദൂരത്തതിനു ഭവതാ ഭാവുകം പ്രാർത്ഥനീയം. 35

ചാരത്തോടിച്ചകിതശശപോതങ്ങൾ ചാടുന്ന കായൽ-
ത്തീരത്തോടേ സമധരണിയിൽ സത്വരം ചെന്നിറങ്ങി
കേരത്തോട്ടം പനസവനവും പൃക്ഷ നാലഞ്ചു നല്വം
ദൂരത്തോളം നടന്നീടുകിൽ ദൃശ്യമാം കൊല്ലമഗ്രേ. 36

ശ്ലോകം 34. സഹജം പാടവം=പക്ഷികൾക്കു മനുഷ്യാപേക്ഷയാ ഉള്ള വിശേഷസാമർത്ഥ്യം; ആ സാമർത്ഥ്യത്തെത്തന്നെ ഉത്തരാർദ്ധംകൊണ്ടു വിവരിക്കുന്നു. ത്രാണി=ശേഷി; പതത്രം=ചിറകു്; "സർവ്വഃസ്വാർത്ഥം സമീഹതേ" എന്നു പ്രമാണമുണ്ടല്ലോ.

ശ്ലോകം 35. പൊങ്ങിപ്പോയി=പക്ഷികൾക്കു ദൂരത്തേയ്ക്കു പറക്കേണമെങ്കിൽ ഇങ്ങനെ ആയാലേ സൌകര്യമുള്ളു. ഛായ=വടിവു്; അതിനു് ഭവതാ ഭാവുകം പ്രാർത്ഥനീയം=അത്തോണിക്കു് നീ ശ്രേയസ്സിനെ പ്രാർത്ഥിക്കണം. മുങ്ങിപ്പോയെങ്കിലും തനിക്കു് ഉപകരിച്ച തോണിക്കു് ആളപായം മുതലായ ആപത്തു് ഒന്നും വരരുതെന്നു പ്രാർത്ഥിച്ചു് തന്റെ കൃതജ്ഞതയെ പ്രകാശിപ്പിക്കണമെന്നു താല്പര്യം.

ശ്ലോകം 36. ഇനി കുറഞ്ഞൊന്നു ദൂരം കരവഴി പോകാൻ പറയുന്നു. ചകിതശശപോതങ്ങൾ=ഭീരുക്കളായ മുയൽക്കുട്ടികൾ; കായൽക്കര മലംപ്രദേശമാകുന്നു. കുന്നു കഴിഞ്ഞാൽ സമഭൂമിയിൽ തെങ്ങിൻതോട്ടവും പ്ലാവിൻകൂട്ടവും ധാരാളമുണ്ടു്. നാലഞ്ചു നല്വം=ഉദ്ദേശം രണ്ടു നാഴിക; ഒരു നല്വം നാനൂറു (400) മുഴമാകുന്നു. രണ്ടു നാഴികയോളം ചെല്ലുമ്പോൾ കൊല്ലം കാണാമെന്നു പറഞ്ഞതിനാൽ വള്ളം മുങ്ങുമെന്നു പറഞ്ഞതു് അഷ്ടമുടിക്കായലിൽ പൊഴിക്കടുത്തെങ്ങാനുമായിരിക്കണം.

അത്രാനല്പം മഹിമ കലരും മന്ദിരേ ഘൂർണ്ണവര്യൻ
സത്രാമിത്രങ്ങളൊടു സരസം പാർത്തിടുന്നാകിലപ്പോൾ
ചിത്രാകാരം കൊടിമരമതിൽ കൂറൊടക്കൂറ കാണാം
സൂത്രാമാവിൻ സുഷമതമമാം വില്ലുതൻ തെല്ലുപോലെ. 37

മധ്വാസക്തഭ്രമരമുഖരാരാമമദ്ധ്യത്തിലുള്ളോ-
രദ്ധ്വാവിൽ പൂക്കനവഹിതനായങ്ങുമിങ്ങും നടന്നാൽ
വദ്ധ്വാ ചേർന്നിട്ടതുവഴി വരും വല്ല്യസായിപ്പു നിന്നെ-
ബ്ബദ്ധ്വാ പാർപ്പിച്ചിടുമദയമായഞ്ജസാ പഞ്ജരത്തിൽ. 38

ശ്ലോകം 37. ഇനി 17 ശ്ലോകംകൊണ്ടു് കൊല്ലത്തെ വർണ്ണിക്കുന്നു. അത്രാനല്പം മഹിമ കലരും മന്ദിരേ=റസിഡൻസിയിൽ. ഘൂർണ്ണവര്യൻ=സായ്പന്മാരിൽ മുഖ്യൻ, റസിഡൻറു്; സത്രാമിത്രങ്ങളോടു്=ബന്ധുക്കളൊന്നിച്ചു്; അപ്പോൾ=ആ അവസരത്തിൽ; പാർക്കുന്നെങ്കിൽ. സൂത്രാമാവിൻ സുഷമതമമാം വില്ലുതൻ തെല്ലുപോലെ=ഏറ്റവും സുന്ദരമായ ഇന്ദ്രചാപഖണ്ഡംപോലെ; ചിത്രാകാരമായ; അക്കൂറ=പതാക; കൊടിമരത്തിൽ കൂറോടേ കാണാം. വർഷചിഹ്നമായ ഇന്ദ്രധനുസ്സു് മയിലിനു് ഇഷ്ടമാണല്ലോ. റസിഡൻറു് അവിടെ താമസിക്കുമ്പോഴേ കൊടിക്കൂറ ധ്വജത്തിൽ തൂക്കാറുള്ളു.

ശ്ലോകം 38. റസിഡൻസിത്തോട്ടത്തിൽ സൂക്ഷിച്ചുവേണം നടക്കാൻ എന്നു പറയുന്നു. മധ്വാസക്തഭ്രമരമുഖരാരാമമദ്ധ്യത്തിലുള്ളോരദ്ധ്വാവിൽ=തേൻ കുടിക്കുന്ന വണ്ടുകളാൽ ശബ്ദായമാനമായ തോട്ടത്തിന്റെ നടുവിലുള്ള വഴിയിൽ; പുക്ക്=ചെന്നു്; അനവഹിതനായ്=കരുതൽകൂടാതെ അങ്ങുമിങ്ങും നടന്നാൽ; വദ്ധ്വാ ചേർന്നിട്ടതുവഴിവരും വല്ല്യസായിപ്പു്=ഭാര്യയുമൊരുമിച്ചു് അവിടെ നടക്കാൻവരുന്ന റസിഡൻറു്; നിന്നെ; ബദ്ധ്വാ=പിടിച്ചുകെട്ടി; പാർപ്പിച്ചിടുമദയമായഞ്ജസാ പഞ്ജരത്തിൽ=ദയകൂടാതെ വേഗത്തിൽ കൂട്ടിൽ പാർപ്പിക്കും; സായ്പന്മാർക്കു് ഈ വകയിൽ വളരെ കൗതുകമുണ്ടു്.

തോക്കും താങ്ങീട്ടനുചരരാം ഹൂണരൊന്നിച്ചു നേരം-
പോക്കും തീററിയ്ക്കുതുവകയുമായെന്നു വേട്ടയ്ക്കു തക്കം
നോക്കുന്നോരത്തകമലയുമിരുന്നീടൊലാ നീയകാലേ
ചാക്കുണ്ടാകാമൊരു ശകലവും ലാക്കു തെററില്ലവർക്ക്. 39

ഹൃദ്യാനന്ദം നിരുപമതമം നൽകുമദ്ദിവ്യമായോ-
രുദ്യാനത്തിൻസുഖമനുഭവിക്കേണമെന്നുണ്ടെങ്കിൽ
ഹൃദ്യാകാര! സ്ഥിതിയൊരു നികുഞ്ജത്തിലാക്കീടണം നീ
പദ്യാപാംശുസ്ഥലികളിലിറങ്ങാതെയന്തർഹിതാത്മാ. 40

മല്ലീജാതിപ്രഭൃതികുസുമസ്മേരമായുല്ലസിക്കും
സല്ലീലാഭിഃ കിസലയകരംകൊണ്ടു നിന്നെത്തലോടും
വല്ലീനാം നീ പരിചയരസം പൂണ്ടു കൌതൂഹലത്താ-
ലുല്ലീഢാത്മാ ചിരതരമിരുന്നങ്ങമാന്തിച്ചീടൊല്ലാ. 41

ശ്ലോകം 39. റസിഡൻറിൻെറ അനുചരന്മാരായ ധീരന്മാർ അപ്പോഴവിടെ വേട്ടയ്ക്കു ഭാവിക്കുന്ന അവസരമാണെങ്കിൽ അടുക്കലെങ്ങും നില്ക്കരുതു്. എന്തുകൊണ്ടെന്നാൽ അവർ ദൂരത്തിരിക്കുന്ന പക്ഷിയെയും വെടിവെയ്ക്കുവാൻ സമർത്ഥന്മാരാണു്. അതിനാൽ അപമൃത്യു വരാതെ സൂക്ഷിക്കണം. തെററില്ല = തെററുകയില്ലെന്നു് വടക്കൻപ്രയോഗം.

ശ്ലോകം 40. പദ്യാപാംശുസ്ഥലികളിലിറങ്ങാതെയന്തർഹിതാത്മാ = നടക്കാനുള്ള വഴികളുടെ ഇരുപുറവും ഇറങ്ങാതെ, മറഞ്ഞിരുന്നുകൊണ്ടു; അവിടെയേ സായ്പന്മാർ അധികം നടക്കുക പതിവൊള്ളൂ. ഹൃദ്യാകാര! = സുന്ദരാകൃതേ! എന്നു സാഭിപ്രായസംബോധനം. വിരൂപനായ കാക്കയ്ക്കും മററും ഇപ്പേടി വേണ്ടല്ലോ.

ശ്ലോകം 41. മുല്ല, പിച്ചി മുതലായ പുഷ്പങ്ങളാൽ പുഞ്ചിരിതൂകുംപോലെ പ്രകാശിക്കയും നല്ല വിലാസങ്ങളോടുകൂടി കരംപോലിരിക്കുന്ന തളിർകൊണ്ടു് (ഉപമിതസമാസം) നിന്നെ തലോടുകയും ചെയ്യുന്ന വല്ലികളുടെ പരിചയരസം = സഹവാസസൌഖ്യം; പൂണ്ടു് = അധികമായി രസിച്ചു്, വളരെ നേരമിരുന്നമാന്തിക്കരുതു്. 'കുസുമസ്മേരം', 'കിസലയകരംകൊണ്ടു തലോടും', 'പരിചയരസം പൂണ്ടു്' ഇത്യാദി

തഞ്ചം നോക്കിപ്പുനരഥ പുറപ്പെട്ടു തൂത്തേൻ കുടിച്ചും
ചഞ്ചൽപത്രാഹതിപതിതമാം ചാരുപക്വം ഭുജിച്ചും
അഞ്ചന്നഞ്ചിക്കണമരികലാശ്രാമധാമത്തിലെത്തി-
ട്ടഞ്ചമ്പൻതന്നുടെ ജനകനാമംബുജാക്ഷം സമക്ഷം. 42

വിശ്രാന്തിയ്ക്കായ് വിരവൊടവിടെത്തന്നെ നീ താമസിച്ചാൽ
വിശ്രാണിക്കും തവ വിതതമാം കൌതുകം കാതുകൾക്കു്
സുശ്രാവ്യത്വം കലരുമനവദ്യാനകധ്വാനയാടീ-
മിശ്രാ നാഗസ്വരവിസൃമരാ കാകളീ കേകിരാജ! 43

വാചകങ്ങളുടെ അർത്ഥസ്വാരസ്യംകൊണ്ടും, 'പല്ലവിതാം' എന്ന സ്ത്രീലിംഗംകൊണ്ടും വിലാസിനിമാരൊരുമിച്ചു രമിക്കുന്ന ഒരു ദക്ഷിണനായകന്റെ വൃത്താന്തം സ്ഫുടമായി സ്ഫുരിക്കയാൽ സമാസോക്തിയലങ്കാരം. അതിൽനിന്നും താൻ ഇതുപോലെ സുഖിച്ചിരുന്നിട്ടുള്ള അവസരങ്ങളുടെ സ്മരണത്തിന്റെ പ്രതീതിയുണ്ടാകയാൽ സ്മൃതിമദലങ്കാരം വ്യഞ്ജിക്കുന്നതുകൊണ്ടു് അലങ്കാരേണാലങ്കാരധ്വനി.

ശ്ലോകം 42. തഞ്ചംനോക്കിപ്പുനരഥ പുറപ്പെട്ടു=സായിപ്പന്മാരും അടുക്കലില്ലാത്ത തരം നോക്കി ലതാഗൃഹത്തിന്റെ വെളിയിലിറങ്ങി; തൂത്തേൻകുടിച്ചും; ചഞ്ചൽപത്രാഹതിപതിതമാം ചാരുപക്വം ഭുജിച്ചും = ഇളകുന്ന ചിറകുകൾ അടിക്കുമ്പോൾ വീഴുന്ന നല്ല പഴങ്ങളെ തിന്നും. അഞ്ചൻ = സഞ്ചരിച്ചുംകൊണ്ടു്; അരികിലാശ്രാമമെന്ന ക്ഷേത്രത്തിലെത്തീട്ടു്; അഞ്ചമ്പൻതന്നുടെ ജനകനാമംബുജാക്ഷം സമക്ഷം = കൃഷ്ണസ്വാമിയെ പ്രത്യക്ഷമായി; അഞ്ചിക്കണം = പൂജിക്കണം; റസിഡൻസിയുടെ നേരെ വടക്കുവശത്തുതന്നെ ആണു് ആശ്രാമക്ഷേത്രം. മയൂരം കായലിന്റെ കിഴക്കേക്കരയിൽക്കൂടി വരുന്നതിനാലാദ്യം റസിഡൻസിയിൽ വന്നിറങ്ങുന്നു.

ശ്ലോകം 43. നീ വിശ്രമിക്കാനായിട്ടു് അവിടെത്തന്നെ താമസിക്കുന്ന പക്ഷം. സുശ്രാവ്യത്വം കലരുമനവദ്യാനകധ്വാനയാടീമിശ്രാ = ശ്രുതിമധുരമായ അനവദ്യ ആനകവാദ്യങ്ങളുടെ ധ്വാനയാടിയോടു (ശബ്ദഘോഷത്തോടു) മിശ്രാ=കലർന്ന. നാഗസ്വരവിസൃമരാ = നാഗസ്വരത്തിൽനിന്നു പുറപ്പെടുന്ന, കാകളീ=മധുരമായ സൂക്ഷ്മശബ്ദം. തവ = നിന്റെ; കാതുകൾക്കു വിതതമാം കൌതുകം വിശ്രാണിക്കും = ചെവിക്കു് അധികമായ ആനന്ദം നൽകും.

നന്ദന്നാനാസുജനനയനാനന്ദിയായ് പിന്നെയും സ്വ-
ച്ഛന്ദം നാഗാശനവര! പറന്നക്കരെച്ചെന്നവശ്യം
മന്ദസ്മേരാനനകമലയാം മാതുരാനന്ദവല്ല്യാഃ
വന്ദസ്വത്വം ചരണയുഗളം ചന്ദ്രചൂഡാമണേശ്ച. 44

സത്തന്മാരപ്പൊഴുതഹിഭുജം നീലകണ്ഠം ഖഗാനാ-
മുത്തംസത്വം ദധതമരികിൽ കണ്ടു സന്തുഷ്ടരാകും
നൃത്തം ചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം
ചിത്താന്തന്നിൽഗുഹനൊടധിതപ്രേമവന്തം ഭവന്തം. 45

ശ്ലോകം 44. പിന്നെയും നീ, നന്ദന്നാനാസുജനനയനാനന്ദിയായ് = കൊണ്ടാടുന്നവരായ അനേകം സുജനങ്ങളുടെ കണ്ണുകളെ ആനന്ദിപ്പിക്കുന്നവനായ്. മയിലിനെ കാണുക എല്ലാവൎക്കും നയനോത്സവകരമാണെങ്കിലും ദുൎജ്ജനങ്ങൾക്ക് അതിനെ കാണുമ്പോൾ പിടിച്ചുകൂട്ടിലാക്കണമെന്നോ വെടിവെയ്ക്കണമെന്നോ ഉള്ള ഉത്സാഹമാണ് നയനാനന്ദത്തെക്കാൾ അധികം ജനിക്കുന്നത് എന്ന അഭിപ്രായത്തിൽ 'സുജനനയനാനന്ദി'യെന്നു പ്രത്യേകിച്ചുപറഞ്ഞു. സ്വച്ഛന്ദം=സ്വൈരം പാറന്നു = അവശ്യമക്കരെച്ചെന്നു, മന്ദസ്മേരാനനകമലയാം = മന്ദസ്മിതസുന്ദരമുഖിയായ; ആനന്ദവല്ല്യാഃ മാതുഃ = ആനന്ദവല്ലീദേവിയുടേയും, ചന്ദ്രചൂഡാമണിയുടേയും ചരണയുഗളം വന്ദസ്വ. കായലിന്റെ പടിഞ്ഞാറെക്കരയിലാണ് ആനന്ദവല്ലീശ്വരമെന്ന ക്ഷേത്രം. ഇവിടെ പേർകൊണ്ടുതന്നെ വെളിപ്പെടുംപ്രകാരം ദേവനേയും ദേവിയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്.

ശ്ലോകം 45. സത്തന്മാർ അപ്പൊഴുതു ഭവന്തം കണ്ടു സന്തുഷ്ടരാകുമെന്നന്വയം. എങ്ങനെയിരിക്കുന്ന ഭവാനെ? അഹിഭുജം=പാമ്പുതീനിയായ്; നീലകണ്ഠം = കഴുത്തു നീലിച്ചവനായ്; ഖഗാനാമുത്തംസത്വം ദധതം = പക്ഷിശ്രേഷ്ഠനായ്; നൃത്തംചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം = വൎഷൎത്തുവിൽ നൃത്തം ചെയ്വാനുത്സാഹിയായ്; ചിത്താന്തന്നിൽ ഗുഹനൊടധികപ്രേമവന്തം = തന്റെ സ്വാമിയായ വേലായുധനിൽ അധികസ്നേഹമുള്ളവനായ്; ശ്ലേഷംകൊണ്ടു വേറെ ഒരു അൎത്ഥവും കൂടിയുണ്ട്. എങ്ങിനെ? ഭവം തം എന്നു പദച്ഛേദം. തം ഭവം=ആ ശ്രീപരമേശ്വരനെക്കണ്ടു; സത്തന്മാർ (അവിടെ) 'സന്തുഷ്ടരാകും'= സംതോഷിക്കാറുണ്ട്', എന്നു ശീലഭാവി. അവിടെ സജ്ജനങ്ങൾ എന്നും

സച്ചേലത്തെസ്സരസമരയിൽ ചേർത്തുടുത്തിട്ടടപ്പീ-
ട്ടച്ചേലൊത്തുള്ളൊരു കുടയുമായത്തലക്കെട്ടുമായി
കച്ചേരിക്കായ് പരിചൊടു ചെരിപ്പിട്ടു പോകുന്ന ലോകം
ത്വച്ചേതസ്സിൽ കുതുകമുളവാക്കീടുമപ്പട്ടണത്തിൽ. 46

കൊല്ലംകണ്ടാലൊരുവനവിടെത്തന്നെ പാർക്കാൻ കൊ-
[തിച്ചി-
ട്ടില്ലം വേണ്ടെന്നതു കരുതുമെന്നുള്ള ചൊല്ലുള്ളതത്രേ
കൊല്ലംതോറും പല പല പരിഷ്കാരമേറ്റപ്പുരം കോ-
ളുല്ലംഘിക്കുന്നഹഹ വിഭവംകൊണ്ടു താം രാജധാനീം 47

ശിവദർശനംചെയ്ത് സുഖിക്കുന്നു എന്നും ക്ഷേത്രവർണ്ണനം. ഏവർക്കുമെല്ലാമിരിക്കുന്ന ഭവാനെ? അഹിഭുജം; അഹി=സർപ്പം; ഭുജത്തിൽ = കൈകളിൽ ഉള്ളവൻ; നീലകണ്ഠം സ്പഷ്ടം; ഖഗാനാമുത്തംസതാം ഗതം = ഖഗന്മാർ = ദേവന്മാർ; നൃത്തം ചെയ്യുന്നതിന്നിഹ യഥാകാലമുത്സാഹവന്തം = ഭഗവാനു നിത്യം സന്ധ്യക്കു നൃത്തമുണ്ടല്ലോ; ചിത്തംതന്നിൽ ഗുഹനൊടധികപ്രേമവന്തം=ഗുഹൻ പുത്രനാണല്ലോ, രണ്ടർത്ഥവും പ്രകൃതമാകയാൽ പ്രകൃതശ്ലേഷം.

ശ്ലോകം 46. ഇനി ക്ഷേത്രത്തിന് അടുത്തുതന്നെ ഉള്ള കച്ചേരിക്കു പോകുന്ന വക്കീലന്മാരേയും മറ്റും വർണ്ണിക്കുന്നു. ലോകം=ആളുകൾ. ഇവരുടെ വേഷം വർണ്ണിച്ചിട്ടുള്ളതിന്റെ സ്വാരസ്യം നോക്കുമ്പോൾ 'കോലം' എന്നു മറിച്ചു വായിച്ചാലും തരക്കേടില്ലെന്നു തോന്നുന്നു. 'അക്കട' 'അത്തലക്കെട്ട്' എന്നു ചൂണ്ടിച്ചൊല്ലുകയാൽ അവയുടെ വൈലക്ഷണ്യം വെളിപ്പെടുന്നു. ഈ വേഷമെല്ലാം കണ്ടാൽ വേഷധാരി ഒരു വക്കീലാണെന്നു പറയാതെ തന്നെ ഗ്രഹിക്കാം.

ശ്ലോകം 47. 'കൊല്ലംകണ്ടാലില്ലം വേണ്ട' എന്നുള്ള പഴഞ്ചൊല്ല് ഉള്ളതു സത്യംതന്നെ. എന്തുകൊണ്ടെന്നുത്തരാർദ്ധംകൊണ്ടു സമർത്ഥിക്കുന്നു. താം രാജധാനീം=പ്രധാന പട്ടണമായ തിരുവനന്തപുരത്തെ; ഉല്ലംഘിക്കുന്നു=അതിക്രമിക്കുന്നു.

മങ്ങാതെങ്ങും മഹിതതരയാം മന്ദിരശ്രേണികൊണ്ടും
മുങ്ങാതേററം മുദമരുളിടും മുഖ്യപാഥസ്സുകൊണ്ടും
അങ്ങാടിയ്ക്കുള്ളനുപമിതയാം പുഷ്ടികൊണ്ടും നിനച്ചാ-
ലങ്ങാവാസത്തിനു ബഹുസുഖംതന്നെ സന്ദേഹമില്ല. 48

ശൃംഗാഗ്രംകൊണ്ടുപരി ഗഗനം ലേഖനംചെയ്യുനിൽക്കും
തുംഗാഗാരങ്ങളിലതുലമാം കൌതുകത്തോടജസ്രം
അംഗാഭിഖ്യാജിതരതികളാമംഗനാളിസ്സലീലം
ശൃംഗാരംപൂണ്ടിഹിടെ മരുവും യോഗ്യരാ ഭാഗ്യവാന്മാർ. 49

പള്ളിക്കൂടം പലതു വലുതാം പാളയം പള്ളികളു-
ള്ളുള്ളിക്കാരെത്തടവിലിടുവാനുള്ള ജേലാതുരപത്രി
തള്ളിക്കേറിടപിജരണയുമായുട്ടമപ്പട്ടണത്തി-
ന്നുള്ളിൽ കാണാമൊരുകുറി പറന്നൊക്കെ നീ നോക്കി-
[യാലും. 50

ശ്ലോകം 48. പഴഞ്ചൊല്ലിനെത്തന്നെ സ്പഷ്ടമായിട്ടു സമർത്ഥിക്കുന്നു. പാർക്കാൻ നല്ല ഗൃഹങ്ങളും, കളിപ്പാൻ നല്ല വെള്ളവും, ആവശ്യപ്പെട്ടതൊക്കെയും വാങ്ങാൻ വലിയ ഒരു അങ്ങാടിയും ഉണ്ടെങ്കിൽ ഇതിലധികമെന്താണു് ദേശസുഖത്തിനു വേണ്ടുന്നതു്?

ശ്ലോകം 49. ശൃംഗാഗ്രങ്ങൾകൊണ്ടു മാളികകൾ ആകാശത്തിൽ ഉരസുമെന്നും, അംഗശോഭകൊണ്ടു് അംഗനമാർ രതീദേവിയെ ജയിക്കുമെന്നും, കൊല്ലവാസികളേ ഭാഗ്യവാന്മാരാകുന്നുവൊള്ളു എന്നും സംബന്ധമില്ലാത്തിടത്തു സംബന്ധമുണ്ടാക്കിയതിനാൽ അതിശയോക്തി.

ശ്ലോകം 50. ആ നഗരത്തിൽ കാണ്മാനുള്ള കാഴ്ചകളെ വിവരിക്കുന്നു. ജേൽ=കാരാഗൃഹം; ഇംഗ്ലീഷ് വാക്കു്). ആതുരപത്രി=ആതുരശാല, 'ഹാസ്പിററൽ' എന്ന ഇംഗ്ലീഷിന്റെ തദ്ഭവം.

പട്ടാളക്കാരതിപരുഷരായങ്ങുമിങ്ങും നടക്കും
മുട്ടാളന്മാർ മതിമുഖികളെ മൂക്കിൽ മുട്ടുന്ന കണ്ടാൽ
തട്ടാതപ്പോളുവമതിയവർക്കായവരേറെടെ കർണ്ണം
പൊട്ടാറാകുംപടി രട സകൃദ്ധീര! മാർജ്ജാരകണ്ഠ! 51

ചാകുന്നേറെജ്ജനമഹികളാലാസ്ഥലത്തെന്നു കേൾപ്പു-
ണ്ടാകുന്നേടത്തൂതിയതിനാലായവററയ്ക്കു ചെയ്ക
ഏകുന്നേവൻ ബഹുജനസഹിതാ മററുകാര്യത്തിനായി-
പ്പോകുന്നേരം നിയതമവനേ ബുദ്ധിമാനിദ്ധരണ്യാം. 52

ശ്ലോകം 51. അതിപരുഷർ = നിഷ്ഠുണ്ടകന്മാർ; മൂക്കിൽ മുട്ടുക = വല്ല മൂലയിലും തനിച്ചു കണ്ടെത്തുക; കണ്ടെത്തി സാഹസം പ്രവർത്തിക്കാനാരംഭിക്കുക എന്നേടത്തോളമർത്ഥമുണ്ടു്. തട്ടാതെ = തട്ടാതിരിപ്പാൻ വേണ്ടി എന്നു താല്പര്യം. സകൃൽ രട = നീ ഒന്നു ശബ്ദിച്ചാലും; ബലവാന്മാരും ദുഷ്പ്രവൃത്തിക്കു ഭാവിക്കുമ്പോൾ ദുർബലന്മാരെ പേടിക്കുമല്ലോ. 'മാർജ്ജാരകണ്ഠ, കേകാളിവിഷ്ണുരോമത്തനപ്രിയഃ' എന്നു വൈജയന്തീകോശപ്രകാരം 'മാർജ്ജാരകണ്ഠ'പദം മയൂരപര്യായമാകുന്നു. ഇതിന്റെ ആഗമം കേകയ്ക്കും മാർജ്ജാരശബ്ദത്തിനും ഉള്ള സാമ്യമായിരിക്കണം. പൂച്ചയുടെ കരച്ചിലിനു് ഭാഷയിലേ അനുകരണം 'ഇങ്ങേയാവോ' എന്നാണല്ലോ. അതിനാൽ കേകയ്ക്കു് 'ഇങ്ങേ = ഈ പരസ്ത്രീകളുടെ അടുക്കലേ; ആവോ? ഈവക പ്രവൃത്തി പാടുള്ളോ' എന്നു് അർത്ഥം കല്പിക്കാവുന്നതിനാൽ മയിലിനു് ഇവരെ തടുക്കാൻ സൌകര്യാതിശയവുംകൂടി ഉണ്ടാക്കിത്തീർക്കാമെന്നു തോന്നുന്നു. പട്ടാളക്കാർ ഈവിധം അന്യായം പ്രവർത്തിക്കാറുണ്ടെന്നുള്ളതു് വർത്തമാനപത്രങ്ങൾ വായിക്കുന്നവരുടെ ചെവിക്കു് ഒരിക്കലും പുത്തരിയാവുന്നതല്ല.

ശ്ലോകം 52. ചാകുന്നു, ഏറെ എന്നു പദച്ഛേദം. ഇവിടെ ലോപസന്ധി വരികയില്ലെന്നു ചിലർ. ഈമാതിരി പ്രയോഗങ്ങൾക്കു സാധുത്വം കേരളപാണിനീയത്തിൽ സമർത്ഥിച്ചിട്ടുണ്ടു്.

ശ്രീമത്ത്വാത്താൽ മദമൊടു ജഗൽപ്രാണനെത്തിന്നുനന്നായ്
സാമർത്ഥ്യത്തോടഹിഭയമുദിപ്പിച്ചു ഭൂമീപതിക്കും
കേമത്വം പൂണ്ടനൃജുഗതിയാമബ്ഭുജംഗദ്വിജിഹ്വ-
സ്തോമത്തോടസ്ത്വയി തവസഖേ സാധ്വബാധം വിരോധം.
53

ശ്ലോകം 53. സർപ്പദ്വേഷം ശ്ലാഘ്യംതന്നെ ആണെന്നു സമർത്ഥിക്കുന്നു; അയി സഖേ! തവ=നിനക്കു്; അബ്ഭുജംഗദ്വിജിഹ്വസ്തോമത്തോടു്=ആ ഇഴഞ്ഞുനടക്കുന്ന സർപ്പക്കൂട്ടത്തോടു്; സാധുവിരോധം=നല്ല വൈരം; അബാധം=നിർബാധം, ധാരാളം; അസ്തു=ഭവിക്കട്ടെ. ഭുജംഗദ്വിജിഹ്വശബ്ദങ്ങൾ രണ്ടും സർപ്പപര്യായങ്ങളാണെങ്കിലും, അവയവാർത്ഥത്തിൽ ഭേദമുള്ളതിനാൽ പൌനരുക്ത്യദോഷത്തിനു പ്രസക്തിയില്ല; ഭുജംഗമെന്നതിനാൽ വൈലക്ഷണ്യവും ദ്വിജിഹ്വമെന്നതിനാൽ പരദ്രോഹത്തിനു സൌകര്യവും ദ്യോതിക്കുന്നു. ഇവ വിരോധാർഹങ്ങളാണെന്നു സാഭിപ്രായവിശേഷണങ്ങളെക്കൊണ്ടു സമർത്ഥിക്കുന്നു. ശ്രീമത്ത്വാത്താൽ=വിഷമുള്ളതിനാൽ; മദമൊടു് ജഗൽപ്രാണനെ നന്നായ്ത്തിന്നു്=വായുവിനെ യഥേഷ്ടം ഭക്ഷിച്ചു്; പാമ്പു് വിഷംകൊണ്ടു ജനങ്ങളുടെ പ്രാണഹാനി വരുത്തുമല്ലോ. സാമർത്ഥ്യത്തോടു് രാജാവിനും സർപ്പഭയമുണ്ടാക്കി; ഇതരന്മാരിൽനിന്നു ഭയം വേണ്ടാത്ത രാജാവിനും പാമ്പിനെ പേടിക്കണമല്ലോ. വിശേഷിച്ചും ആയില്യം തിരുനാൾ മഹാരാജാവിനു സർപ്പഭയമസാമാന്യമായുണ്ടായിരുന്നു. ഈ വിശേഷണത്താൽ സർപ്പം പണ്ഡിതപാമരനിർവ്വിശേഷം പരോപദ്രവിയെന്നു വന്നുകൂടുന്നു. കേമത്വം പൂണ്ടു്=ഇതൊക്കെയും മിടുക്കാണെന്നു നിനച്ചു്; അനൃജുഗതിയാം=വക്രമായിത്തന്നെ നടക്കുന്നതായ; ശ്ലേഷംകൊണ്ടു് ഇവിടെ അർത്ഥാന്തരവും ഉളവാകുന്നു. തഥാഹി ഭുജംഗന്മാരായ=വിടവൃത്തികളായ; ദ്വിജിഹ്വന്മാരുടെ=ഏഷണിക്കാരുടെ കൂട്ടത്തോടു് നിനക്കു നല്ല വിരോധമുണ്ടാകട്ടെ. അവർ എങ്ങനെയുള്ളവർ? ധനമദംകൊണ്ടു് വളരെ ആളുകൾക്കു് പ്രാണഹാനിക്കു തുല്യമായി ഉപദ്രവങ്ങൾ ചെയ്തും ഏഷണിയിലുള്ള സാമർത്ഥ്യത്താൽ രാജാവിനും സ്വപക്ഷഭയം ജനിപ്പിച്ചും മഹാകേമന്മാരെന്നുള്ള നാട്യത്തോടെ ദുർമ്മാർഗ്ഗങ്ങളിൽ പ്രവർത്തിക്കുന്ന, എന്നു്. രാവണനു വിഭീഷണനിൽനിന്നുണ്ടായപോലുള്ള ഭയമാണു് അഹിഭയം. "മഹീഭുജാമഹി

ചുററിക്കണ്ടാനഗരമവിടം വിട്ടു വള്ളത്തിലൊന്നിൽ
ചുററിക്കൂടിപ്പുനരപി കടന്നാശ്രമം ഭൂരിദൂരം
കുററിക്കാടും വയലുമതിലംഘിച്ചു നീ പോകിൽ മാൎഗ്ഗം
തെററിക്കൂടാ വടിവൊടുടനേ വൎക്കലെച്ചെന്നു ചേരാം. 54

ഒന്നിച്ചോരോ വിടപികൾ വളൎന്നുന്നമിച്ചുല്ലസിക്കും
കുന്നിൽ ചക്രായുധനുടെ മഹാക്ഷേത്രമത്യന്തഹൃദ്യം
ഇന്നിദ്ധാത്രീതലമതിലതിഖ്യാതിമത്തത്ര കാണാ-
മുന്നിദ്രാണാഭയൊടും കനകസ്തൂപികാദീപിതാശം. 55

നല്ലോരൂററുണ്ടമലജലമക്കുന്നിൽനിന്നൂറിടുന്നു
കല്ലോലാസ്ഫാലനമുഖരമാമാഴിതൻതീരമാരാൽ
സല്ലോകൎക്കസ്സലിലമധികം നല്ലതാണെന്നു തോന്നീ-
ട്ടല്ലോ പാരം പ്രിയതയതിലിന്നോൎക്കിലുണ്ടായിടുന്നു. 56

ഭയം സ്വപക്ഷപ്രഭവം ഭയം'' എന്നു് അമരമുണ്ടു്. തനിക്കു് ഈ അനൎത്ഥത്തിനു് ഇടയായതു് ഈവക ഏഷണിക്കാൎനിമിത്തമാകയാൽ അവരുടെനേരെ സ്വാപകാരിയായ നിനക്കു ദ്വേഷം തോന്നട്ടേ എന്നു കവിഹൃദയം. 'സാധുബാധം' എന്നു് ഒററപ്പദമാക്കീട്ടു്, അധ്വബാധത്തോടുകൂടിയ വിരോധം=അവരുടെ വഴികളെ അടയ്ക്കുന്നതായ വിരോധം എന്നും വ്യാഖ്യാനിക്കാം. പിശുനന്മാരുടെ വഴി അടച്ചേ കാൎയ്യസിദ്ധി വരുവൊള്ളല്ലോ. ഇത്യലമതിപ്രസംഗേന.

ശ്ലോകം 54. മാൎഗ്ഗം തെററിക്കൂടാ=വഴിപിഴയ്ക്കാൻ പാടില്ല. കൊല്ലത്തുനിന്നു വൎക്കല നേരെ തെക്കുതന്നെ ആകുന്നു.

ശ്ലോകം 55. ഉന്നമിക്ക=ഉയരുക. ചക്രായുധൻ=ജനാൎദ്ദനസ്വാമി. ഉന്നിദ്രാണാഭ=മാഴ്കാതെ വിലസുന്ന പ്രകാശം.

ശ്ലോകം 56. ഊററുണ്ടു ഊറിടുന്നു=ഊററു് ഊറിടുന്നുണ്ടു് എന്നു യോജന. 'മേൽക്കുമേലും വ്യവഹിതമായുമാമന്വപ്രയോഗം' എന്ന

നോക്കേണം നീ മലമുകളിൽനിന്നാഴിയീ വർഷകാല-
ത്തുൾക്കേറീട്ടൊന്നൊരു തിരയടിച്ചെത്തിടുന്നത്തടത്തേ
ത്തൂക്കേറ്റുള്ളക്കോട്ടമുടിയിടിഞ്ഞങ്ങുവീണിട്ടു കഷ്ടം!
ചാക്കേൽക്കീട്ടുണ്ടനവധിജനങ്ങൾക്കു പണ്ടപ്രദേശം. 57

വേഗത്തിൽപ്പോയഥ മധുരിപോർമ്മന്ദിരം പുക്കു പുണ്യാ-
ഭോഗത്തെപ്പൂണ്ടഹിശയനനാം ദേവനെസ്സേവചെയ്യൂ
നാഗത്താന്മാർ വലിയവടമൂലത്തിലങ്ങൊത്തുവാഴ-
ന്നാഗസ്സുണ്ടാക്കരുതവരെ നീ ഹന്തബാധിച്ചു സാധൂൻ. 58

സൂത്രത്താൽ കാലാനുപ്രയോഗത്തിനു് വ്യവധാനം വന്നിരിക്കുന്നു. തീരമാരാൽ=തീരത്തിനടുത്തു്. 'അന്യാരാദിതരർത്തേ' എന്ന പാണിനിസൂത്രത്താൽ തീരാൽ എന്നു പഞ്ചമി വരേണ്ടതാണെങ്കിലും 'അപ്സരസ്തീർത്ഥമാരാൽ' (ശാകുന്തളം) ഇത്യാദി മഹാകവിപ്രയോഗസ്വാരസ്യത്താൽ വ്യാകരണാന്തരേണ ഇപ്രയോഗം സാധുതന്നെ. സല്ലോകക്ഷ്മാസ്ഥലിലമധികം നല്ലതാണെന്നു തോന്നീട്ടല്ലോ പാഠം പ്രിയതയതിലിന്നോർക്കിലുണ്ടായിടുന്നു=കടപ്പുറത്തുള്ള പുണ്യതീർത്ഥമെന്നും ആരോഗ്യകരമെന്നും കരുതി പല പ്രകാരത്തിലും ആളുകൾ അതിനെ ആദരിക്കുന്നു.

ശ്ലോകം 57. നീ മലമുകളിൽനിന്നു തടത്തെ നോക്കണമെന്നു് അന്വയം. ഈ വർഷകാലത്തു് ആഴി ഏറെയുക്കുള്ള തിരമാല അടിച്ചു് എത്തുന്ന എന്നു് തടവിശേഷണം. 'എത്തിടുന്ന' എന്നു് അധികരണാർത്ഥത്തിൽ പേരെച്ചം. ഏതിൽ എത്തുന്നോ അങ്ങനെയുള്ള എന്നു് അർത്ഥം. ഉത്തരാർദ്ധംകൊണ്ടു് അവിടെ നടക്കുന്നതു സൂക്ഷിച്ചുവേണമെന്നു പറയുന്നു. വീണിട്ടു്=വീഴുകയാൽ എന്നു ഹേത്വർത്ഥത്തിൽ മുൻവിനയെച്ചം. 'എത്തിടുന്ന അത്തടം' എന്നിടത്തു പേരെച്ചപ്രത്യയമായും ഒററയായും രണ്ടു ചുട്ടെഴുത്തു ചേർന്നു വരുമ്പോൾ ഒന്നിനു ലോപം.

ശ്ലോകം 58. ഉടനെ ക്ഷേത്രത്തിൽ ചെന്നു പുണ്യത്തിന്റെ പരിപൂർത്തിയെ പ്രാപിച്ചു ജനാർദ്ദനസ്വാമിയെ വന്ദിക്കണം. മുൻചൊന്നതോർത്തു് അവിടെയുള്ള സർപ്പങ്ങളെ ദ്രോഹിക്കാൻ പുറപ്പെട

നീഹാരാഭം നിരുപമരസം നീരമാസ്വാദ്യ നൽപ്പു-
ല്ലാഹാരം ചെയ്തു ഘരഘരപദക്ലൂശമായ് കേശവന്റെ
ഗേഹാസന്നസ്ഥലിയതിലതിസ്വൈരമായ് സഞ്ചരിക്കും
മാഹാസംഘം മനസി നിതരാമേകമാനന്ദമാക്കും. 59

കാന്തിക്കാതൽക്കൊല്ലുമകലരും കഞ്ജനേത്രന്റെ ബിംബം
ശാന്തിക്കാരൻ ക്ഷിതിസുരവരൻ ഭംഗിയോടുത്തമാംഗേ
ഏന്തിപ്പോകുന്നൊരു പുതുമയെക്കാൺകിലാനന്ദസിന്ധൗ
നീന്തിസ്വാന്തം തവ നിരവധൗ താന്തമാകും നിതാന്തം. 60

പുണ്യക്ഷേത്രത്തിനു പുറമെയങ്ങൊട്ടു സാന്ദ്രപ്രരോഹ-
ത്തൃണ്യക്ഷോണീപരിസരമതിൽ സാരമാമഗ്രഹാരം
ഗുണ്യന്മാരായ് ഗുരുവിനയരായ് ശ്രോത്രിയന്മാരിലഗ്ര-
ഗണ്യന്മാരായ് ഗതകലുഷരായുള്ള ധാത്രീസുരാണാം. 61

ണ്ടു്. എന്തുകൊണ്ടെന്നാൽ അവർ പരോപദ്രവികളല്ല; സാധുക്കളാണു്. വാസ്തവത്തിൽ അവിടെ കല്ലുകൊണ്ടുണ്ടാക്കിയ നാഗപ്രതിമകളാണല്ലോ അധികം.

ശ്ലോകം 59. നീഹാരാഭഃ=മഞ്ഞുപോലെ വെളുത്ത; ഗേഹാസന്നസ്ഥലി=മതിലകം; മാഹാസംഘഃ=പശുക്കൂട്ടം; വക്കെപ്പത്തുവെന്നു പ്രസിദ്ധമാണു്.

ശ്ലോകം 60. കൊല്ലുമ=അതിശയം; ആഡംബരം; 'കൊല്ല്' എന്ന ധാതുവിൽനിന്നു തന്മാത്രതദ്ധിതൻ. ഉത്തമാംഗേ ഏന്തി=ശിരസ്സിൽ എടുത്തു്; 'വെണ്മഴുവേന്തിയ രാമൻ' ഇത്യാദി പ്രയോഗം നോക്കുക. നിത്യമുള്ള ശീവേലിയിൽ ശാന്തിക്കാരൻ ബിംബം തലയിൽവെച്ചാണു് എഴുന്നള്ളിക്ക പതിവു്. അവധിയില്ലാത്ത ആനന്ദസിന്ധുവിൽ നീന്തീട്ടു് നിന്റെ സ്വാന്തം=മനസ്സു്; നിതാന്തം താന്തമാകും=ഏററം ക്ഷീണിക്കും. സമുദ്രത്തിൽ നീന്തുവോർ എളുപ്പത്തിൽ കുഴയുമല്ലോ. നിനക്കു് ആനന്ദപാരവശ്യമുണ്ടാകുമെന്നു താല്പര്യം.

ശ്ലോകം 61. സാന്ദ്രപ്രരോഹത്തൃണ്യക്ഷോണീപരിസരം=നിബിഡമായ് മുളച്ചുനിൽക്കുന്ന പുൽതകിടിയോടുകൂടിയ ഭൂഭാഗം;

കല്യൻ ഗുണപ്രവരനൊരുവൻ കാരുധൌരേയനാരാൽ
കല്യയ്ക്കായിഗ്ഗിരിനിര തുരക്കുന്നതും ചെന്നുകാണ്ക
തുല്യംമററില്ലലകിലതിനോടത്തുരങ്കങ്ങൾതീർന്നാൽ
ശല്യം വേണ്ടാ സരണി മുഴുവൻ തോണിയിൽത്തന്നെ
[പോകാം. 62

എല്ലാമീക്ഷിച്ചവിടെ വഴിയേ തെല്ലു ദൂരം പറന്നി-
ട്ടുല്ലാസത്തോടൊരുതരണിയിൽചാടി നീ കൂടിയെന്നാൽ
ഇല്ലായാസം ത്രിചതുരമണിക്കൂറിനുള്ളിൽ സഖേലം
ചെല്ലാമെല്ലാവരുമറിയുമാ വേളിയാംകായൽതന്നിൽ. 63

ഗുണ്യന്മാർ = ഗുണവാന്മാർ; ശ്രോത്രിയന്മാർ = വേദാദ്ധ്യായികൾ; ഗത കല്മഷന്മാർ = പാപമില്ലാത്തവർ; ധാത്രീസുരാണാം = ബ്രാഹ്മണരുടെ; ക്ഷേത്രത്തിന്റെ മുൻവശത്തു് അല്പം തെക്കുമാറി ഒരു അഗ്രഹാരമുണ്ടു്.

ശ്ലോകം 62. കല്യൻ ഗുണപ്രവരനൊരുവൻ കാരുധൌരേയൻ= ഹെഡ്ഇഞ്ചിനീയർസായ്പ്; ആരാൽ=അടുത്തു്; കല്യാ= തോടു്; ഇക്കാലം തുരങ്കങ്ങളുടെ വേല നടക്കുന്ന അവസരമായിരുന്നു. ഇതുപോലെ തോടായുള്ള തുരങ്കം ഇൻഡ്യയിൽ മറെറങ്ങുമില്ല. ഇതുരണ്ടും തീർന്നതിന്റെ ശേഷം ഇപ്പോൾ തിരുപ്പാണ്ടിമുതൽ തിരുവനന്തപുരംവരെ ഒന്നായി ജലമാർഗ്ഗേണ സഞ്ചരിക്കാമെന്നുള്ളതു് അനുഭവമാണല്ലോ.

ശ്ലോകം 63. വക്കലയിന്നു പുറപ്പെടാൻ പറയുന്നു. തരണി= വള്ളം; ത്രിചതുര=മൂന്നു നാലു; വക്കലയിന്നു വേളിയിലേക്കു 18 മൈലേ ഉള്ളു. 'എല്ലാവരുമറിയും' എന്നു വിശേഷണം ചെയ്തതു് അതിന്റെ സൌന്ദര്യാതിശയത്താലാകുന്നു. നഗരവാസികൾ ഇവിടെ വള്ളംകളിക്കാനും മററും പോകാറുണ്ടു്. കവിക്കു് ഈ കായൽക്കര വളരെ പ്രിയമായ വിനോദസ്ഥലമായിരുന്നുവെന്നു് അടുത്ത ശ്ലോകത്താൽ വെളിപ്പെടുന്നു.

പാറക്കൂട്ടം പരമവിടെയുണ്ടുന്നതം ചേൎന്നുകൂടി-
ക്കാറംഭസ്സുക്കൊള്ളുവതിന്നായ് വന്നിറങ്ങുന്നവണ്ണം
കൂറത്യന്തം മനസി കലരും കൂട്ടരോടൊത്തു ഞാൻ പ-
ണ്ടേറെക്കൌതൂഹലമൊടു കളിച്ചീടുമാറുണ്ടതിന്മേൽ. 64

കുന്നിന്നങ്ങേപ്പുറമടവിയാണായതിൽ പോയതന്ദ്രാ
കുന്നിച്ചീടും കുതുകമൊടു ഞാൻ കൂട്ടി നായാട്ടുകാരെ
പന്നിക്കൂട്ടം പുലിയിതുകളെ വേട്ടയാടീട്ടയത്താം
കൊന്നിട്ടുള്ളന്നതിലൊരു രസം സ്വല്പമല്ലിപ്പൊഴുംമേ. 65

വഞ്ചിക്ഷോണീവലരിപുപുരീപ്രാന്തദേശത്തിലെത്താൻ
കിഞ്ചിദ്ദൂരേ കിലികിലരവം പൂണ്ട താലങ്ങൾ കണ്ടാൽ
വാഞ്ചിയ്ക്കാമന്ത്രണമതു കഴിച്ചിട്ടു നീ വിട്ടതേററം
നെഞ്ചിൽ കൌതൂഹലമൊടു തടധ്വാവിലൂടേ ഗമിക്ക. 66

മേളിടപ്പൂവം പനകളുടെയും മററു വൃക്ഷങ്ങടേയും [ഞ്ഞു
മോളിൽക്കേറിപ്പരിചൊടു പറന്നൊന്നിൽനിന്നൊന്നണ-
ക്കളിഷ്ടംപോലെയി മരുവിയും കേളിമസൌധോപരിഷ്ടാൽ
കോളിൽച്ചെന്നീടുക തിരുവനന്താഖ്യമാമപ്പുരത്തിൽ. 67

ശ്ലോകം 64. അവിടെ പരമുന്നതം = ഏററമുന്നതമായ; പാറക്കൂട്ടം കാർമേഘം വെള്ളമെടുക്കാൻ വന്നിറങ്ങുന്ന മാതിരിയിൽ ചേൎന്നുകൂടീട്ടുണ്ട്. 'കളിച്ചീടുമാറുണ്ടു പണ്ടു' എന്നുകൂടി പറഞ്ഞതിനാൽ കളിക്കാറുണ്ടായിരുന്നുവെന്നു താല്പൎയ്യം.

ശ്ലോകം 65. സ്പഷ്ടം. വാച്യാർത്ഥചർവ്വണക്ഷണത്തിൽ കവിഗതമായ ഉൽക്കണ്ഠയ്ക്കു പ്രതീതി വരുന്നതിനാൽ ഭാവധ്വനി.

ശ്ലോ 66. കിലികിലരവം എന്നു അനുകരണം. ആമന്ത്രണം = യാത്രപറയൽ; വടക്കുനിന്നു വരുന്നവൎക്കു തിരുവനന്തപുരം അടുത്തു എന്നുള്ളതിലേക്കു ഒരു ലക്ഷണം തോട്ടുവക്കിൽ കാണുന്ന പനക്കൂട്ടമാകുന്നു.

ശ്ലോകം 67. 'വൃക്ഷങ്ങടേ' എന്നും 'മോളിൽ' എന്നുമുള്ളതു വൃക്ഷങ്ങളുടെ എന്നും മുകളിൽ എന്നും പറയേണ്ടതിന്റെ സങ്കോചി-

ഭംഗംകൂടാതനിശമരവിന്ദേക്ഷണൻതന്നുരസ്സാം
രംഗംതന്നിൽ കൃതനടനയാമിന്ദിരായാ വിലാസാൽ
മംഗല്യശ്രീമഹിതവിഭവഭ്രാജിതാം രാജധാനീ-
മംഗസ്വൈരംപ്രവിശഫലമുണ്ടത്രകാണാംവിശേഷം. 68

(പൂർവ്വഭാഗം സമാപ്തം)

ത്രരൂപങ്ങളാകുന്നു. മേലിൽ, അതുവഴി, ക്രമേണ, സൌകര്യത്തിൽ, എന്നു വിഭക്തിപ്രതിരൂപകമവ്യയം. തിരുവനന്താഖ്യമാമപ്പുരം=തിരുവനന്തമെന്നു പേരുള്ള അപ്പുരം, തിരുവനന്തപുരം.

ശ്ലോകം 68. വിഘ്നംകൂടാതെ എന്നും താമരക്കണ്ണനായ ശ്രീപത്മനാഭന്റെ മാറിടമാകുന്ന രംഗത്തിൽ നൃത്തംചെയ്യുന്ന ലക്ഷ്മിയുടെ വിലാസത്തിൽ മംഗലരൂപങ്ങളായ വിഭവങ്ങളെക്കൊണ്ടു ശോഭിക്കുന്ന അപ്പുരിയിൽ നീ സ്വച്ഛന്ദം പ്രവേശിച്ചാലും. 'അംഗ' എന്ന അവ്യയം സംബോധനാർത്ഥകം. ശ്രീപത്മനാഭസാന്നിധ്യത്താൽ അവിടെ സമ്പത്ത് എന്നും പരിപൂർണ്ണമായിരിക്കുന്നുവെന്നു താല്പര്യം.

മത്പ്രകാശമെന്ന മയൂരസന്ദേശവ്യാഖ്യാനത്തിൽ
പൂർവസന്ദേശവ്യാഖ്യാനം സമാപ്തം.

ഉത്തരഭാഗം

ശ്രീലാസ്യത്താലെഴുമഴകുഝിച്ചുമാംപ്പൂക്കൾ വാഴും
ലോലാക്ഷീണാമണികുഴലതിൽപ്പീലിപോലുല്ലസിക്കും
നീലാശ്മശ്രീ തഴുകിന തളം നിൻഗളച്ഛായമായും
ലീലാസൌധപ്രകരമെതിരാം തത്ര തേ ചിത്രപത്രി! 1

ഉല്ലാസത്തോടവിടെ മരുവും പൂർണ്ണചന്ദ്രാസ്യമാരാം
മല്ലാക്ഷീണാംഗണമുപവനസ്തോമമസ്തോകശോഭം [ന്നിൽ
എല്ലാമൊക്കിൽ പ്രതിഫലിതയായ് പശ്ചിമാംഭോധിത-
ചൊല്ലാന്നീടും സുരനഗരിതാൻ കണ്ടിടുന്നെന്നു തോന്നും. 2

ശ്ലോകം 1. 'പലതും തത്ര കാണാം' വിശേഷം എന്നു പൂർവ്വഭാഗാന്തരത്തിൽ സമഷ്ടിയായ് സൂചിപ്പിച്ചതിനെത്തന്നെ വിസ്തരിക്കുന്നു. (ഹേ) ചിത്രപത്രി! തത്ര ലീലാസൌധപ്രകരം തേ (നിനക്ക്) എതിരാം= അവിടത്തെ മേടകൾ നിന്നോടു തുല്യമായിരിക്കും; എതിരായ്ക്കാണാം എന്നുമർത്ഥമാവാം. ശേഷം മൂന്നു പാദംകൊണ്ടു് തുല്യതയെ സാധിക്കുന്നു. ശ്രീലാസ്യത്താത്=മയൂരപക്ഷത്തിൽ ശ്രീലമായ=ശ്രീമത്തായ; ആസ്യത്താത്=മുഖത്താൽ; മറേറടത്തു് ശ്രീയുടെ ലാസ്യത്താത്=നൃത്തത്താൽ, നീലാശ്മശ്രീ=നീലക്കല്ലിൻശോഭ. ശ്ലേഷസങ്കീർണ്ണയായ കല്പിതോപമ. ഈ ഉത്തരസന്ദേശപ്രാരംഭം മേഘസന്ദേശത്തെ അനുകരിക്കുന്നു, 'മിന്നൽക്കൊമ്പിനു തനുപമാർ' ഇത്യാദി അതിലെ ശ്ലോകം നോക്കുക.

ശ്ലോകം 2. അവിടെയുള്ള സ്ത്രീകളുടെ വിസ്മയനീയമായ രൂപലാവണ്യവും പൂന്തോട്ടങ്ങളുടെ അഴകും മററും ഓർത്തുനോക്കുമ്പോൾ അമരാവതിതന്നെ അടുത്തുള്ള പടിഞ്ഞാറേസമുദ്രത്തിൽ പ്രതിഫലിച്ചു കാണുന്നതാണോ ഇപ്പുരി എന്നു തോന്നിപ്പോകുമെന്നു് ഉൽപ്രേക്ഷ.

കന്നൽക്കണ്ണാൾമണികളവിടെക്കള്ളമോടേ കടാക്ഷ-
ക്കന്നക്കോലാൽ തരുണരുടെയുൾത്തട്ടിനെബ്ഭിന്നമാക്കി
സന്നദ്ധം തൽഗതമഥ കവർന്നാശു ധൈര്യം സമസ്തം
ഖിന്നത്വം ചേർത്തനവിവശീഭാവമേകുന്നു തേഷാം. 3

വൃത്രാരാതേരധിവസതിയാം പത്തനം തന്നിലൊത്താൽ
ചിത്രാകാരാ, ചിരതരമിരിക്കുന്നതേകൈവ രംഭാ
പത്രാവല്യാ പരിലസിതമായ് പന്നഗാധീശപുര്യാം
തത്രാസംഖ്യാ പ്രതിനവമതായുണ്ടു രംഭാകദംബം. 4

ശ്ലോകം 3. കടാക്ഷമാകുന്ന കന്നക്കോലെന്നു രൂപകം. കന്നക്കോലെന്നാൽ കള്ളന്മാർ ഭിത്തി തുരക്കാനുപയോഗിക്കുന്ന യന്ത്രം. ഉൾത്തട്ടിനെ=ഉൾത്തട്ടാകുന്ന മനസ്സാകുന്ന അന്തർഗ്ഗൃഹം എന്നു ശ്ലിഷ്ടരൂപകം. സന്നദ്ധം=ബലേന ബന്ധിക്കപ്പെട്ടതു്; ഒരുക്കം തയ്യാറുള്ളതു് എന്നും; തൽഗതം=ആ ഉൾത്തട്ടിലിരിക്കുന്ന; ധൈര്യം=ധനസ്ഥാനീയം; അതനു=കാമൻ; അനല്പമെന്നും. സ്ത്രീകൾ കടാക്ഷങ്ങളെക്കൊണ്ടു് മനസ്സിളക്കി ധൈര്യം പോക്കുന്നതിനെ കവർച്ചക്കാർ കന്നക്കോലാൽ ഭിത്തി തുരന്നു വീട്ടിനുള്ളിലുള്ള ദ്രവ്യത്തെ അപഹരിക്കുന്നതിനു സദൃശമാക്കി വർണ്ണിച്ചിരിക്കുന്നു. ദ്രവ്യം മോഷണം പോയാൽ ഉടമസ്ഥർക്കു വരുന്നതു പോലെ ധൈര്യഹാനിയിൽ ഇവർക്കും 'അതനുവിവശീഭാവം' ഉണ്ടാകുന്നു.

ശ്ലോകം 4. ഇന്ദ്രനഗരിയായ അമരാവതിയിൽ വളരെ നാളായിട്ടും ഒരു രംഭയേ ഉണ്ടായിട്ടുള്ളു; ഇത്തിരുവനന്തപുരത്തോ പുത്തൻ പുത്തനായിട്ടു് അനവധി രംഭകളുണ്ടായിക്കൊണ്ടിരിക്കുന്നുവെന്നു് അമരാവതിയെക്കാൾ ഇപ്പുരിക്കു് ഉൽക്കർഷം ശ്ലേഷഭംഗ്യാ പ്രതിപാദിച്ചിരിക്കുന്നു. 'പത്രാവല്യാ പരിലസിക്കുക' എന്ന വിശേഷണത്താൽ രണ്ടുതരം രംഭകൾക്കും സാധർമ്മ്യവും സിദ്ധിക്കുന്നു. രംഭ; ഒരിടത്തു് അപ്സരസ്ത്രീ, മറ്റേടത്തു വാഴ; അതിൻവണ്ണം പത്രാവലി, പച്ചിക്കീറു്, ഇലക്കൂട്ടമെന്നും.

തങ്കത്താർതൻതതിലളിതമാം ദന്തശില്പോല്ലസല്പ-
ല്യങ്കത്തിന്മേൽ പരിചൊടുപവേശിച്ചുപങ്കേരുഹാക്ഷീം
അങ്കത്തിൽചേർത്തനുകനനുകമ്പിച്ചു ബാലാമണച്ചു-
ക്കൊങ്കത്തട്ടേത്തഴുകുമഴകാം തത്ര കാണേണ്ടതത്രേ. 5

മാരക്രീഡാമഹമലഹളയിൽ ജാലമാർഗ്ഗേണ ലീലാ-
ഗാരക്രോഡേ നിഭൃതഗതിയായെത്തി നിത്യം നിശായാം
പാരസ്ത്രീണാം വപുഷി വിലസും സ്വേദബിന്ദുക്കളാകും
ഹാരസ്തോമം ഹരതി വിരുതേറുന്ന ചോരൻ സമീരൻ. 6

ശ്ലോകം 5. തങ്കത്താർതൻതതിലളിതമാം ദന്തശില്പോല്ലസല്പല്യങ്കത്തിന്മേൽ=പൊൽത്താമരകൊണ്ടു് അലങ്കരിച്ചതും ദന്തവേലകൊണ്ടു ശോഭിക്കുന്നതുമായ കട്ടിലിന്മേൽ. അനുകൻ=കാമുകൻ, ഭർത്താവു്. അനുകമ്പിച്ചു്=ദയചെയ്തു്; നായിക ബാലയാകയാൽ നിർദ്ദയവിഹാരത്തെ സഹിക്കയില്ലല്ലോ. പക്ഷിയായ മയൂരത്തിനു് ഇതൊക്കെയും അവരെ ചെന്നു നോക്കി രസിക്കാമല്ലോ. ഈ വർണ്ണന പുരിയിലെ ഐശ്വര്യപുഷ്ടിക്കും വാസസൌഖ്യത്തിനും ഉപലക്ഷണമാകുന്നു.

ശ്ലോകം 6. മഹം=ഉത്സവം. ജാലമാർഗ്ഗം=കിളിവാതിൽ, ദ്രവമാർഗ്ഗമെന്നും. ക്രോഡം=അന്തർഭാഗം. നിഭൃതഗതി=മന്ദഗതി, ഒളിച്ചെന്നും. ഹാരസ്തോമം=മുത്തുമാല. ഹരതി=അപഹരിക്കുന്നു, നശിപ്പിക്കുന്നു, കവരുന്നുവെന്നും. ചോരൻ സമീരൻ=വായുവാകുന്ന കള്ളൻ. ഉത്സവധൃതികളിലാണല്ലോ കള്ളന്മാർക്കു കവർച്ചയ്ക്കു തരം. വായു സുരതശ്രാന്തകളായ സ്ത്രീകളുടെ ദേഹത്തിലുള്ള വിയർപ്പുതുള്ളികളെ ശമിപ്പിക്കുന്നതു് കവിദൃഷ്ട്യാ ചോരൻ മുത്തുമാല കവരുന്നതിനോടു തുല്യമാക്കിയിരിക്കുന്നു. ഈ രൂപകാലങ്കാരത്താൽ അവിടെ ഈ മാതിരിയായ കവർച്ചക്കേസ്സുകളുള്ളു; മററു പട്ടണങ്ങളിലെപ്പോലെ ചോരഭയമില്ലെന്നു ധ്വനിക്കുന്നതിനാൽ അലങ്കാരേണ വസ്തുധ്വനി.

നാളീകാക്ഷീമണികൾ നവസൌരഭ്യനൽകൈതകാളീ-
ധൂളീകൂടം ധുതമനിലനാൽ കൂടിടും നിഷ്കുടത്തിൽ
ആളീലോകപ്രകൃതദയിതോദന്തമാകർണ്ണ്യ മന്ദം
കേളീലോലാശയകൾ നടകൊള്ളുന്നതും തത്ര കാണാം. 7

കോട്ടം തീർന്നോരുടൽവടിവെഴും കോമളാംഗീജനത്തിൻ-
കൂട്ടം തിങ്ങും കതുകമതിനാൽ കൂട്ടമുത്സാഹമോടേ
തോട്ടം തന്നിൽ ഋടമെ വിലസും പൂച്ചെടിത്തട്ടിനൊട്ടം-
വാട്ടം തട്ടാതുചിതമുപചാരങ്ങൾ ചെയ്യുന്ന ചട്ടം. 8

ആതങ്കത്താലധികവിധുരീഭാവമുൾക്കൊണ്ട പാന്ഥ-
വ്രാതം ഗാഢതരഭയൊടു ഗൃഹാഭ്യന്തരം തന്നിലാക്കും
മാതംഗൌഘം മദതരളിതം മാർഗ്ഗമദ്ധ്യേ വരുമ്പോൾ
സ്ഫീതം കൌതൂഹലമുദിതമാം കാളികാശങ്കയാ തേ. 9

ശ്ലോകം 7. യുവതികളവിടെ തോഴിമാരുമൊരുമിച്ചു തോട്ടങ്ങളിൽ നേരമ്പോക്കു സംസാരിച്ചുകൊണ്ടു ലാത്തുന്നതിനെ വർണ്ണിക്കുന്നു; നാളീകാക്ഷീമണികൾ=സുന്ദരികൾ. നവസൌരഭ്യനൽകൈതകാളീധൂളീകൂടം=പുതുമണമുള്ള നല്ല കൈതപ്പൂവിന്റെ പൊടിക്കൂട്ടമായി പരന്നുനടക്കുന്നതു്. ധുതമനിലനാൽ=വായുവിനാൽ അടിച്ചു പറത്തപ്പെട്ടതെന്നു് ധൂളീകൂടത്തിന്റെ വിശേഷണം. നിഷ്കുടം=ഉദ്യാനം. ആളീലോകപ്രകൃതദയിതോദന്തം=സഖിമാരാൽ പ്രസ്താവിക്കപ്പെട്ട നായകവൃത്താന്തം.

ശ്ലോകം 8. തിങ്ങും കതുകമതിനാൽ = നിബിഡകൌതുഹലത്താൽ. വെള്ളംകോരി നനയ്ക്കുക, വളമിടുക, തടം നന്നാക്കുക, കളപറിക്കുക മുതലായതിനു തോട്ടക്കാരുണ്ടെങ്കിലും പൂച്ചെടികളെ സ്വയമുപചരിക്കുന്നതു കൌതുകത്താൽ മാത്രമെന്നു താല്പര്യം. ചട്ടം=ഹിതമായ്.

ശ്ലോകം 9. ഇനി രാജാവിന്റെ ആന, കുതിര, തേർ, കാലാൾ എന്ന സേനാസാമഗ്രിയെ പ്രത്യേകം വർണ്ണിക്കുന്നു. ആതങ്കത്താലധികവിധുരീഭാവമുൾക്കൊണ്ട=ഭീതന്മാരായ [നഗരത്തിലേക്കു നടന്നുവരുന്ന ഗ്രാമീണന്മാരും മറ്റും ആനക്കൂട്ടം കണ്ടിരിക്കയില്ലല്ലോ.] പാന്ഥ

യോജിക്കുന്നോരമലകവചോഷ്ണീഷഭംഗ്യാ കരത്തിൽ
ഭ്രാജിക്കും നല്ലസിലതയുമായുൽഭടാടോപമോടേ
ആജിസ്സൂർജ്ജസ്വലത കലരും സാദിസംഘേന നീതം
വാജിക്കൂട്ടം വരുവതു തവാമന്ദമാനന്ദമേകും. 10

ചന്ദ്രപ്രഖ്യംമുഖമബലമാർ കാട്ടവേ ജാലമാർഗ്ഗേ-
ഷ്വിന്ദ്രശ്രീയുള്ളൊരു രസികരാം ലോകരേറിച്ചരിക്കും
മന്ദ്രധ്വാനാനുകൃതഘനനിർഘോഷമാം സ്യന്ദനൗഘം
ത്വന്ദ്രഷ്ടാസി പ്രസൃമരമുദാ മേഘനാദാനിലാസിൻ. 11

വ്രാതം=വഴിക്കാരുടെ കൂട്ടത്തെ. ഗാഢത്വരയോട്=അതിവേഗേന. ഗൃഹാഭ്യന്തരം തന്നിലാക്കും=വീട്ടിനകത്തേയ്ക്കോടിക്കുന്നതായ [ആനയെ ഭയന്നു വഴിക്കാർ ഇരുപുറത്തുമുള്ള വീടുകളിലേക്കു സ്വയം കേറുന്നു. അതിലേയ്ക്കു കാരണമായ എന്നർത്ഥം] മദതരളിതം മാതംഗൌഘം=മദയാനക്കൂട്ടം; മാർഗ്ഗമധ്യേ വരുമ്പോഴും. ത്വേ=നിനക്കു്. കാളികാശങ്കയാ=മേഘമാല എന്നുള്ള ശങ്കയാൽ. സ്ത്രീണാം കൌതൂഹലമുദിതമാം=വളരെ കൌതുകമുളവാകും. ആനയ്ക്കും മേഘത്തിനും ആകൃതിസാമ്യമുള്ളതിനു പുറമേ പൂർവ്വാർദ്ധത്തിലെ വിശേഷണംകൊണ്ടു ക്രിയാസാമ്യവും ശ്ലേഷദ്വാരാ സമ്പാദിച്ചിരിക്കുന്നു. മേഘം വിരഹവിധുരന്മാരായ പാന്ഥന്മാരെ സ്വഗൃഹത്തിലേയ്ക്കു് ഉന്തിഅയയ്ക്കുമെന്നു കവിപ്രസിദ്ധമാണല്ലോ. 'കാന്താ കാർകുഴൽ ചിക്കിടാതെ വഴിയിൽ കേഴുന്ന മാലോകരെല്ലാം ഭീത്യാതൊട്ടു മൂളിയില്ലമതിലേയ്ക്കോടിപ്പവൻ ഞാനെടോ' എന്നു് മേഘംതന്നെ തന്റെ സ്വഭാവത്തെ വർണ്ണിക്കുന്നു. [മേഘദൂതു് ഉത്തരം 33]

ശ്ലോകം 10. കവചം=ചട്ട. ഉഷ്ണീഷം=തൊപ്പി. അസിലതാ=ഖഡ്ഗം. ആജി=യുദ്ധം. ഊർജ്ജസ്വലത=ചാതുര്യം. സാദിസംഘം=ഉരപ്പുകാർ. തിരുവനന്തപുരത്തുള്ള ഉരപ്പുകാരുടെ ആകൃതിയും മററും ഭംഗിയായി വർണ്ണിച്ചിരിക്കുന്നതിനാൽ സ്വഭാവോക്തി അലങ്കാരം.

ശ്ലോകം 11. മന്ദ്രധ്വാനാനുകൃതഘനനിർഘോഷമാം=ഗംഭീരശബ്ദംകൊണ്ടു് ഇടിമുഴക്കത്തെ അനുകരിക്കുന്ന. സ്യന്ദനൗഘം=തേർക്കൂട്ടത്തെ. പ്രസൃമരമുദാ=ഏററം കൌതുകത്തോടെ. ത്വം ദ്രഷ്ടാസി=നീ കാണും. ചരിക്കുമെന്ന പേരെച്ചം സ്യന്ദനൗഘവിശേഷണം. മേഘനാദാനിലാസിൻ! എന്നു് സാഭിപ്രായസംബോധനം. മേഘനാദ

നാനാവർണ്ണപ്രകടിതചമൽക്കാരമാം വേഷമോടേ
സേനാവൃന്ദം പെരുവഴി പകർന്നീടവേ പാർത്തുകണ്ടാൽ
ശൌനാസീരം സപദി നഭസശ്ചാപമിങ്ങാപതിച്ചോ?
ജാനാമ്യേവം ജനമനമതിൽ ജാതമാകും വിതർക്കം. 12

നേരേ കോട്ടയ്ക്കകവഴിയായ് പോയി നീയങ്ങു പൂർവ്വ-
ദ്വാരേണ ദ്രാക്പുരമതിനകംപുക്കു പൂരിച്ച ഭക്ത്യാ
പാരേവാഗ്ഗത്തിനമുദധിജാധിഷ്ഠിതോരസ്ഥലം പാ-
രീരേഴിന്നും പരിവൃഢമുപാസിക്ക പാഥോജനാഭം. 13

കാരാഗാരാകലിതസുരനാം ദൈത്യനെ നിഗ്രഹിക്കാൻ
ഘോരാകാരാധികഭയദനായ് പാരിലാത്താവതാരം
പാരാവാരോദ്ധുരതരരവം ഭക്തലോകാനുകമ്പാ-
പൂരാധാരായിതഹൃദയമാരാധയാരാന്നൃസിംഹം. 14

ത്തിനു ചേർന്ന നൃത്തം ചെയ്യുന്നവൻ എന്നർത്ഥം. ഇതു മയിലിന്റെ സംജ്ഞയുമാണ്. 'ശിഖാവലശ്ശിഖീ കേകീ മേഘനാദാനുലാസ്യപി' എന്നു് അമരം.

ശ്ലോകം 12. ചുവന്ന കുപ്പായവും, വെളുത്ത വാളുകളും, കറുപ്പു കലർന്ന കാൽചട്ടയും മററുംകൊണ്ടു് ചിത്രവർണ്ണമുള്ള പട്ടാളക്കാർ തെരുവുകളുടെ മുക്കിൽ വളഞ്ഞു വിലങ്ങുന്നതു കണ്ടാൽ, ശൌനാസീരം ചാപം=ഇന്ദ്രചാപം. നഭസഃ=ആകാശത്തുനിന്നു. സപദി. ഇങ്ങാപതിച്ചോ=ഭൂമിയിലേക്കു് ഇറങ്ങിവന്നുവോ. ഏവം=എന്നു്. ജനമനമതിൽ ജാതമാകും വിതർക്കം=ജനങ്ങൾക്കു സംശയം തോന്നും. ജാനാമി എന്നു് ഞാൻ ഉൽപ്രേക്ഷിക്കുന്നു. സ്വഭാവോക്തിക്കും ഉൽപ്രേക്ഷയ്ക്കും കൂടി സംസൃഷ്ടി.

ശ്ലോകം 13. ഇങ്ങനെ 12 ശ്ലോകംകൊണ്ടു നഗരവർണ്ണന ചെയ്തിട്ടു് ഒരവിടെ ആദ്യമേ ശ്രീപത്മനാഭനെ വന്ദിക്കാനുപദേശിക്കുന്നു. പൂർവ്വദ്വാരേണ=കിഴക്കേകോട്ടവാതിൽ വഴിയേ ഇതു ശിഷ്ടാചാരാനുരോധേന ചെയ്ത ഉപദേശമാകുന്നു. പാരേവാഗ്ഗത്തിനം=വാക്കുകൾക്കു് അവിഷയമായും. ഉദധിജാധിഷ്ഠിതോരസ്ഥലം=ലക്ഷ്മി മാറിലുള്ളവൻ.

ശ്ലോകം 14. കാരാഗാരാകലിതസുരനാം=ദേവകളെ കാരാഗൃഹത്തിൽ ബന്ധിച്ചവനായും. ദൈത്യനെ=അസുരനെ. ഹിരണ്യകശി

സംസാരാംഭോനിധി കരകടന്നീടുവാൻ കാംക്ഷയേറും
പുംസാ രാഗാദികളകലെ വിട്ടെപ്പൊഴും സേവ്യമാനം
തം സാരാർത്ഥം നിഗമവചസാം തത്ത്വമസ്യാദിമാനാം
കംസാരാതിം കലയ കലുഷം തീർത്തുകാത്തീടുവാനായ്. 15

പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വച്ചിടേണം
മൌലിക്കെട്ടിൽ തിരുകുമതിനെത്തീർച്ചയായ് ഭക്തദാസൻ. 16

പൂവിനെ; നിഗ്രഹിപ്പാൻ (വേണ്ടി) ഘോരാകാരാധികഭയദനായ് പാരിലാത്താവതാരം = ഘോരമായ ആകൃതികൊണ്ടു് ഭയങ്കരനായിട്ടു ഭൂമിയിൽ അവതരിച്ചവനും; പാരാവാരോദ്ഭടതരരവം = സമുദ്രത്തെക്കാൾ ഗംഭീരതരമായ അട്ടഹാസമുള്ളവനും ഭക്തലോകാനുകമ്പാപൂരാധാരായിതഹൃദയം = ഭക്തന്മാരെപ്പററിയുള്ള ദയാപൂരത്തിന്നു് ആധാരമായ മനസ്സുള്ളവനും ആയ നൃസിംഹം ആരാൽ ആരാധയ = അടുത്തുതന്നെയുള്ള നൃസിംഹസ്വാമിയെ സേവിച്ചാലും.

ശ്ലോകം 15. പുംസാ = പുരുഷനാൽ, ആളാൽ. തം സാരാർത്ഥം നിഗമവചസാം തത്ത്വമസ്യാദിമാനാം = 'തത്ത്വമസി ശ്വേതകേതോ' ശ്രുതിവാക്യങ്ങളുടെ പൊരുളായവൻ. കംസാരാതിം കലയ = ശ്രീകൃഷ്ണനെ വന്ദിച്ചാലും.

ശ്ലോകം 16. ശ്രീകൃഷ്ണനു് അമ്പാടിയിൽ പശുക്കളെ മേച്ചു നടന്ന കാലത്തിൽ മയിൽപീലി ചൂടുന്നതു വളരെ പ്രിയമായിരുന്നു. സ്വാമിദർശനം ചെയ്യുമ്പോൾ കാണിക്ക ഇടേണ്ടതാവശ്യമാണല്ലോ. ഭക്തദാസൻ എന്നു് സാഭിപ്രായവിശേഷണം. ഭക്തിരസം പരിപൂർണ്ണമായ ഈ ശ്ലോകത്തിന്റെ ബന്ധഭംഗിയും, അനായാസപ്രസൃമരമായ പ്രാസവിലാസവും, അർത്ഥൗചിത്യപരിപൂർത്തിയും, ലാളിത്യപരമകാഷ്ഠയും, സംസ്കൃതപദവൈരളൃവും എല്ലാംകൂടി നോക്കുമ്പോൾ മണി

സ്വച്ഛന്ദം നീ തദനുഭഗവന്മന്ദിരത്തിൻപുറത്തായ്
സ്വച്ഛശ്രീയാമനവധി ഗൃഹം കാണുമധ്വാവിലൂടെ
ഗച്ഛൻ കൃപകരമഠമതിൽ ചെന്നു കൂപ്പും ജനങ്ങൾ-
ക്കിച്ഛയെല്ലാമേകും വരമരുളുമദ്ദുർഗ്ഗയേയും നമിക്ക. 17

ദേവാരാതിക്ഷപണചണയാം ദേവിതൻസേവചെയ്തി-
ട്ടാവാമെന്നീ വടിവൊടു പടിഞ്ഞാട്ടു കിഞ്ചിൽ ഗമിച്ചാൽ
തേവാരത്തെന്നഭിധ കലരുന്നോരു കോയിക്കൽ കാണാ-
മാവാസം മൽപ്രിയയുടെയതാണെന്നു ബോധിച്ചുകൊൾക. 18

പ്രവാളശ്ലോകത്തിന് ഇതിലധികം ജാത്യം വരാനില്ലെന്നു തീർച്ചപ്പെടുന്നു. ഇച്ചൊന്ന ഗുണങ്ങളെല്ലാം ഇക്കാവ്യത്തിലെ മിക്ക ശ്ലോകങ്ങളിലും നിരന്തരം കാണുന്നതാകയാൽ പ്രകൃതപദ്യത്തെ സ്ഥാലീപുലാകന്യായേന മദ്ധ്യേ പ്രത്യേകിച്ച് എടുത്തു കാണിച്ചതേ ഉള്ളു എന്ന് വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

ശ്ലോകം 17. ഭഗവന്മന്ദിരത്തിൻ പുറത്തായ്=മതിൽക്കുവെളിയിൽ. സ്വച്ഛശ്രീയാമനവധിഗൃഹം കാണുമധ്വാവിലൂടെ ഗച്ഛൻ=പടിഞ്ഞാറേഗോപുരം ഇറങ്ങി വടക്കോട്ടു വന്ന്; 'കൃപകരമഠം' എന്ന ക്ഷേത്രത്തിൽ ചെന്നിട്ട്: കൂപ്പും ജനങ്ങൾക്കിച്ഛയെല്ലാമേകും വരമരുളുമദ്ദുർഗ്ഗയേയും നമിക്ക=ഭക്തന്മാർക്ക് വരദയായ ദുർഗ്ഗാദേവിയേയും വന്ദിക്കണം.

ശ്ലോകം 18. ദേവാരാതിക്ഷപണചണ=അസുരവിനാശിനി. വടിവൊടു പടിഞ്ഞാട്ടു കിഞ്ചിൽ ഗമിച്ചാൽ=നേരേ സ്വല്പം പടിഞ്ഞാട്ടുപോയാൽ: തേവാരത്തെന്നഭിധ കലരുന്നോരു കോയിക്കൽ=തേവാരത്തുകോയിക്കൽ എന്ന കൊട്ടാരം: ആവാസം=വാസസ്ഥലം; കവി ഇവിടെ മയൂരത്തിനു ദേവാരാധനക്രമമുപദേശിച്ചതു് തന്റെ പതിവനുസരിച്ചാകുന്നു.

ഹാരത്തോരോ വശമതിലെഴും ചന്ദ്രശാലാന്തരാളേ
ദ്വാരത്തിന്മേലസമസുഷമാഡംബരം കംബുരത്നം
സ്ഫുരത്വം പൂണ്ടൊരു ഹരിയുഗത്തിന്റെ മദ്ധ്യത്തിലദ്ധാ
ധീര! ത്വം കണ്ടറിക നരലോകേന്ദിരാമന്ദിരത്തെ. 19

സമ്യക്കായ്ത്താൻനിയതസമയേ തോയസേകംനിമിത്തം
തിമൃത്താകും തടമൊടഭിശോഭിച്ചിടും പുഷ്പവാട്യാ
രമ്യത്വംപൂണ്ടവിടെ വലഭിത്തിന്റെ ഹർമ്മ്യത്തിനാലും
നമ്യശ്രീയായ് വിലസതി മഹാരാജ്ഞിതൻസൌധവര്യം. 20

മണ്ടിച്ചെന്നങ്ങതിന്നുമുകളിൽച്ചെന്നിരിക്കുന്ന നിന്നെ-
ക്കൊണ്ടുദ്ധാനം ശിഖിപരിവൃഢ! ശ്രീഭരം ശീഭരം ത്വം
കണ്ടിട്ടാശാരികളതു പകർത്തി പ്രതിച്ഛായയാ ത്വേ
പണ്ടില്ലാത്തൊരഴകിനിയനേകാലയങ്ങൾക്കു ചേക്കും. 21

ശ്ലോകം 19. ഇനി തെററിപ്പോകാതിരിപ്പാൻവേണ്ടി നായികാഗൃഹത്തിന്നു ലക്ഷണം പറയുന്നു. ചന്ദ്രശാല=മട്ടുപ്പാവ്. അസമസുഷമാഡംബരം കംബുരത്നം=അസാധാരണശോഭയുള്ള ശംഖമുദ്ര. ഹരിയുഗം=രണ്ടു സിംഹങ്ങൾ. അദ്ധാ=നേരെ. ഹേ ധീര! അചഞ്ചലബുദ്ധേ! എന്നു സംബുദ്ധി! നിനക്ക് ഈ ഒരു ലക്ഷണംകൊണ്ടുതന്നെ അക്കൊട്ടാരം തിരിച്ചറിവാൻ കഴിയുമെന്നു താല്പര്യം. നരലോകേന്ദിരാമന്ദിരത്തെ=ഭൂലോകലക്ഷ്മിയായ രാജ്ഞിയുടെ വാസഭവനത്തെ; കൊട്ടാരത്തിന്റെ തെക്കേ വാതിലിലാണ് ഈ ചിത്രമുള്ളതു്.

ശ്ലോകം 20. തിമൃത്തു്=നനവുള്ളതു്: അഭിശോഭിച്ചിടും പുഷ്പവാട്യാ=ചുററും ശോഭിക്കുന്ന പൂന്തോട്ടത്താൽ. വലഭിത്തിന്റെ ഹർമ്മ്യം=വൈജയന്തം. സൌധവര്യം=ഉത്തമമായ മാളിക. വിലസതി=ശോഭിക്കുന്നു.

ശ്ലോകം 21. ഉദ്ധാനം=ജ്വലിച്ചിയങ്ങുന്നതു്. ശീഭരം=പ്രവൃദ്ധം. പ്രതിച്ഛായയാ ത്വേ=മയൂരപ്രതിമകൊണ്ടു്; പണ്ടില്ലാത്തൊരഴകിനിയനേകാലയങ്ങൾക്കു ചേക്കും=നീ മുകളിൽ ചെന്നിരിക്കു

വാസായാസ്മദ്ദയിത ഹിതമൊപ്പിച്ചു തീർപ്പിച്ചതാമ-
പ്രാസാദത്തിൽ ശബളമുകുരശ്രേണിക്ലിപ്തം കവാടം
ഭാസാമുച്ചൈസ്തരവിസരണംകൊണ്ടു നിൻബർഹഭാര-
ശ്രീസാദൃശ്യം കലയദതിസൌന്ദര്യചാതുര്യധുര്യം. 22

പ്രത്യഗ്രശ്രീഭരിതമവനീഭർത്തുസ്തൽപത്തനത്തിൻ-
പ്രത്യഗ്ഭാഗത്തതിരുചിരമായുണ്ടു നീരാഴിയാരാൽ
നിത്യം തന്വീമണിയുടെ തനുസ്പർശഭാഗ്യാതിരേകാ-
ലത്യന്തം തത്സലിലമതിനോടുണ്ടെനിയ്ക്കഭ്യസൂയ. 23

ന്നതു് ആ മാളികയ്ക്കു് ഒരു നല്ല അലങ്കാരത്തിന്നായിത്തീരുന്നതിനാൽ ശില്പികൾ അതു കണ്ടു് ഇനിമേൽ പണിയുന്ന മേടകൾക്കു് ഈ ഒരു വൈചിത്ര്യംകൂടി ചെയ്യേണ്ടതാണെന്നു ഗ്രഹിച്ചു് അതിൻവണ്ണം പ്രവർത്തിക്കും. വാസ്തവത്തിൽ പിന്നീടു് പണിചെയ്തിട്ടുള്ള മഹാരാജാതിരുമനസ്സിലെ ശ്രീകൃഷ്ണവിലാസം മാളികയിലും മററും മയിൽപാവകളെ ഉണ്ടാക്കിവെച്ചിട്ടുമുണ്ടു്. അതിനാൽ ഇവിടെ ഹേതൂൽപ്രേക്ഷ ധ്വനിക്കുന്നു.

ശ്ലോകം 22. ശബളമുകുരശ്രേണീക്ലിപ്തം = പല നിറമുള്ള കണ്ണാടികളാൽ ചമയ്ക്കപ്പെട്ടതു്; ഭാസാമുച്ചൈസ്തരവിസരണം = ഉയരുന്ന കാന്തിക്കതിരുകൾ; അതിസൌന്ദര്യചാതുര്യധുര്യം = വളരെ അഴകും വേലയ്ക്കു വൃത്തിയുമുള്ള എന്നു കവാടവിശേഷണം. കണ്ണാടിവാതിലിൽ നിന്നു ഒട്ടാകെ പുറപ്പെടുന്ന നാനാവർണ്ണങ്ങളായ രശ്മിസൂത്രങ്ങൾ മയൂരബർഹത്തിനൊത്തിരിക്കണമല്ലോ. ഇതിനാൽ ആ വാതിൽവഴിയേ ചെന്നാൽ നിനക്കു ഗൂഢമായിത്തന്നെ ദൗത്യം നടത്താമെന്നു് ഉപദേശം ധ്വനിക്കുന്നു. മീലിതാലങ്കാരരൂപമായ ഈ വ്യംഗ്യാർത്ഥം കവാടം ബർഹതുല്യമാകുമെന്നുള്ള ഉപമയിൽനിന്നു ജനിക്കുന്നതാകയാൽ അലങ്കാരേണാലങ്കാരധ്വനി.

ശ്ലോകം 23. ഇനി രാജ്ഞീദർശനം കാത്തിരിക്കുന്ന മയിലിന്നു് നേരംപോക്കിന്നായി, അവിടെയുള്ള ഓരോ കാഴ്ചകൾ നോക്കാൻ

അസ്ത്വാലസ്യം മമ കമനിതാൻ നട്ടുവാത്സല്യമോടേ
ഹസ്താബ്ജത്താലതുലമുപചാരങ്ങളാൽ പുഷ്ടശോഭം
ശസ്താഭിഖ്യം പരിമളമിളൽപുഷ്പവല്ലീസമൂഹം
വിസ്താരംപൂണ്ടൊരുതടമതിൽകാണുമന്നിഷ്കുടത്തിൽ. 24

കയ്യാലെത്തിക്കുതുകമിയലും കുട്ടികൾക്കും പറിക്കാൻ
വയ്യാതല്ലാത്തുരുതരഫലശ്രേണി തൂങ്ങിക്കിടക്കും
തയ്യായുള്ളോരനവധി രസാലാളി വിസ്മേരമാക്കി-
ച്ചെയ്യാതേകണ്ടവിടെയൊരുവന്റെയുമില്ലന്തരംഗം. 25

പറയുന്നു. പുഷ്പശോഭകൊണ്ടു നിറഞ്ഞതായ ആ രാജ്ഞീപ്രാസാദത്തിന്റെ പടിഞ്ഞാറുവശത്തു് അടുക്കൽതന്നെ ഒരു ഭംഗിയുള്ള നീരാഴിയുണ്ടു്. ഉത്തരാർദ്ധംകൊണ്ടു് നായികയ്ക്കു് നിയമേന സ്നാനം ഈ നീരാഴിയിലാണെന്നുള്ള ഒരു സാധാരണസംഗതിയെ കവി ഭംഗ്യാ വർണ്ണിച്ചിരിക്കുന്നു. അചേതനമായ ജലത്തോടു് അസൂയയുണ്ടെന്നു് അസംബന്ധസംബന്ധകല്പനം ചെയ്യുകയാൽ ഉളവായ അതിശയോക്ത്യലങ്കാരത്തിൽനിന്നു് അനുരാഗാതിശയവും വിരഹാസഹനതയും ധ്വനിക്കുന്നു.

ശ്ലോകം 24. അസ്ത്വാലസ്യം = മടിയന്നിയേ; വളമിടുക മുതലായതു് ഉപചാരങ്ങൾ. ശസ്താഭിഖ്യം പരിമളമിളൽപുഷ്പവല്ലീസമൂഹം—ശസ്തയായ = പ്രശസ്തയായ, അഭിഖ്യയോടും, ശോഭയോടും, പരിമളത്തോടും=ഗന്ധത്തോടും മിളത്തുകളായ പുഷ്പങ്ങളോടുകൂടിയതായ വല്ലീസമൂഹം = വള്ളിക്കൂട്ടം കർത്താവു്. കാണും = കാണാം; നിഷ്കുടം = ഉദ്യാനം.

ശ്ലോകം 25. കൗതുകമുള്ള കുട്ടികൾക്കുകൂടി കൈകൊണ്ടെത്തിപ്പറിക്കത്തക്കവിധത്തിൽ വലിയ മാങ്ങകൾ തൂങ്ങിക്കിടക്കുന്നതായ അനവധി മാന്തയ്യിൻകൂട്ടം അവിടെ എല്ലാ ജനങ്ങളുടേയും മനസ്സിൽ വിസ്മയം ഉണ്ടാക്കുന്നു. മാളികയുടെ കിഴക്കുവശത്തു് അനവധി ഒട്ടുമാവുകൾ നില്പുണ്ടു്.

മൂലത്തിൽത്തൊട്ടുപരിവിടപശ്രേണിയോളം ഫലത്തിൻ-
ജാലത്തെക്കൊണ്ടതിനിബിഡമായ് ഭംഗിയോടുല്ലസിക്കും
ബാലത്വം പൂണ്ടൊരു പനസവൃക്ഷൗഘവും കാണുമങ്ങീ-
ക്കാലത്തന്യസ്ഥലമതിലതിന്നൊപ്പമുണ്ടാകയില്ല. 26

ചാരുത്വത്താൽ പുരുതരമദം പൂണ്ടു പൂമേനിയാൾത-
ന്നൂരുദ്വന്ദ്വത്തൊടു പൊരുതുവാനാഞ്ഞതൂത്താത്തഭംഗം
ആരൂഢംസൽബഹിരുപവനം തന്നിൽ മോചാകദംബാ
ഭീരുത്വത്തോടവിടെ മരുവുന്നേററവും ജാതജാള്യം. 27

ശ്ലോകം 26. മാവിനെ വർണ്ണിച്ചതുപോലെ പ്ലാവിനേയും വർണ്ണിക്കുന്നു. അവിടെയുള്ള പ്ലാവുകളിൽ വർഷകാലത്തും ധാരാളം കായ്കൾ കാണും.

ശ്ലോകം 27. അവിടെ, മോചാകദംബം=വാഴക്കൂട്ടം; ബഹിരുപവനംതന്നിൽ=പുറന്തോട്ടത്തിൽ; ആരൂഢംസത്=നാട്ടപ്പെട്ടതായിട്ട്, (തടവിൽ പാർപ്പിക്കപ്പെട്ടതെന്നും) ഏററവും ജാതജാള്യം=അധികം തണുപ്പുള്ളതായിട്ട്; വളം നല്ലവണ്ണം ചെയ്കയാൽ കുളുത്തു എന്നു താല്പര്യം. (അവമാനം സിദ്ധിച്ചതായിട്ടെന്നും) ഭീരുത്വത്തോടു മരുവുന്ന=ചെടികളുടെ ഇടയിൽ അങ്ങുമിങ്ങും നില്ക്കുന്ന (പേടിച്ചു നില്ക്കുന്ന എന്നും) ഇങ്ങനെ നില്ക്കുന്നതിലേക്ക് പൂർവാർദ്ധത്തിൽ ഹേതുവിനെ ഉൽപ്രേക്ഷിക്കുന്നു. ശോഭാമദം കൈക്കൊണ്ടു മൃദുലഗാത്രിയായ രാജ്ഞിയുടെ തുടകളുമായി പടവെട്ടാൻ ഒരുമ്പെട്ടു മടങ്ങിപ്പോയിട്ടാണോ എന്നു തോന്നുമെന്ന്. യുദ്ധത്തിൽ പരാജിതന്ന് ഈ അവസ്ഥയെല്ലാം വരുമല്ലോ. ഊരുവിനും വാഴയ്ക്കും ആകൃതിസാമ്യവും പ്രസിദ്ധമാണല്ലോ. വാചകശബ്ദപ്രയോഗമില്ലാത്തതിനാൽ ഗമ്യോൽപ്രേക്ഷ. 'പൊരുതുവാൻ' എന്നത് 'പൊരുതു' എന്നുള്ള നവീനധാതുവിന്റെ പിൻവിനയെച്ചം. 'മന്മഥൻ നിർമ്മൂലം നമ്മെ പൊരുന്നതു' എന്ന് കൃഷ്ണഗാഥയിലും 'ഒന്നു പൊരേണം നമുക്കിന്നു' എന്നു നളചരിതത്തിലും കാണുംപോലെ ധാതു 'പൊരു' എന്നാണെങ്കിലും നവീനന്മാർ 'പൊരുതുക' കൂടി സ്വീകരിച്ചിട്ടുണ്ട്. 'രാമനും രാവണനും പൊരുതും വണ്ണം' എന്നു ഭാരതത്തിൽ എഴുത്തച്ഛൻ. 'പൊരുതുവാൻ' എന്നുതന്നെ വായിച്ചാൽ വിരോധമില്ല.

സാരാമോദപ്രസവനികരം സഞ്ചരത്സത്സമീരം
ധാരാളോദ്യത്സുമധുരഫലം കീരസംരാവരമ്യം
പാരാതീതപ്രതിനവലതാഗാരസൌന്ദര്യമാരാ-
ദാരാമം തേ സുഖമതിതരാമിന്ദ്രിയങ്ങൾക്കു നൽകും. 28

സ്വൈരം വാണീടുകിലവിടെ നീ സായമുള്ളൂരിൽനിന്നെൻ-
സാരംഗാക്ഷീമണി രമണി സാ ഷണ്മുഖസ്വാമിതന്നേ
പാരം ഭക്ത്യാ പരിചൊടു ഭജിച്ചാഗമിക്കും തിരിച്ച-
ന്നേരം നേത്രത്തിനു തവ സഖേ! ജന്മസാഫല്യമുണ്ടാം. 29

ശ്ലോകം 28. ആരാദാരാമം=അടുത്തുള്ള ആ തോട്ടം; തേ= നിന്റെ. ഇന്ദ്രിയങ്ങൾക്കു = ചക്ഷുശ്ശ്രോത്രത്വഗ്ജിഹ്വാഘ്രാണങ്ങൾ എന്ന അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾക്കു; അതിതരാം=ഏറ്റം; സുഖം നൽകും. ഓരോ ഇന്ദ്രിയത്തിനും സുഖം ഉണ്ടാകുന്നതിനെ ഓരോ വിശേഷണംകൊണ്ടു സമർത്ഥിക്കുന്നു. സാരാമോദപ്രസവനികരം= സുഗന്ധിപുഷ്പസമൂഹമുള്ള, എന്നു മൂക്കിനു; സഞ്ചരത്സത്സമീരം= നല്ല കാറ്റു വീശുന്ന, എന്നു ത്വക്കിനു; ധാരാളോദ്യത്സുമധുരഫലം= മധുരഫലസമൃദ്ധിയുള്ള. എന്നു ജിഹ്വയ്ക്കു; കീരസംരാവരമ്യം=കിളികളുടെ നാദംകൊണ്ടു മനോഹരം, എന്നു ചെവിക്കു; പാരാതീതപ്രതിനവലതാഗാരസൌന്ദര്യം = പാരാതീതമായ (അതിരില്ലാത്തതായ) പ്രതിനവലതാഗാരസൌന്ദര്യത്തോടു (പുതുലതാഗൃഹചമൽക്കാരത്തോടു) കൂടിയ എന്നു കണ്ണിനു.

ശ്ലോകം 29. സായം=സന്ധ്യയ്ക്കു. ഉള്ളൂർ=ഇതു നഗരത്തിൽനിന്നും മൂന്നുനാഴിക വടക്കുള്ള ഒരു വേലായുധക്ഷേത്രമാകുന്നു. സാരംഗാക്ഷീമണിരമണി സാ=മാൻകണ്ണിമാരിൽ ഒന്നാമതായ ആ സ്ത്രീ= രാജ്ഞി. അന്നേരം നേത്രത്തിനു തവ സഖേ! ജന്മസാഫല്യമുണ്ടാം= ആ രാജ്ഞിയെ കാണുമ്പോൾ നിനക്കു കണ്ണുണ്ടായതിന്റെ ഫലം സിദ്ധിക്കും.

വേഗാലെത്തും രഥമതിലെഴുന്നെള്ളിയെൻ പ്രാണനാഥാ-
സ്ഥാഗാരത്തിൻ നടയതിലിറങ്ങീടുമായന്തരത്തിൽ
നാഗാരാതേ! തിരുവുടൽ നഭോവീഥിയേ വിട്ടു ഭൂമീ-
ഭാഗായാനസ്പൃഹയൊടു വരും മിന്നൽപോലെന്നു
[കാണാം. 30

സൂക്ഷിച്ചംഗം പ്രതി സുരുചിരസ്ഫാരസൗന്ദര്യസാരാം
ഭൂക്ഷിദ്വംശത്തിനു തിലകമാം പ്രേയസീമസ്മദീയാം
വീക്ഷിക്കാനപ്പൊഴുതവസരം കിട്ടുകില്ലൊട്ടുമംഭോ-
ജാക്ഷിക്കോരോന്നിയമമതിനായാശു പോകേണ്ടതുണ്ടാം. 31

പള്ളിക്കെട്ടിന്റെ ദിനമതുമുതൽ പള്ളിമാൻകണ്ണിയെന്നിൽ
കൊള്ളിച്ചീടും കൊടിയമമതയ്ക്കൊത്തു മംഗല്യപൂജാ
ഉള്ളിൽ ശ്രദ്ധാഭരമൊടു കഴിച്ചുററഭക്ത്യാ പ്രമീളാം
തള്ളിസ്സേവിച്ചീടുമഥ വിനാ ഖേദമന്നാ പത്മനാഭം. 32

സേവിച്ചംബാമഖിലജഗതാം സേവകാഭീഷ്ടദാത്രീ-
മാവിർഭക്തി ത്രിഭുവനപിതാവായ തൽകാന്തനേയും
ഭൂവിണ്ണോരാൽ പരിചരിതയായ് ഭുക്തിചെയ്താശു ഭൂയ-
സ്സാവിശങ്കപ്രിയസഖികളോടൊത്തു സൗധത്തി-
[ലെത്തും. 33

ശ്ലോകം 30. തിരുവുടൽ 'കാണാം' എന്നതിന്റെ കർമ്മം; മദ്ധ്യേ 'ആകാശം വിട്ടു് ഭൂമിയിലേയ്ക്കു വരുന്ന മിന്നലുപോലെ' എന്നുപമ. ഇത്രയും പരിഭ്രമിക്കുന്നതിനുള്ള കാരണം അടുത്ത ശ്ലോകത്തിൽ വ്യക്തപ്പെടുത്തും.

ശ്ലോകം 31. സുരുചിരസ്ഫാരസൗന്ദര്യസാരം = അതിരമ്യമായും പ്രവൃദ്ധമായും ഉള്ള സൗന്ദര്യസാരത്തോടുകൂടിയ എന്നു് അംഗത്തിന്റെ വിശേഷണം. ഭൂക്ഷിദ്വംശം = രാജകുടുംബം.

ശ്ലോകം 32. പ്രമീളാം = മടിയെ. വിനാഖേദമന്നാ = ക്ലേശമെന്നിയേ.

ശ്ലോകം 33. അഖിലജഗതാമംബാം = ജഗദംബയായ ദേവിയെ. ആവിർഭക്തി = ഭക്തിയോടെ. ഭൂവിണ്ണോരാൽ പരിചരിതയായ് ഭുക്തിചെയ്തു = ഭോജനകാലത്തിലുള്ള പരിചാരങ്ങളെല്ലാം ബ്രാഹ്മണരാണല്ലോ ചെയ്ക പതിവു്.

മെല്ലെ മല്ലേക്ഷണമണിയറയ്ക്കുള്ളിലെത്തിക്കഴിഞ്ഞാൽ
ചെല്ലേണം നീ സമവഹിതനായ് സൗധവാതായനത്തിൽ
അല്ലേന്തും തടവിവരമതിൽനിന്നപ്രതീഘാതമഗ്രേ
ചൊല്ലേറുന്നക്ഷിതികമലയെക്കാൺക ദീപാന്തികത്തിൽ. 34

പെണ്ണില്ലവ്വീതലമതിൽ മഹാരാജ്ഞിയെപ്പോലെയി-
[പ്പോൾ
വിണ്ണിൽപോലും വിപുലഗുണസൽകീർത്തിസംപൂർത്തിയോ-
[ത്താൽ
എണ്ണിക്കൂടാതൊരു സുഷമയുള്ളൊരു തന്മൂർത്തിയാക്കും
കണ്ണിന്നേകും ഖഗവര! പരം ഹർഷപീയൂഷവർഷം. 35

ഓജസ്സൂർജ്ജസ്വലമലകിലില്ലവമന്യാംഗനാനാം
തേജസ്സോടൊത്തുടലിനിതുപോലാർക്കു സൗന്ദര്യമോർക്കിൽ
സൗജന്യർദ്ധപ്പുറമിലതസാധാരണം തന്നെയാണേ
രാജന്യസ്ത്രീമണിയുടെ ഗുണൗഘങ്ങളന്യാദൃശങ്ങൾ. 36

ശ്ലോകം 34. സമവഹിതനായ് = സാവധാനമായിട്ട്, സംഭ്രമിക്കാതെ. സൗധവാതായനം = മുൻചൊന്ന ജനൽവാതിൽ. അല്ലേന്തും = അകത്തുള്ള ദീപത്തിന്റെ നിഴലാൽ ഇരുളടഞ്ഞ. തടവിവരമതിൽ = ആ വാതായനദ്വാരത്തിൽ. അപ്രതീഘാതം = തടവുകൂടാതെ. വിളക്കിന്നടുത്തുനിൽക്കുന്നവരെ നിഴലിൽ നിൽക്കുന്നവർക്ക് ഇങ്ങോട്ടു കാണാതെ അങ്ങോട്ടു കാണാമല്ലോ.

ശ്ലോകം 35. എണ്ണിക്കൂടാത്ത = അനിർവ്വചനീയമായ. ഹർഷപീയൂഷവർഷം = ആനന്ദമാകുന്ന അമൃതിന്റെ വർഷം. ⸗ പൂർവ്വാർദ്ധംകൊണ്ട് ആഭ്യന്തരഗുണങ്ങളേയും ഉത്തരാർദ്ധംകൊണ്ട് ബാഹ്യമായ രൂപസൗന്ദര്യത്തെയും വർണ്ണിച്ചിരിക്കുന്നു.

ശ്ലോകം 36. ഊർജ്ജസ്വലം = ബലവത്തു്, ഉറപ്പുള്ളതു്, തീക്ഷ്ണം. രാജന്യസ്ത്രീമണി = ക്ഷത്രിയസ്ത്രീകളിൽ ഉത്തമയായ രാജ്ഞി. അന്യാദൃശങ്ങൾ = മറ്റൊരാൾക്കും ഇതുപോലെ കാണാത്ത മട്ടിൽ അപൂർവ്വങ്ങൾ. 'ഗുണൗഘങ്ങളന്യാദൃശങ്ങൾ' എന്നുള്ള സാമാന്യത്തെ ശിഷ്ടം മൂന്നു പാദങ്ങളെക്കൊണ്ടു സമർത്ഥിക്കുന്നതിനാൽ കാവ്യലിംഗാലങ്കാരം.

ഹന്ത്യനന്താപരിവൃഢമഹൈശ്വര്യസത്തേപ്യപാസ്താ-
ഹന്താദന്താവളഗതി ദയാധീനചേതാ വിനീതാ
സന്താപന്താർമധുമൊഴിയകററീട്ടഭീഷ്ടങ്ങളെല്ലാം
സന്താനന്താനടിമലർ പണിഞ്ഞീടുവോർക്കേകിടുന്നു. 37

ഉന്മാർഗ്ഗത്തിൽക്ഷണമപി മനോവൃത്തിയെത്താതെ നിത്യം
ധർമ്മാസക്ത്യാ ധരണിരമയായീടുമെൻധർമ്മപത്നി
നിർമ്മായം സൽപഥനിരതയായ്ത്തന്നെ വർത്തിച്ചിടു-
[മ്പോൾ
മർമ്മാവിത്താം വിരഹകദനം വന്നതെൻകർമ്മമത്രേ. 38

ശ്ലോകം 37. മഹൈശ്വര്യസത്തേ അപി അപാസ്താഹന്താ = മഹത്തായ ഐശ്വര്യം ഇരിക്കിലും അഹങ്കാരത്തെ ത്യജിച്ചവൾ. ദന്താവളഗതി = അന്നനടയാൾ. ദയാധീനചേതാ = ദയാലു. വിനീതാ = വിനയവതി. താർമധുമൊഴി = പൂന്തേൻവാണി. അടിമലർ പണിഞ്ഞീടുവോർക്ക് സന്താനം താൻ = ആശ്രിതന്മാർക്ക് ഒരു കല്പവൃക്ഷം തന്നെ ആയുള്ളവൾ. ഈവണ്ണമെല്ലാമായിരിക്കുന്ന അനന്താപരിവൃഢ = രാജ്ഞി സന്താപമകററീട്ട് അർത്ഥാൽ അടിമലർ പണിഞ്ഞീടുവോർക്ക് = അല്ലെങ്കിൽ എല്ലാവർക്കും തന്നെ അഭീഷ്ടങ്ങളെല്ലാമേകിടുന്നു.

ശ്ലോകം 38. എത്താതെ = പ്രവേശിക്കാതെ. ധർമ്മാസക്ത്യാ = ധർമ്മങ്ങളിൽ ശ്രദ്ധയോടെ; 'വർത്തിച്ചിടുമ്പോൾ' എന്നതിൽ അന്വയം. ധരണിരമ = ഭൂലോകലക്ഷ്മി. ധർമ്മപത്നി അഗ്നിസാക്ഷികമായ് വേൾക്കപ്പെട്ട ഭാര്യ. ഇതിനാൽ എന്റെ പുണ്യപാപങ്ങൾക്കു രാജ്ഞിയും അംശഭാഗിനി എന്നു സമർത്ഥിക്കുന്നു. നിർമ്മായം = നിർവ്യാജം. സൽപഥനിരത = സന്മാർഗ്ഗപ്രവൃത്ത. മർമ്മാവിത്ത് = മർമ്മങ്ങളെ വേധിക്കുന്നത്; അതിദുസ്സഹമെന്നർത്ഥം. വിരഹകദനം = വിരഹദുഃഖം. കർമ്മം = ദുർഭാഗ്യം.

തണ്ടാർപൊയ്കയ്ക്കു ശിശിരകരൻ തന്റെ സാന്നിധ്യമില്ലാ-
തുണ്ടായീടും ദശയൊടു സമാവസ്ഥയാ മദ്വിയോഗേ
വണ്ടാർപൂവേണികൾ പണിയുമെൻകാന്ത വാഴുന്നതയ്യോ
കണ്ടാലാരും കരയുമലിയും കല്ലിനൊത്തോരു ഹൃത്തും. 39

ആർത്ത്യാ താതേൻമൊഴിയരികിലുള്ളിഷ്ടയാം ചേടിയോ-
വാർത്താമാവർത്തനമൊടനുയോഗിക്കുമത് കണ്ടുമൂലം[ടെൻ-
പാർത്താലാരുള്ളൊരു തരുണിയിന്നിത്തരം ഭർത്തൃഭക്താ
മൂർത്താ പുണ്യാല്ലൂപരിണതിഃ കേവലം സാ മദീയാ. 40

വാണീദേവീ പരമുദിതമായോരു കൌതൂഹലത്താൽ
ക്ഷോണീലോകേ സ്വയമവതരിച്ചെന്നൊരാശങ്കയേകും
ഏണീശാബേക്ഷണനിപുണമായ് വീണവായിക്കുമപ്പോൾ
വാണീടും നീയവിടെയമിതാനന്ദനിഷ്പന്ദനായി. 41

ശ്ലോകം 39. സൂര്യവിരഹാതുരയായ പത്മിനിയെപ്പോലെ ഉഴലുന്ന വിരഹിണിയായ എൻകാന്തയെക്കണ്ടാൽ കഠിനഹൃദയന്മാരും ദയതോന്നിപ്പോകും. പിന്നെയാണോ നിന്നെപ്പോലുള്ള ദയാലുക്കൾക്ക്. സാന്നിധ്യമില്ലാതെ, ഇല്ലാഞ്ഞിട്ട്, എന്നു് ഹേത്വർത്ഥത്തിൽ നിഷേധവിനയെച്ചം.

ശ്ലോകം 40. ഇഷ്ടയാം ചേടിയോട് = ഗാംഭീര്യത്താൽ മററാരോടും ചാപല്യം പ്രകാശിപ്പിക്കയില്ല എന്നു ഭാവം. ആവർത്തനമൊട് ചോദിച്ചതുതന്നെ പിന്നെയും ചോദിക്കും. അതിലേയ്ക്കു കാരണം ഉൽകണ്ഠ; പ്രിയവൃത്താന്തശ്രവണത്തിലുള്ള അത്യാസക്തി. എന്നാൽ രാജ്ഞിയായ നായികയ്ക്കു് ഇത്രയും ഭർത്തൃഭക്തി വരുമോ എന്നു് മയൂരത്തിനു തോന്നാവുന്ന സന്ദേഹത്തെ മൂന്നാംപാദംകൊണ്ടു നിരാകരിച്ചിട്ടു് നാലാംപാദംകൊണ്ടു് ഈദൃശനായികാലാഭം തന്റെ പൂർവപുണ്യഫലം തന്നെ എന്നേ പറവാൻ കാണുന്നുള്ളു എന്നു് ഉപസംഹരിക്കുന്നു. മൂർത്താ = മൂർത്തിമതി. പരിണതി = പരിണാമം.

ശ്ലോകം 41. ഇങ്ങനെ നായികയുടെ സ്വഭാവത്തെ സാമാന്യരീത്യാ വർണ്ണിച്ചിട്ടു് തൽകാലാവസ്ഥയെ ഊഹിക്കുന്നു. സരസ്വതിയുടെ

ദൂനം ചിത്തം ദുരിതഹരമാം നാമപാരായണത്താ-
ലാനന്ദിപ്പിച്ചതിവിദുഷി താൻ കീർത്തനം തീർത്തനേകം
ഗാനം ചെയ്യുന്നളവിലളവില്ലാത്തൊരാനന്ദപൂരേ
ന്യൂനം മജ്ജിച്ചിടുമയി മയൂരേന്ദ്ര! കർണ്ണേന്ദ്രിയം തേ. 42

അല്പം പാടി ശ്രമമൊടബലാ മൗലിരത്നം ത്യജിച്ചാ-
കല്പം മൽപ്രേയസി മനസി മാമോർത്തു നിശ്വസ്യ ദീർഘം
തല്പം തന്നിൽ പരിചൊടു പ്രവേശിച്ചു തൽപാണിയാൽ [താൻ
ശില്പം കല്പിച്ചെഴുമൊരു മദാലേഖ്യമാലോക്യ വാഴും. 43

അവതാരം തന്നെയോ എന്നു ശങ്കിക്കപ്പെടാവുന്ന ആ സുന്ദരി ഒരു വേള ആ സമയത്തു് വീണ വായിക്കയായിരിക്കും. എന്നാൽ അപ്പോഴും നീ യതുകേട്ടു് ആനന്ദനിശ്ചലനായി അവിടെ നിന്നുപോകും. ആശങ്ക്യകം=ആശങ്ക്യകന്നവളായ എന്നു പേരെച്ചം. 'ഏണീശാബേക്ഷണ'യുടെ വിശേഷണം. വായിക്കം=വായിക്കുക സംഭാവ്യമാണു് എന്നു ശീലഭാവി.

ശ്ലോകം 42. വീണവായനയോടു ചേർന്നു പാടുകയും ചെയ്യുമെന്നു പറയുന്നു. ദൂനം=ദുഃഖിതം. ദുരിതഹരം=പാപഹരം. ന്യൂനം=നിശ്ചിതം, ഉറപ്പായിട്ടു്. രാജ്ഞിക്കു പാട്ടിലും വീണവായനയിലും ഉള്ള പാണ്ഡിത്യം അന്യാദൃശമാകുന്നു. അതിനാൽ ഇവിടെ കവി അതിശയോക്തിക്കു ലേശം അവസരം കൊടുത്തിട്ടില്ല.

ശ്ലോകം 43. ത്യജിച്ചാകല്പം=ആകല്പത്തെ (അലങ്കാരത്തെ) ത്യജിച്ചിട്ടു്. വിരഹാവസ്ഥയിലും സ്ഥാനത്തിനു ചേർന്നതായ ഏതാനും അലങ്കാരം ആവശ്യമാണല്ലോ, തൽപാണിയാൽ താൻ ശില്പം കല്പിച്ചെഴും=ചിത്രമെഴുത്തിലും, തുന്നൽപണിയിലും മറ്റും നായികയ്ക്കു് അസാധാരണമായ വാസനയുണ്ടു്. മദാലേഖ്യം=എന്റെ പടം. ആലോക്യ=നോക്കീട്ടു്, നോക്കിക്കൊണ്ടു് എന്നു താല്പര്യം.

കാര്യംനോക്കേണ്ടതു പലതുമുണ്ടാകകൊണ്ടും സ്വഭാവ-
സ്ഥൈര്യംകൊണ്ടും പകലതുപണിപ്പെട്ടു സന്ധിച്ചുകൂട്ടാം
ധൈര്യംപോക്കുന്നതു നിശയിലാണെൻപ്രിയയ്ക്കെൻ-
വിയോഗം
സൂര്യൻപോകുന്നതു സുസഹമായീടുമോ പത്മിനിയ്ക്കു്. 44

പാപംമൂലം പരവശതയാ പാർത്തിടുന്നിജ്ജനത്തെ
സ്വാപംതന്നിൽ കമലമിഴിയാൾ കാണുമെന്നാശയോടെ
താപംപൂണ്ടു തൃണകടമതിൽ പള്ളികൊണ്ടീടുമെന്നാൽ
കോപംകൊണ്ടക്കുടിലവിധി ഹാ! നിദ്രയുംനീക്കിവെയ്ക്കും.
45

നിദ്രാനാശാഖ്യം നിയതി നിരസിച്ചീടവേ നീലവേണി
മുദ്രാഹീനവ്യഥയൊടു മുഹുർമ്മുഞ്ചതി മഞ്ചമദ്ധ്യം
ഭദ്രാ സാ മൽപ്രിയതമമെഴുന്നേറ്റു ലാത്തും ഗവാക്ഷ-
ച്ഛിദ്രാഭ്യർണ്ണേ തടവു തരുണാർണ്ണോജകർണ്ണേജപാക്ഷീ. 46

ശ്ലോകം 44. സന്ധിച്ചുകൂട്ടാം=ഒരുവിധം കഴിച്ചുകൂട്ടാം. 'അവൾ' എന്നു് കർത്താവദ്ധ്യാസിദ്ധം. നാലാംപാദം ദൃഷ്ടാന്തം. "ഓരോരോ ഗൃഹജോലിയാൽ പകൽ പൊറുത്തീടാം വിയോഗാർത്തിയെ സ്വൈരം വിശ്രമകാലമാമിരവിലാണത്യന്തമാധിക്കേറ്റം ബലം" എന്നു് മേഘദൂതിലെ അർത്ഥത്തിനു് ഇതിനോടു സാദൃശ്യം കാണുക.

ശ്ലോകം 45. ദുരദൃഷ്ടത്താൽ പരാധീനനായ്‌ വസിക്കുന്ന എന്നെ സ്വപ്നത്തിൽ കാണാമെന്നുള്ള ആശയാൽ താപത്തോടെ പുല്ലുപായിൽ ആ വിരഹിണി കിടന്നാലൊക്കും. എന്നാൽ ദുർദൈവം നിദ്രയുംകൊടുക്കുകയില്ല. ഹാ, കഷ്ടം! നിരാക്ഷേമം എന്ത അവസ്ഥ ഇതിനാൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു, 'തൃണകടമതിൽ പള്ളികൊണ്ടീടു' മെന്നതിനാൽ വിരഹവ്രതാനുഷ്ഠാനം ഉക്തമായി. ദൈവത്തിന്റെ മേൽ അസൂയ വ്യഞ്ജിക്കുന്നതിനാൽ ഭാവധ്വനി.

ശ്ലോകം 46. നിയതി=ദൈവം. മുദ്രാഹീനവ്യഥ=നിർഗ്ഗളമായ ദുഃഖം. മുഹുഃ=കൂടക്കൂടെ. മഞ്ചം=കട്ടിൽ. ഗവാക്ഷച്ഛിദ്രാഭ്യർണ്ണേ=ജനൽവാതിലിന്റെ ദ്വാരത്തിന്റെ സമീപത്തു്. കാറ്റുകൊണ്ടു് താപ

കോകീവാർത്താ പ്രിയവിരഹിതാ കോമളാംഗീ തദാനീ–
മേകീഭൂതാ സഖികളകലെച്ചെന്നുറങ്ങുന്നനേരം
ഏകീടും തേ ധ്രുവമവസരം വാചികാമേകഥിക്കാൻ
കേകീന്ദ്ര! ത്വത്സവിധഗതയായ് നിന്നു സാ സന്നതാംസാ. 47

അന്നേരം നീ പറക മൃദുവായുള്ള ഷഡ്ജസ്വരത്തിൽ
കുന്നോളം നൽകുചകലശമണിയാം റാണിയോടിപ്രകാരം
മന്നോരാഢ്യേ! വിരഹിണിയൊരപ്പാട്ടുനിന്നാളുവാനാ–
യിന്നേഷ ത്വൽക്കണവനരചെയ്തോരു സന്ദേശവാഹം. 48

ശാന്തി ചെയ്യുന്നവളാണു് ജനവാതിലിനരുകെ ലാത്തുന്നതു്. തരു-ണാർണ്ണോജകർണ്ണേജപാക്ഷി=നല്ല തുടുപ്പുള്ള താമരയിതളിനു തുല്യമായ കണ്ണുള്ളവൾ. കർണ്ണേജപൻ=ഏഷണിക്കാരൻ; കർണ്ണത്തിൽ ജപിക്ക സൗഹാർദ്ദം അധികം ആകയാലേ സാധിക്കൂ എന്നുവച്ചു് ലക്ഷണയാ അന്തരംഗസഖി എന്നർത്ഥം. അല്ലെങ്കിൽ ഭേദമറിച്ചു്, ഏഷണികൂട്ടുക അസൂയമൂലം പരസ്ത്രീ സഹിക്കവയ്യായ്കകൊണ്ടാകയാൽ വിരോധി എന്നർത്ഥം. രണ്ടുവിധമായാലും സാദൃശ്യത്തിൽ പര്യവസാനം കവിസങ്കേതപ്രസിദ്ധമാകുന്നു. യഥാ, തരുണാർണ്ണോജങ്ങൾ പോലുള്ളവയും കർണ്ണേജപങ്ങളും (ചെവിയോളം നീണ്ടവയും) ആയുള്ള അക്ഷികളോടു കൂടിയവൾ എന്നു് കർമ്മധാരയോത്തരപദമായ ഉപമാസമാസം.

ശ്ലോകം 47. ഇങ്ങനെയാണു് നിനക്കു് സന്ദേശം ചൊല്ലുവാൻ നല്ല അവസരമെന്നുപദേശിക്കുന്നു. കോകീ ഇവ ആർത്താ=ചക്രവാകിയെപ്പോലെ വിരഹവിവശ. ഏകീഭൂതാ=ഏകാകിനിയായവൾ. അതിലേക്കു കാരണം. സഖികളകലെച്ചെന്നുറങ്ങുന്നനേരം; ത്വത്സവിധഗതയായ് നിന്നു്=നിന്റെ സമീപത്തു നിന്നിട്ടു്. അവൾ ലാത്തുന്നതു് നീ ഇരിക്കുന്ന ജനലിനരുകെ ആകയാൽ നിനക്കു പറയാൻ സൗകര്യമുണ്ടെന്നു താല്പര്യം. സന്നതാംസാ=സുന്ദരി.

ശ്ലോകം 48. മൃദുവായുള്ള ഷഡ്ജസ്വരത്തിൽ='ഷഡ്ജം മയൂരോ വദതി' എന്നു പ്രമാണമുണ്ടു്. കുന്നോളം നൽകുചകലശമണി=കുന്നിനു് ഏലുന്ന (ചേരുന്ന, ഒപ്പമാകുന്ന) നല്ല കുചങ്ങളുള്ളവരിൽ മണി (ഉത്തമ) ആയവൾ. ഉപമാനപൂർവ്വപദാനേകപദബഹുവ്രീഹിയിൽനിന്നു തത്പുരുഷൻ. റാണി=രാജ്ഞി എന്നു് ഹിന്ദുസ്ഥാനിതത്സമം, പര്യവസാനത്തിൽ സംസ്കൃതതത്ഭവമാകുന്നു. ഇപ്രകാരം ഏതുപ്രകാരമെന്നു് ഉത്തരാർദ്ധം വിവരിക്കുന്നു.

ഏവം നീതാനമൃതമധുരം ചൊല്ലവേ പല്ലവാംഗീ
സാ വന്നീടും കുതുകമൊടട്ടഹത്തെത്രയും ചിത്രമോടേ
ഭാവം നന്നായ് തെളിയുമളിവേണികളെ വേലായുധൻതാ-
നീവണ്ണം മേ ശുഭമരുളിയെന്നാർത്തിവിട്ടോർത്തിടും സാ. 49

വല്ലീജാനിപ്രിയ! വസുമതീനായികാം വല്ലഭാം മേ
ചൊല്ലീടേണം പുനരപി ഭവാനേവമുല്ലാസമോടേ.
വല്ലീചില്ലി! ത്വദ്ദയിതനവൻ വാണീടുന്നല്ലൽ പോക്കി
ത്വല്ലീലാനുസ്മരണമതിനാലിപ്പൊഴുല്ലാഘനായ് താൻ. 50

ശ്ലോകം 49. അമൃതമധുരം=സ്വാദുവിശേഷത്താലും, വിശേഷിച്ച് 'അഭീഷ്ടസിദ്ധിവന്നു' എന്നുള്ള പ്രതിപാദ്യത്താലും. ചിത്രമോടേ= ആശ്ചര്യത്തോടുകൂടെ; മയിൽ സംസാരിക്കുന്നതിനാലും നിരൂപിച്ചിരിക്കാതെ ലഭിച്ച പ്രിയാവൃത്താന്തശ്രവണത്താലും വിസ്മയം. വേലായുധൻ താൻ ഇത്യാദി=പകലേ ഉള്ളിൽ ചെന്നു സേവിച്ച സ്വാമിയുടെ പ്രസാദമാണിത് എന്നു നിശ്ചയിക്കും.

ശ്ലോകം 50. വല്ലീജാനിപ്രിയ!=വാഹനമാകയാൽ വേലായുധനു ഇഷ്ടനായുള്ളോവേ! ഇതിനാൽ ദൂതിനു സ്ഥാനവലിപ്പം സൂചിപ്പിക്കുന്നു. വസുമതീനായികാ=രാജ്ഞി. ഇതിനാൽ നീ വിനയത്തോടെ വേണം സംസാരിക്കാൻ എന്നു ധ്വനിക്കുന്നു. ഉല്ലാസമോടെ=പ്രസന്നമുഖനായിട്ട്. നിന്റെ മുഖഭാവംകൊണ്ടാണ് നീ വിശ്വസ്തനോ വഞ്ചകനോ എന്ന് രാജ്ഞി നിശ്ചയിക്കുന്നത്. ഉത്തരാർദ്ധം മയൂരവാക്യം. വല്ലീചില്ലി=വള്ളിപോലുള്ള ചില്ലിയുള്ളവളേ. ഈ സംബോധനത്താൽ സൌഭാഗ്യം വ്യഞ്ജിക്കുന്നു. ത്വദ്ദയിതൻ=നിന്റെ കാമുകൻ, സ്വാധീനനായ ഭർത്താവ് ആയ അവൻ. ത്വല്ലീലാനുസ്മരണമതിനാൽ അല്ലൽ പോക്കി=നിൻ വിലാസങ്ങളെ ഓർത്ത് രസിക്ക എന്നുള്ള വിനോദത്തോടുകൂടി. ഇതിനാൽ ത്വദേകപരായണനായ അവനിൽ നിനക്ക് അന്യഥാബുദ്ധിക്ക് ഒരിക്കലും അവകാശം വന്നിട്ടില്ലെന്ന് ആശ്വാസം തോന്നും. ഉല്ലാഘനായ് താൻ=ക്ഷേമത്തോടുകൂടി. വാണീടുന്നു വിരഹവ്യഥയെന്നിയെ അവനു മറ്റു ദേഹക്കേടൊന്നുമില്ല.

പങ്കം പോക്കും ഗുഹനുടെ പദം നിത്യമർച്ചിച്ചപാസ്താ-
തങ്കാം പാലിപ്പതിനു ഭവതീം പാരമർത്ഥിച്ചു ദേവം
തങ്കംപോലുള്ളൊരു തവ വപുസ്സെപ്പൊഴും ത്വൽപ്രിയൻ നി-
ശ്ശങ്കം പുൽകിസ്സുഖമനുഭവിക്കുന്നു സങ്കല്പശക്ത്യാ. 51

അച്ഛിന്നൌഘം നയനസലിലംകൊണ്ടനച്ഛാസ്യനായി-
പ്പൃച്ഛിക്കുന്നു കുശലമയി തേ കാമുകൻ കോമളാംഗി!
അച്ഛിദ്രാ നിൻതിരുവടിയിരിക്കേണമെന്നോർത്തു താനാ-
ണിച്ഛിച്ചീടുന്നിതവനരവിന്ദാക്ഷി! സർവോപരിഷ്ടാൽ. 52

തിണ്ടാടീടും പതഗമിതിനോടെന്റെ കാര്യം രഹസ്യം
മിണ്ടാനെന്തെൻപതി ബത! മതിന്നൊന്നു സന്ദേഹമേതും
ഉണ്ടാകേണ്ടാ തിരുമനസി ഞാൻ ശ്രീവിശാഖന്റെ പത്രം
വണ്ടാർവേണി! തവ ച നിതരാം നന്മയിൽ പ്രേമമില്ലേ? 53

ശ്ലോകം 51. പങ്കം=പാപം. അപാസ്താതങ്കാം=ഉപദ്രവങ്ങളെ ഒഴിച്ചു എന്നു് പാലിപ്പതിന്റെ വിശേഷണം. എപ്പോഴും നിശ്ശങ്കം പുൽകി=സങ്കല്പത്തിലെ ആലിംഗനാദികൾക്കു് സ്ഥലകാലനിയമം വേണ്ടല്ലോ. 'സംഗമവിരഹവികല്പേ വരമിഹ വിരഹോ ന സംഗമസ്തസ്യാഃ സംഗേ സൈവൈകൈവ തഥാ ത്രിഭുവനമപി തന്മയം വിരഹേ.'

ശ്ലോകം 52. അച്ഛിന്നൌഘം നയനസലിലംകൊണ്ടനച്ഛാസ്യനായി=ധാരമുറിയാതെ ഒലിക്കുന്ന കണ്ണീരാൽ കലുഷമുഖനായിട്ടു്; ആ കാമുകൻ നിനക്കു് കുശലം ചോദിക്കുന്നു. 'അയി കോമളാംഗി' എന്ന സംബോധനത്താൽ വിരഹക്ലേശാനർഹത ധ്വനിക്കുന്നു. ഈ സ്ഥിതിയിലിരിക്കുന്നവർക്കു് എങ്ങനെ കുശലം സംഭാവ്യമെന്നുള്ള ആധിയിലാണു് ചോദിക്കുമ്പോൾ അനവരതയായു് ബാഷ്പധാര പുറപ്പെടുന്നതു്. അച്ഛിദ്രം=അക്ഷതം, ആരോഗ്യത്തോടുകൂടെ. നിൻതിരുവടി=നിൻതൃപ്പാദം, നീ എന്നതിനുള്ള ആചാരമൊഴി. സർവോപരിഷ്ടാത്=എല്ലാററിനുമുപരി.

ശ്ലോകം 53. കുശലപ്രശ്നാനന്തരം താൻ വിശ്വസ്തനെന്നു സമർത്ഥിക്കാൻ ഉപദേശിക്കുന്നു. തിണ്ടാടീടും പതഗമിതിനോടു്=അങ്ങുമിങ്ങുമലഞ്ഞുനടക്കുന്ന പക്ഷിയോടു്. രഹസ്യം=ഗൂഢമായിട്ടു് ഗോപ്യ

താന്തൻ കാന്താവിരഹദഹനജ്വാലയാൽ ദഹ്യമാന-
സ്വാന്തൻ പൂന്തേൻമൊഴി! പിഴകളാൽവിപ്രതീസാരമ-
ശ്ശാന്തൻസന്ദേശവുമവശമായ് മൻമുഖേനത്വദീയൻ ഗ്ലാൻ
കാന്തൻ ചിന്താതരളനരുളിച്ചെയ്തിട്ടുണ്ടിപ്രകാരം. 54

ങ്ങളായ അഭിജ്ഞാനങ്ങളും മററും ഉപദേശിക്കേണ്ടിവരുമല്ലോ. തിരു മനസ്സിൽ സംശയം തോന്നേണ്ടാ എന്നു പറഞ്ഞതിനെ 'ശ്രീവിശാഖന്റെ പത്രം' ഇത്യാദിനാ സമർത്ഥിക്കുന്നു. ഒന്നാമതു്, ഞാൻ ശ്രീവിശാഖന്റെ=വേലായുധസ്വാമിയുടെ; പത്രം=വാഹനമാണു്. ഇതിനാൽ ഒരു രാജ്ഞിക്കു ദൂത്യം ചെയ്വാനർഹനെന്നു സിദ്ധിക്കുന്നു. രണ്ടാമതു്, അയി സുന്ദരി! നിനക്കും നന്മയിൽ പ്രേമം=നല്ല മയിലിന്റെ നേരെ പ്രേമം (സ്നേഹം) ഇല്ലയോ?മയൂരം നിന്റെ ഇഷ്ടനുമാണല്ലോ. വാസ്തവത്തിൽ മയൂരസ്നേഹമുണ്ടോ എന്നു ചോദിക്കുമ്പോൾ 'നന്മയിൽ' നല്ല വസ്തുവിൽ പ്രേമം എന്നു് അന്യഥാ പദച്ഛേദംചെയ്തിട്ടു് ശ്ലേഷംകൊണ്ടു് സമാധാനം. സഭംഗശ്ലേഷസങ്കീർണ്ണമായ കാവ്യലിംഗം അലങ്കാരം. ഇതിനുപുറമെ കവിസംഗമാനന്തരകൃതമായ ഈ സന്ദേശത്തിൽ ഒരു മയൂരത്തെ ദൂതനാക്കി കല്പിച്ചതിന്റെ താല്പര്യം വായനക്കാരെ അറിയിക്കുന്നതായും ഒരർത്ഥം വ്യാഖ്യാനിക്കാം; എന്തുകൊണ്ടെന്നാൽ "ഉണ്മയിൽ തന്നെ രാജ്ഞിക്കു നന്മയിൽ പ്രേമമൂലമായ്, ശ്രീവിശാഖന്റെ പത്രം താനീ വിശ്ലേഷാർത്തി തീർത്തുപോരു" ശ്രീവിശാഖന്റെ പത്രം=ശ്രീവിശാഖമഹാരാജാവിന്റെ തിരുവെഴുത്തു എന്നു ശ്ലേഷം.

ശ്ലോകം 54. താന്തൻ=ക്ഷീണൻ. കാന്താവിരഹദഹനജ്വാലയാൽ ദഹ്യമാനസ്വാന്തൻ=വിരഹാഗ്നിയാൽ കത്തിക്കാളുന്ന മനസ്സോടുകൂടിയവൻ. പിഴകളാൽ വിപ്രതീസാരമഗ്നൻ=താൻ ചെയ്ത തെററുകളെ ഓർത്തു് പശ്ചാത്താപത്തിൽ മുഴുകിയവൻ. ശാന്തൻ=ഗർവ്വമടങ്ങിയവൻ. അവശൻ. പരാധീനൻ. ചിന്താതരളൻ=മനോരാജ്യങ്ങളാൽ വ്യാകുലൻ. ഈവിധമൊക്കെയുമായിട്ടു് നിന്റെ കാന്തൻ സന്ദേശത്തെയും മന്മുഖേന=ഞാൻ മുഖാന്തിരം ഉപരി വിവരിക്കുംപ്രകാരം അരുളിച്ചെയ്യുന്നു. മേൽവരുന്ന ശ്ലോകങ്ങൾ നായകവാക്യമായിട്ടുതന്നെ മയൂരം പറയേണ്ടവയാകുന്നു.

മംഗല്യാംഗീമണിമകുടമേ! മൽപ്രിയേ! സാമ്പ്രതം നീ-
ന്നാംഗസ്പർശം മമ സുലഭമല്ലെങ്കിലും നിങ്കലേറ്റം
സംഗത്തോടെന്മനമതു ലയിക്കുന്നു ഹാർദ്ദത്തിനോർത്താൽ
ഭോഗത്തിന്നല്ലലകിൽ വിരഹം തുംഗതയ്ക്കേ നിമിത്തം 55

എന്നാലും ഞാനതിവിതതമാമാധിപാഥോധിപൂരേ
നന്നായിപ്പോം നളിനനയനേ! വീണിതാ കേണിടുന്നേൻ
ഇന്നാരോടെൻവ്യസനമറിയിക്കുന്നു ഞാൻ? നിന്നുപാന്തേ
വന്നാലല്ലാതൊരുസുഖമെനിക്കില്ല പൊയ്യല്ല തെല്ലും. 56

കുന്നിച്ചീടും കുളിർമതിരുചാ സുന്ദരേ മന്ദിരേ നാ-
മൊന്നിച്ചിന്ദീവരദളഗളഗ്രാഹിനേത്രേ! സുഖേന
ചെന്നിട്ടോരോകളികളിലെഴും കൌതുകത്തോടു വാണോ-
രന്നിക്കഷ്ടസ്ഥിതി വരുവതായോർത്തിരുന്നോ തരിമ്പും. 57

ശ്ലോകം 55 എന്റെ മനസ്സ് ഏറ്റം വർദ്ധിക്കുന്നതായ സംഗത്തോടുകൂടെ നിങ്കൽ ലയിക്കുന്നു. വിരഹം മനസ്സംഗത്തെ ബലപ്പെടുത്തുമെന്നു പ്രതിപാദിക്കുന്ന ഹാർദ്ദത്തിനോർത്താൽ ഇത്യാദി വാക്യം 'സ്നേഹത്തിനു വിരോധിയല്ല വിരഹം നേരോർക്കിൽ നേരേ മറിച്ചേറീടും പ്രിയമിച്ഛപോലനുഭവിക്കാത്തപ്പൊഴിഷ്ടങ്ങളിൽ" എന്ന മേഘസന്ദേശശ്ലോകത്താൽ വ്യാഖ്യാതമായി.

ശ്ലോകം 56. എന്നാലും യുക്തികൊണ്ട് അടുത്ത ശ്ലോകത്തിൽ വിവരിച്ച വിധത്തിൽ സ്ഥാപിക്കാമെങ്കിലും; അതിവിതതമാമാധിപാഥോധിപൂരേ=ഏറ്റം വിശാലമായ ആധിയാകുന്ന ആഴിയിൽ. ഇന്നാരോടെൻ വ്യസനമറിയിക്കുന്നു ഞാൻ?=ആരോടു ഞാൻ ആവലാധി പറയേണ്ടു; ആവലാധി കേൾക്കേണ്ടവർ കേൾക്കാത്ത സ്ഥിതിക്ക് സംഗമം എങ്ങനെ സാധിക്കും? വിരഹശാന്തി വരായ്കെ സുഖവും ദുർല്ലഭമാകുന്നു.

ശ്ലോകം 57. ഇന്ദീവരദളഗളഗ്രാഹിനേത്രേ!=കരിങ്കുവളപ്പൂവിന്റെ ഇതളിന്റെ കഴുത്തിനു പിടിച്ചു തള്ളുന്ന കണ്ണുള്ളവളേ! തത്തുല്യനേത്രേ. വാണോരന്നു=വാണകാലത്തിൽ. തരിമ്പും=ലേശംപോലും, അപ്രതീക്ഷിതമായ് വന്നതാകയാൽ ഈ വിരഹം അതിദുസ്സഹമെന്നു ഭാവം.

ആപത്തേവം ബത വരുവതിന്നായതിക്ഷീമണേ! മൽ-
പാപത്തെത്താൻ പ്രബലതരമാം ഹേതുവായോർത്തിടുന്നേൻ
സ്വാപത്തെയും സുമുഖി! ശയനത്തെയുമുജ്ഝിച്ചു പശ്ചാ-
ത്താപത്തെ ഞാൻ പരമനുഭവിക്കുന്നു തന്മൂലമിപ്പോൾ. 58

ഗാഢപ്രേമപ്രഗുണകരുണം രൂഢവാത്സല്യമെന്നോ-
ട്ടൂഢസ്ഥേമസ്ഫുടബഹുമതിത്വം സദാ വാണിടുമ്പോൾ
മൂഢത്വത്താൽ പല പിഴകൾ ഞാൻ ചെയ്തുപോ-
[യുള്ളതെല്ലാം
പ്രൗഢസ്ത്രീകൾക്കണിതിലകമേ! നീ പൊറുത്തീടവേണം
59

നിഷ്കാരുണ്യം നരപരിവൃഢൻ തന്വി! തേ സന്നിധേർമ്മാം
നിഷ്കാസിച്ചിട്ടതികഠിനമായ് ചെയ്ത നിർബന്ധമെല്ലാം
നിഷ്കാലുഷ്യേ! ധൃതിയൊടു തടുത്തോരു നിന്നോടു തുല്യം
നിഷ്കാപട്യം പതിഹിതകരീ നാരിയിപ്പാരിലുണ്ടോ? 60

ശ്ലോകം 58. തന്മൂലം=പാപമൂലം. വിരഹഹേതുഭൂതമായ ആ പാപത്തിന് ഇടകൊടുത്തല്ലോ എന്ന പശ്ചാത്താപം. അന്ന് നിന്നോടു രമിച്ചു സ്വാപത്തേയും (ഉറക്കത്തേയും) അശനത്തേയും അനുഭവിച്ചിരുന്ന സ്ഥാനത്ത് ഇന്ന പശ്ചാത്താപത്തെ ആണ് അനുഭവിക്കുന്നതു് എന്ന ഭാവം.

ശ്ലോകം 59. അന്ന വിരഹം അസംഭാവ്യമെന്നുള്ള മദത്താൽ ഹിതാനുവൃത്തിനിയായ നിന്നിലും പ്രണയാപരാധങ്ങൾ ചെയ്തുപോയിട്ടുള്ളവയെ ക്ഷമിക്കേണമെന്നു പ്രാർത്ഥിക്കുന്നു. ഗാഢപ്രേമം=അചഞ്ചലമായ അനുരാഗത്തോടുകൂടെ; പ്രഗുണകരുണം=സാമാന്യത്തിലിരട്ടി ദയയോടേ; രൂഢവാത്സല്യം=വേരുറച്ച വാത്സല്യത്തോട്; ഊഢസ്ഥേമാവായും (അത്യന്തം സ്ഥിരമായും) സ്ഫുടമായും ഇരിക്കുന്ന ബഹുമതിയോടെ.

ശ്ലോകം 60. രാജാവ് ദയയെന്നിയെ എന്നെ നിന്റെടുക്കൽ നിന്നു ബഹിഷ്കരിച്ചിട്ട് അന്യപുരുഷനെ സ്വീകരിക്കണമെന്ന് അതി

നാമീവണ്ണം വ്യഥയനുഭവിക്കുന്നതിന്നിന്നു ദൈവം
വാമീഭൂതം വരതനു! വരുത്തിച്ചതാമീവിയോഗം
ഭൈമീസീതാപ്രഭൃതിസതികൾക്കുള്ള സൽകീർത്തിയി-
[പ്പോൾ
ഭൂമീനാഥേ! തവ സുലഭയായീടുവാൻ ഹേതുവായി. 61

പാതിവ്രത്യം പരമയി പത്മാക്ഷി!യീ നാട്ടിലേ സ്ത്രീ-
ജാതിക്കില്ലെന്നൊരു പഴി ചിരാജ്ജാതമായുള്ളതിപ്പോൾ
നീതിജ്ഞേ! ലോകം നിജനടപടിച്ചെയ്തിയാൽ നീക്കിനീ താൻ
ഖ്യാതിയ്ക്കേറ്റം മതി മതി! മഹാരാജ്ഞി! പാത്രീഭവിക്കും
62

കഠിനമായി ചെയ്ത നിർബന്ധത്തെ എല്ലാം ധൈര്യത്തോടുകൂടി തടുത്തുനിൽക്കുന്ന നിനക്കു് ഒപ്പം നിഷ്കപടമായി ഭർത്തൃഹിതം ചെയ്യുന്നവർ ഇന്നു ദുർല്ലഭംതന്നെ. നിത്യതുഷ്ടേ!=സർവ്വദാ എന്നിൽ പ്രസന്നയായുള്ളോവേ! എന്നു സംബോധനം. പൂർവ്വശ്ലോകത്തിൽ പറഞ്ഞ അപരാധങ്ങളെ നീ ഗണിച്ചില്ലെന്നു് ഇതിനാൽ പ്രതിപാദിക്കുന്നു.

ശ്ലോകം 61. ഉർവ്വശീശാപമുപകാരമെന്ന മട്ടിൽ വിഷമാലങ്കാരരീത്യാ ഒരുവിധം സമാധാനപ്പെടുന്നു. നാം ഈവിധം കഷ്ടപ്പെടണമെന്നു നിശ്ചയിച്ച പ്രതികൂലമായ ദൈവം സംഗതി വരുത്തിയ ഈ വിരഹം നിനക്കു് ദമയന്ത്യാദികളെപ്പോലെ പാതിവ്രത്യകീർത്തിക്കു ഹേതുവായിത്തീർന്നു. സീത, ദമയന്തി മുതലായ രാജ്ഞികൾ വളരെക്കാലം വിരഹദുഃഖം സഹിച്ചവരല്ലോ. ഇതേവരെ നിനക്കു സൗന്ദര്യാദിഗുണങ്ങളാൽ മാത്രമേ സീതാദിസാമ്യമുണ്ടായിരുന്നുള്ളു. ഇപ്പോൾ പാതിവ്രത്യനിഷ്ഠയിലും അതു സിദ്ധിച്ചുവെന്നു നിനക്കു് ഇതിലും ഒരു ലാഭംതന്നേ എന്നു പറയാം. അതിന്നാൽ ദൈവപ്രാതികൂല്യമെന്നിലാണു് അധികം ഫലിച്ചതെന്നു വ്യഞ്ജിക്കുന്നു.

ശ്ലോകം 62. പാതിവ്രത്യംപരം=പാതിവ്രത്യം മാത്രം; ഈ നാട്ടിലെ സ്ത്രീജാതിക്കു്=മരുമക്കത്തായമനുഷ്ഠിക്കുന്ന കേരളസ്ത്രീകൾക്കു്; മതിമതി=ബുദ്ധിമതി എന്നു സംബുദ്ധി.

ഭീത്യാ മുക്തം പരജനിതയാ പാരിടം പാലയന്തീ
നിത്യാവിക്ടോറിയ നിരുപമശ്രീമതീ ശീമറാണി
പ്രീത്യാ നൽകും ബഹുമതി മഹാലോകരെല്ലാം പുകഴ്ത്തും-
രീത്യാ സാധ്വീത്യസദൃശയശോലാഭവത്യൈ ഭവത്യൈ 63

ഏവഞ്ചിന്തിച്ചൊരുവിധമൊരാശ്വാസമുണ്ടാക്കിയാലും
ഹേ വഞ്ചിക്ഷ്മാവലരിപുകളത്തിന്നൊരുത്തംസമുത്തേ!
ഹാ വഞ്ചിച്ചിക്കരിമുകിൽനിരക്കുന്നകാലം ശുചാന്ധീ-
ഭാവഞ്ചിത്തേ ഭൃശമരുളിടുന്നുണ്ടു മേ കൊണ്ടൽവേണി! 64

ശ്ലോകം 63. ബഹുമതി നൽകും=ബഹുമാനം തരും എന്ന പൂർണ്ണക്രിയ. 'സി. ഐ.' എന്ന ബിരുദ് രാജ്ഞിക്കു് ഉടൻതന്നെ ലഭിച്ചല്ലോ. സാധ്വീത്യസദൃശയശോലാഭവത്യൈ ഭവത്യൈ=പതിവ്രതയെന്നു് അനന്യസാധാരണകീർത്തി ലഭിച്ചവളായ നിനക്കു്.

ശ്ലോകം 64. ഏവം=അടുത്തു കഴിഞ്ഞ മൂന്നു ശ്ലോകങ്ങളാൽ വിവരിച്ചപ്രകാരം; ഉണ്ടാക്കിയാലും=നിർമ്മിക്കാമെങ്കിലും; ഇക്കരിമുകിൽ നിരക്കുന്ന കാലം=വർഷത്തു; വഞ്ചിച്ചു ധൈര്യം അപഹരിച്ചിട്ടു്=എങ്ങനെയെന്നു അറികവഹിയാത്തവിധത്തിൽ; മേ ചിത്തേ=എന്റെ മനസ്സിൽ; ഭൃശം=ഏറ്റം; ശുചാന്ധീഭാവത്തെ=ദുഃഖജന്യമായ വ്യാമോഹത്തെ; അരുളിടുന്നുണ്ടു്=ഇക്ഷണത്തിലും ചെയ്തുകൊണ്ടുതന്നെയിരിക്കുന്നു. ഹാ, എന്നു ശോകത്തിൽ. വഞ്ചിക്ഷ്മാവലരിപുകളത്തിനൊരുത്തംസമുത്തേ!=വഞ്ചിരാജവംശമൌലീരത്നമേ എ ം, കൊണ്ടൽവേണി! മേഘതുല്യകേശി! എന്നും സാഭിപ്രായസംബോധനങ്ങൾ. യദാപാ='ഉണ്ടാക്കിയാലും' എന്നു നിയോജകപ്രകാരത്തിലെ=മധ്യമപുരുഷൈകവചനം; ഇത്തരമൊക്കെയും വിചാരിച്ചു് നീ സമാധാനപ്പെട്ടു എന്നു് നായികയെ ആശ്വസിപ്പിച്ചിട്ടു് "ഹാ വഞ്ചിച്ചു" ഇത്യാദ്യുത്തരാർദ്ധത്താൽ തനിക്കോ പിന്നെ സമാധാനം ഒന്നുമില്ലെന്നു മാത്രമല്ലാ പ്രത്യുത, കൊണ്ടൽവേണിയായ നിന്റെ സ്മരണത്തിനു പ്രതിക്ഷണം അവസരം കൊടുക്കുന്ന ഈ വർഷത്തുവാകുന്ന വിഭാവത്താൽ ഉദ്ദീപിതമായ വിരഹമഹാമോഹത്തിൽ ഞാൻ മുഴുകിപ്പോകുന്നുവെന്നു പിന്നെയും വിലപിക്കുന്നു എന്നു വ്യാഖ്യാനിക്കാം.

ഓർത്തീടുന്നേനുടലിനെയുമക്കേശപാശത്തിനേയും
പാർത്തീടുമ്പോൾ പടുതടിത്തമീക്കാളമേഘാളിയേയും
ചേർത്തീടുന്നൂ രണരണികയെച്ചേതസി സ്ഫീതയാക്കി
ആർത്തീടുന്നൂ വിരഹരുജയേക്കഷ്ടമീ വൃഷ്ടികാലം. 65

ഓമൽപ്പിച്ചിച്ചെടിലത മരുല്ലോളിതാ വർഷബിന്ദു-
സ്തോമക്ലിന്നാ പുതുമലർ പതുക്കെസ്ഫുടിപ്പിച്ചിടുമ്പോൾ
പ്രേമക്രോധക്ഷുഭിത ഭവതീ ബാഷ്പധാരാവിലാംഗീ
ശ്രീമന്മന്ദസ്മിതസുമുഖിയാകുന്നതോർമ്മിച്ചിടുന്നേൻ. 66

ശ്ലോകം 65. വർഷകാലത്തിന്റെ ഉദ്ദീപനതയെത്തന്നെ രണ്ടു ശ്ലോകംകൊണ്ടു വർണ്ണിക്കുന്നു. പടുതടിത്=ചൊടിയുള്ള മിന്നൽപിണരിനെ; പാർക്കുമ്പോൾ ഉടലിനേയും, കാളമേഘാളിയെ പാർക്കുമ്പോൾ കേശപാശത്തേയും ഓർക്കുന്നേൻ എന്നു് യഥാസംഖ്യം അന്വയം. ഈ വൃഷ്ടികാലം ചേതസ്സിൽ രണരണികയെ=ഉൽക്കണ്ഠയെ, ചേർക്കയും വിരഹവേദനയെ സ്ഫീത (പ്രവൃദ്ധ)യാക്കിച്ചെയ്യുകയും ചെയ്യുന്നു. പൂർവ്വാർദ്ധത്തിൽ സ്മൃതിമദലങ്കാരം; ഉത്തരാർദ്ധത്തിൽ സമുച്ചയാലങ്കാരം; രണ്ടിനും കൂടി സംസൃഷ്ടി.

ശ്ലോകം 66. ഓമൽപ്പിച്ചിച്ചെടിലത=ഇളം പിച്ചിവള്ളി; നായികാസ്ഥാനീയാ. മരുല്ലോളിത=കാറ്റടിച്ചിളക്കപ്പെട്ടതു്, (ആയിട്ടു്;) ഇതു് പ്രണയകലഹകൃതമായ ക്ഷോഭത്തിന്റെ സ്ഥാനം വഹിക്കുന്നു; വർഷബിന്ദുസ്തോമക്ലിന്നാ=മഴവെള്ളത്താൽ നനഞ്ഞതു (ആയിട്ടു്) ഇതു് 'ബാഷ്പധാരാവിലാംഗീ' എന്നതിനു് എതിരാകുന്നു. പുതുമലർ=പുത്തൻപൂക്കളെ; അനംഗവികാസത്തെ ഉദ്ദേശിച്ചു് ആണു് 'മലർ' എന്നു പ്രയോഗിച്ചതു്. പതുക്കെ=ക്രമേണ; സ്ഫുടിപ്പിച്ചിടുമ്പോൾ=വിരിയിക്കുമ്പോൾ; ഇതു് മന്ദസ്മിതോൽഭേദത്തിന്റെ പ്രതിബിംബം. പൂർവ്വവൽസ്മൃതിമദലങ്കാരം.

പ്രാണേശിത്രീ! പ്രണയമസൃണേ! വല്ല ജോലിക്കുമായ്
വാണേനൊന്നാലൊരു പകലകന്നല്പദൂരേപ്യഗാരേ [ഞാൻ
കേണേറെറാം നീ വലയുവതു ഞാൻ കേൾപ്പതുണ്ടെന്നതിന്നാ-
ലാണേ ചേതസ്സതിചകിതമാകുന്നതേണാക്ഷിണേ! മേ. 67

ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ! കമപി നിഹനിച്ചീടിനേൻ നീഡജന്തം
മാലാർന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേതും
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ? 68

ഈലോകത്തിൽ സുഖമസുഖവും മിശ്രമായ്ത്താനിരിക്കും
മാലോകർക്കും മതിമുഖി! വരാറില്ലയോ മാലനേകം?
ആലോചിച്ചീവിധമവിധവേ! ചിത്തമാശ്വസ്തമാക്കി-
ക്കാലോപേതം കദനമതിനിക്കാണിക്കൂടി ക്ഷമിക്ക. 69

ശ്ലോകം 67. ഇനി വിരഹാസഹത നിനക്കും തുല്യമെന്നു പറയുന്നു. പ്രാണേശിത്രീ!=പ്രാണനാഥേ; പ്രണയമസൃണേ! സ്നേഹം കൊണ്ടു് ആർദ്രഹൃദയേ! അഗാരേ=വാസഗൃഹത്തിൽ. ക്ഷണികവിരഹംപോലും പ്രണയചാപല്യത്താൽ സഹിക്കാത്തവരം ഈ ദീർഘപ്രവാസത്തെ എങ്ങനെ പൊറുക്കുമെന്നാണു് എനിക്കു ഭയമെന്നു ഭാവം.

ശ്ലോകം 68. അനന്തരം ദൂതപ്രത്യയത്തിനായ് ഒരു അഭിജ്ഞാനം (അടയാളവാക്കു) കൂടെ പറയുന്നു. ഒരിക്കൽ ഞാൻ തോട്ടത്തിൽ പക്ഷിവേട്ട ചെയ്യുമ്പോൾ ഒരു ആൺപക്ഷിയെ വെടിവെച്ചു കൊന്നു. അപ്പോൾ, അതിന്റെ ഇണയായ പേട അടുത്തിരുന്നു വ്യസനിക്കുന്നതു കണ്ടു കനിഞ്ഞു് നീ അതിനെക്കൂടി യമലോകത്തെ പ്രാപിപ്പിക്കാൻ എന്നോടു പറയുകയുണ്ടായില്ലയോ? ഇതിനാൽ വിരഹഭീതി നിനക്കു് എത്രത്തോളമുണ്ടെന്നു് എനിക്കു നല്ലവണ്ണം അറിയാമെന്നു താല്പര്യം.

ശ്ലോകം 69. പിന്നെയും സമാധാനപ്പെടുത്താനായി പറയുന്നു. മിശ്രമായ്ത്താനിരിക്കും=ഇടകലർന്നേ ഇരിക്കൂ; അവിധവേ!=സുമംഗലീ! ജീവനായ ഭർത്താവിനോടു് പതിവ്രതയ്ക്കു് എത്ര കാലത്തേക്കിലും

ധീരത്വത്താലനതിശയിതേ! പൂരുഷന്മാരുമന്ത-
സ്സാരത്താൽ നിൻസദൃശത കലർന്നേറെയിപ്പാരിലില്ല
ന്നേരത്രേ ഞാൻ നിരുപമഗുണേ! നിന്റെ ധൈര്യത്തെ- [യാണി-
ന്നേരത്തോർക്കുന്നതു ദൃഢതരാലംബമായംബുജാക്ഷി! 70

ലോകത്രാണോദ്യതനവിരതം സേവയാലാവയോര-
സ്തോകപ്രീതാശയനുദയദർക്കാഭനാം ശ്രീവിശാഖൻ
കോകദ്വന്ദ്വത്തൊടു സദൃശമായ് സന്തപിക്കാ നമുക്കി-
ശ്ശോകത്തെത്തീർത്തരുളുമുടനേ മംഗളം ഭംഗമെന്യേ. 71

യോഗം വരാതെയിരിപ്പാൻ പാടില്ലെന്നു താല്പര്യം. കദനം=ദുഃഖം; കാന്ത്=ക്ഷണനേരം; നാം ചെയ്യുന്ന സൽക്കർമ്മങ്ങൾ അചിരേണ ഫലിക്കാതിരിക്കയില്ലെന്നു ഹൃദയം. "ഏതി ജീവന്തമാനന്ദോ നരം വർഷശതാദപി".

ശ്ലോകം 70. എന്നാൽ വേദാന്തവേദ്യമായ ഈ തത്വത്തെയും ഒരു സ്ത്രീക്കു വരാവുന്നതാണോ എന്ന ആശങ്കയെ പരിഹരിക്കുന്നു. ഹേ സർവ്വോൽകൃഷ്ടധൈര്യശാലിനി=പുരുഷന്മാരിലും നിന്നെപ്പോലെ അന്തസ്സാരമുള്ളവർ ചുരുക്കം. എനിക്കുകൂടിയും നിന്റെ ധൈര്യമാണ് ഈ കഷ്ടപ്പാടിൽ മുഖ്യമായ ഒരു അവലംബം. ഭാവം സ്പഷ്ടം. 'നിരുപമഗുണേ', 'അംബുജാക്ഷി' എന്ന സംബോധനങ്ങൾ പ്രണയചാപല്യത്തെ ദ്യോതിപ്പിക്കുന്നു. ഈ സന്ദേശവാചകത്തിൽ സർവ്വത്ര സംബോധനാപ്രാചുര്യം കാണുന്നതിനു ഇങ്ങനെ ഉപപത്തി ആലോചിച്ചുകൊള്ളേണ്ടതാകുന്നു.

ശ്ലോകം 71. ഈശ്വരപ്രസാദത്താൽ ശുഭം തന്നെ വരുമെന്നുപസംഹരിക്കുന്നു. അവിരതം=എന്നും; ലോകത്രാണോദ്യതൻ=ലോകരക്ഷാദീക്ഷിതൻ; സേവയാ=ആശ്രയം ഹേതുവായിട്ടു; ആവയോഃ=നമ്മളിൽ; അസ്തോകപ്രീതാശയൻ=അനല്പപ്രസാദമുള്ളവൻ. ഉദയദർക്കാഭൻ=നിറംകൊണ്ടു ബാലാർക്കതുല്യൻ; രാജപക്ഷത്തിൽ അഭ്യുദയോന്മുഖതയാൽ ബാലാർക്കസാമ്യം. ഈദൃശനായ ശ്രീവിശാഖൻ=വേലായുധസ്വാമി; തൽക്കാലം യുവരാജാവായ വിശാഖമഹാരാജാവെന്നും. ശേഷം സ്പഷ്ടം.

ഇത്യേവം മദ്വചനമുരചെയ്താശ്വസിപ്പിച്ചു സാധ്വീം
സത്യേ വർത്തിച്ചിട്ടമബലമാർമൌലിയാം വല്ലഭാം മേ
പ്രത്യേകം തൽകുശലവുമറിഞ്ഞെത്തിയെന്നോടു ചൊല്ലി-
കൃത്യേ നിത്യേ കൃതമുഖി! സമുദ്യച്ഛ നീയിച്ഛപോലെ

മുട്ടാതെല്ലാം നിയതി മുറപോൽ ചെയ്തിടുമ്പോൾ തടസ്ഥാ-
ത്തട്ടാതാവാമവിരഹിതരാം ദമ്പതീ നീലകണ്ഠ!
കൊട്ടാരത്തിൽ കൊടിയപടമായോരു സർവ്വാധികാരം
കിട്ടാനങ്ങാം തരമഥ തവ ശ്രീവിശാഖപ്രസാദാൽ. 73

മയൂരസന്ദേശമണിപ്രവാളവും
മടിച്ചിടാതിങ്ങു ചമച്ചു ഞാനിതു;
മഹാജനങ്ങൾക്കു രസിക്കുമെങ്കിലീ
മമ ശ്രമം നിഷ്ഫലമല്ല കേവലം.

[ഉത്തരഭാഗം സമാപ്തം]

ശുഭമസ്തു.

ശ്ലോകം 72. നിത്യേ കൃത്യേ=പതിവായുള്ള സ്വന്ത ജോലിയിൽ; നീ ഇച്ഛപോലെ സമുദ്യച്ഛ=ഉദ്യോഗിച്ചാലും. കൃതമുഖി=സമർത്ഥ എന്ന സംബോധനം.

ശ്ലോകം 73. നിയതി=ഈശ്വരൻ; മുട്ടാതെല്ലാകാര്യവും മുറപ്പെടുത്തുമ്പോൾ ഒരു തടസ്ഥവും കൂടാതെ; ദമ്പതീ ആവാം=ദമ്പതികളായ ഞങ്ങൾ; അവിരഹിതരാം=വിരഹം തീർന്ന തങ്ങളിൽ ചേരും; അഹ, നീലകണ്ഠ! ഞങ്ങൾക്ക് ഈ ഉപകാരം ചെയ്യുന്ന മയൂരമേ! തവ=നിനക്ക്; ശ്രീവിശാഖപ്രസാദാൽ=സ്വാമിയുടെ പ്രസാദത്താൽ.

കൊട്ടാരത്തിൽ=സ്വാമിയുടെ സന്നിധാനത്തിൽ; കൊടിയപദമായൊരു—ഉൽകൃഷ്ടസ്ഥാനമായ. സർവ്വാധികാരം=പരിവാരങ്ങളുടെ മേലധികാരം, കിട്ടാൻ തരമുണ്ടു്. ഭക്തന്മാരായ ഞങ്ങൾക്കുപകാരം ചെയ്കയാൽ സ്വാമി പ്രസാദിച്ചു് ഞങ്ങളുടെ പ്രാർത്ഥന സാധിപ്പിച്ചാൽ ഉടൻ നിനക്കും ഒരു വിശേഷസംഭാവന ചെയ്യാതിരിക്കയില്ലെന്നു ഭാവം. ഇതിനാൽ മയിലിനും പ്രത്യുപകാരം ലഭിക്കുമെന്നു സിദ്ധിച്ചു. ശ്ലേഷത്താൽ നീലകണ്ഠപ്പിള്ളയ്ക്കു വിശാഖമഹാരാജാവു്. കൊട്ടാരത്തിൽ സർവ്വാധികാര്യക്കാർ എന്ന ഉദ്യോഗം കൊടുക്കുമെന്നും അർത്ഥം. വിശാഖമഹാരാജാവിനു രാജ്യഭാരം ലഭിച്ച ഉടനാണു് ഈ ദമ്പതിമാർക്കു് സംഗമവും, നീലകണ്ഠപ്പിള്ളയ്ക്കു് സർവ്വാധികാരവും ലഭിച്ചതു്. വിരഹശാന്തിക്കു ഹേതുവായിത്തീർന്നതു് ശ്രീ വിശാഖപ്രസാദമാകയാൽ ആ ശബ്ദത്തെ ഗ്രന്ഥാന്തത്തിൽ പ്രയോഗിച്ചതു് അത്യന്തം ഉചിതമായി; ശ്രീശബ്ദംകൊണ്ടു് മംഗലവുമായി.

മയൂരസന്ദേശവ്യാഖ്യാനമായ മർമ്മപ്രകാശത്തിൽ

ഉത്തരഭാഗം സമാപ്തം.

ശുഭം.

ഞങ്ങളുടെ ചില പുസ്തകങ്ങൾ

	രൂ.	ണ.		രൂ.	ണ.
വേലുത്തമ്പിദളവാ	4	0	പാക്കനാർ	1	4
മാർത്താണ്ഡവർമ്മ	2	0	രാജാരവിവർമ്മ	4	0
ധർമ്മരാജാ	4	0	ഇത്തിക്കണ്ണികൾ	1	0
മാർത്താണ്ഡവർമ്മ in English	5	0	തത്വകഥാമാലിക	0	8
			സരോജിനി	0	12
മാർത്താണ്ഡവർമ്മ in Tamil	3	0	കഥാസൗരഭം	1	0
			കഥാരത്നമാല	1	0
			നർത്തകി	0	8
അന്യാപദേശശതകം	1	4	വിരഹതാപം	2	0
മയൂരസന്ദേശം	0	12	മോപ്പസങ്ങിന്റെ ചെറുകഥകൾ	1	8
ശുകസന്ദേശം	3	8			
മേഘദൂത്	1	4	പ്രേതങ്ങൾ	1	8
കാദംബരീകഥാസാരം	1	4	ധൂമകേതുവിന്റെ ഉദയം	1	8
ഭാഷാരഘുവംശം	1	8	കേരളപുത്രൻ	2	0
നല്ലഭാഷാകാവ്യങ്ങൾ	1	0	സർവസാക്ഷി	1	8

ഇവ കൂടാതെ മററു പുസ്തകങ്ങൾക്കു വിപുലമായ പുസ്തകവിവരപ്പട്ടികയ്ക്കു ആവശ്യപ്പെടുക.

കമലാലയാ ബുക്ക് ഡിപ്പോ

തിരുവനന്തപുരം-1